Reg: No. M. 2689.
T. 32.

License No: 427
Dated 14—8—1943.

# മലയാളരാജ്യം

പുസ്തകം ൧൯ | പേജ് ൧൨

കൊല്ലം ൧൯൪൭ മാർച്ച് ൧൦-ാം
൧൧൨൨ മീനം ൨൭-ാംനു- തിങ്കളാഴ്ച

ലക്കം ൨൪൨ | ഒററപ്രതി ൨ അണ.

# സുചേതാകൃപലാനി

ആർ. കൃഷ്ണമൂർത്തി

ഭാരതസ്ത്രീകൾക്ക് പരമ്പരാസിദ്ധമായ പതിഭക്തിയും ദീനാനുകമ്പയും സമസൃഷ്ടിസ്നേഹവും സുചേതാകൃപലാനിയിൽ സ്പഷ്ടമായി പ്രതിഫലിക്കുന്നു. വിപുലമായ പാണ്ഡിത്യം, നിസ്സ്വാർത്ഥത, അനാഡംബരത്വം, വിനയം, ദൈവഭക്തി, എല്ലാത്തിലുമുപരിയായി കത്തിജ്ജ്വലിക്കുന്ന രാഷ്ട്രീയബോധം എന്നിവയുടെ ഒരു സമാഹാരമാണ് ശ്രീമതി സുചേതാ.

ആഡംബരത്വവും, അധികാരശക്തിയും നിറഞ്ഞ പ്രഭുത്വത്തെക്കാൾ അനാഡംബരത്വവും, ത്യാഗവീര്യവും തികഞ്ഞ ഒരു ദേശാഭിമാനിയുടെ നിഷ്കളങ്കഹൃദയമത്രേ അവരെ വശീകരിച്ചത്!

ഗാന്ധിജിയിൽ പരിപൂർണ്ണമായി വിശ്വസിക്കുകയും, അദ്ദേഹത്തെ ഗുരുസമാനം പൂജിക്കുകയും, ദൈവസമാനം ആരാധിക്കുകയും, അദ്ദേഹത്തിന്റെ പരിപാടിയെ അനുസരിക്കുകയും നിർദ്ദേശങ്ങളെ പ്രവൃത്തിമാർഗ്ഗത്തിൽ കൊണ്ടുവരികയും ചെയ്യുന്നവരിൽ പ്രഥമഗണനീയൻ ആചാര്യകൃപലാനിയാണ്.

പ്രശസ്തമായ വിധത്തിൽ സർവ്വകലാശാലാവിദ്യാഭ്യാസം പൂർത്തിയാക്കി, ആദർശശുദ്ധിയോടുകൂടി കാളേജ് പ്രൊഫസരുദ്യോഗം നിർവ്വഹിച്ചുകൊണ്ടിരിക്കുകയായിരുന്നു, അദ്ദേഹം. തീക്ഷ്ണമായ സ്വരാജ്യസ്നേഹം അദ്ദേഹത്തെ ഉദ്ബുദ്ധനാക്കി. ഗാന്ധിജിയിലുള്ള പരിപൂർണ്ണവിശ്വാസം നിമിത്തം അദ്ദേഹത്തിന്റെ പരിപാടിയെ സ്വീകരിച്ചു. രാഷ്ട്രീയനേതാക്കന്മാർക്ക് സാധാരണമായ വിവിധക്ലേശങ്ങളും ജയിൽവാസങ്ങളും പലപ്രാവശ്യവും അദ്ദേഹമനുഭവിച്ചു. 1934-ൽ ഇൻഡ്യൻനാഷനൽ കാൺഗ്രസ്സിന്റെ ജനറൽസെക്രട്ടറിയായി അദ്ദേഹം തിരഞ്ഞെടുക്കപ്പെട്ടു.

അലഹബാദിലെ സ്വരാജ്യഭവനത്തിലാണ് അദ്ദേഹത്തിന്റെ വാസം. അനാഡംബരനായ അദ്ദേഹത്തിന് ജീവിതത്തിൽ ഒരൊററ ആഗ്രഹം മാത്രമേയുള്ളൂ. മാതൃഭൂമിയുടെ അടിമത്തച്ചങ്ങലയെ പൊട്ടിച്ചെറിയുക. അഹിംസകൊണ്ടതു സാധിക്കുമെന്നദ്ദേഹം വിശ്വസിക്കുന്നു. പ്രസംഗിക്കുന്നതിനെക്കാൾ പ്രവർത്തിക്കുന്നതാണദ്ദേഹത്തിന്നിഷ്ടം. ഖാദിയും ചക്രവും ഇൻഡ്യയിലെ അനേകലക്ഷം പട്ടിണിപ്പാവങ്ങളുടെ ഉദ്ധാരണത്തിന് തീർച്ചയായും സഹായിക്കുമെന്നദ്ദേഹം വിശ്വസിക്കുന്നു. സത്യദീപമാണദ്ദേഹത്തിന് മാർഗ്ഗനിർദ്ദേശം ചെയ്യുന്നത്.

1936 വരെ അദ്ദേഹത്തിന് പ്രേമപൂർവം ശുശ്രൂഷിക്കാൻ ഒരു പത്നിയുണ്ടായിരുന്നില്ല. സ്വയം പാകം ചെയ്ത് ഭക്ഷിക്കുന്നതിലും, ഗൃഹം വൃത്തിയായി സൂക്ഷിക്കുന്നതിലും, ആരുടെയും സഹായം അദ്ദേഹം ആവശ്യപ്പെട്ടിരുന്നില്ല. സർവ്വവും ത്യജിച്ച ആ ത്യാഗിവര്യൻ ഒരു ഭാര്യ ആവശ്യമുണ്ടെന്ന് വിചാരിച്ചിരുന്നില്ല. എന്നല്ല, അപ്രകാരമൊന്നുണ്ടായിരിക്കുന്നത് തന്റെ പ്രവൃത്തിക്ക് തടസ്സമായേക്കുമെന്നും അദ്ദേഹം വിശ്വസിച്ചിരുന്നു.

1936-ൽ കാശി സർവ്വകലാശാലയിൽ ഒരു പ്രസംഗം ചെയ്യാനായി അദ്ദേഹം ക്ഷണിക്കപ്പെട്ടു. അദ്ദേഹം അതിന് സമ്മതിക്കുകയും ചെയ്തു. പ്രസംഗദിവസം റെയിൽവേസ്റ്റേഷനിൽ വിവിധസംഘടനകൾ അനേകം ഹാരങ്ങളുമായി അദ്ദേഹത്തെ എതിരേൽക്കാൻ ഹാജരായിരുന്നു.

തീവണ്ടി വന്നു നിന്നു. ഹാരങ്ങൾ സ്വീകരിക്കാൻ തലയുംനീട്ടിക്കൊണ്ടല്ല അദ്ദേഹം വെളിയിലിറങ്ങിയത്. ഒരു കെട്ട് ഖാദിയും തോളിലെടുത്തുകൊണ്ട് "ഖാദി വാങ്ങുവിൻ ഖാദി" എന്ന് വിളിച്ചുപറഞ്ഞുകൊണ്ടാണത്രേ!

പ്രസംഗം ആരംഭിച്ചു. സ്വതസ്സിദ്ധമായ വാഗ്വിലാസം, ചൈതന്യം തുളുമ്പുന്ന വാചകങ്ങൾ, കൂർത്തുമൂർച്ചയേറിയ പദപ്രയോഗം, ഏവർക്കും മനസ്സിലാകുന്ന ഭാഷാശൈലി, സ്പഷ്ടമായ ഉച്ചാരണം. ജവഹർലാൽ കഴിഞ്ഞാൽ ശ്രോതാക്കളെ വികാരഭരിതരാക്കത്തക്കവണ്ണം പ്രസംഗിക്കുന്നത് ആചാര്യകൃപലാനിയാണ്. അദ്ദേഹത്തിന്റെ പ്രസംഗം നടക്കുകയാണ്. അതാ!, അവിടെ ശ്രോതാക്കളുടെയിടയിൽ നിഷ്കളങ്കത പ്രതിഫലിപ്പിക്കുന്ന ഒരു മുഖം. വിസ്മയബഹുമാനങ്ങൾകൊണ്ട് വികസിച്ച നയനങ്ങൾ. അനാഡംബരമായ വസ്ത്രധാരണം. ആഭരണരഹിതമായ അംഗങ്ങൾ. ആ ത്യാഗിവര്യനെ വശീകരിക്കത്തക്ക ഒരു ശക്തി അവർക്കുണ്ടായിരുന്നു. സുചേതയ്ക്ക്. പ്രാസംഗികനിലാദ്യമായുണ്ടായ ബഹുമാനം യഥാർത്ഥ അനുരാഗമായി രൂപാന്തരപ്പെട്ടു.



രാഷ്ട്രപതി ശ്രീ. ആചാര്യകൃപലാനിയും പത്നി ശ്രീമതി സുചേതാകൃപലാനിയും തിരുവനന്തപുരം വിമാനത്താവളത്തിൽ വന്നിറങ്ങിയ അവസരത്തിൽ എടുത്ത ചിത്രം.

സുചേതാ കുലീനത്വമേറിയ ഒരു ആത്മബ്രഹ്മസമാജകുടുംബത്തിലെ അംഗമാണ്. ദീനനാഥമജുംദാർ അവരുടെ പിതാമഹനും സുരേന്ദ്രനാഥമജുംദാർ പിതാവുമായിരുന്നു. ഒരു ഡാക്ടർ ആയിരുന്ന പിതാവിന്റെ പരോപകാരശീലവും ദീനാനുകമ്പയും, മാതാവിന്റെ അറിവും, ദൈവഭക്തിയും, സമസൃഷ്ടിസ്നേഹവും അവർക്ക് ജന്മനാ സിദ്ധമായിരുന്നു.

സുചേതയുടെ വിദ്യാഭ്യാസത്തിൽ അവളുടെ പിതാവിന് വലിയ താല്പര്യമായിരുന്നു. പഠിത്തത്തിലുള്ള ശുഷ്കാന്തിയും ശ്രദ്ധയുംകൊണ്ട് ഒന്നാംക്ലാസ്സിൽ എം. ഏ. പാസ്സായി. അവരുടെ ഐച്ഛികവിഷയങ്ങൾ ഗണിത സാമ്പത്തികതത്വശാസ്ത്രങ്ങളായിരുന്നു.

സർവ്വകലാശാലാഡിഗ്രി സമ്പാദിച്ചശേഷം ബനാറീസ് സർവ്വകലാശാലയിൽ സ്ത്രീകളുടെ വിഭാഗത്തിൽ ഒരു ലക്ചററായി ജോലി നോക്കിക്കൊണ്ടിരുന്ന അവസരത്തിലാണ് കൃപലാനിയുമായി സന്ധിക്കുവാനിടയായത്. പുത്രിയുടെ ആഗ്രഹം മാതാപിതാക്കന്മാർക്ക് അത്ര രസമായിരുന്നില്ല. അനേകം ഐ. സി. എസ്സ്. കാരും ഭരണമേധാവികളും വിവാഹാലോചനകളുമായി സമീപിച്ചുകൊണ്ടിരുന്ന അവസരത്തിൽ അവയെല്ലാം തട്ടിയെറിഞ്ഞിട്ട്, സർവ്വവും ത്യജിച്ച സ്വരാജ്യസേവനം മാത്രം ലക്ഷ്യമാക്കി പ്രവർത്തിക്കുന്ന ഒരു രാഷ്ട്രീയവാദിയുടെ പത്നീപദം സ്വയം വരിക്കുന്നത് കേവലം ബുദ്ധിശൂന്യമാണെന്ന് അവർ അഭിപ്രായപ്പെട്ടു. പക്ഷേ അംബരചുംബികളായ മണിമാളികയിൽ മണിമഞ്ചത്തിലിരുന്ന് നശ്വരങ്ങളായ സുഖസൗഭാഗ്യങ്ങൾ അനുഭവിക്കുന്നതിനെക്കാൾ; ഒരു ത്യാഗിവര്യന്റെ ഭാര്യാപദം അലങ്കരിച്ചുകൊണ്ട് ഭാരതത്തിലെ അപശബ്ദങ്ങളായ ഗ്രാമങ്ങളിലും അസ്വാതന്ത്ര്യലക്ഷങ്ങളുടെ ഹൃദയത്തിലും സ്വാതന്ത്ര്യസമത്വസാഹോദര്യങ്ങളുടെ ശംഖധ്വനി മുഴക്കുവാനാണ് അവർ ആഗ്രഹിച്ചത്.

൧൯൩൬-ാമാണ്ട് ഏപ്രിൽമാസം ഇരുപത്തിഒന്നാംതീയതി അലഹബാദിലുള്ള സ്വരാജ്യഭവനത്തിൽവച്ച് അനേകം നേതാക്കന്മാരുടെ സാന്നിദ്ധ്യത്തിൽ മഹാത്മാഗാന്ധിയുടെ ആശിസ്സുകളോടുകൂടി ആചാര്യകൃപലാനിയും ശ്രീമതി സുചേതാകൃപലാനിയും ദ്വിതീയാശ്രമത്തിൽ പ്രവേശിച്ചു. അന്നുമുതൽ സ്വരാജ്യഭവനം വൃത്തിയായി സൂക്ഷിക്കുന്നതിലും ഭർതൃപരിചരണത്തിലും അവർ താല്പര്യപൂർവ്വം പ്രവർത്തിച്ചുകൊണ്ടിരുന്നു. ഒരു വിദുഷിയായ അവർക്ക് പട്ടേൽ, ഗാന്ധിജി ഇവരുമായി നേരമ്പോക്കു പറയുന്നതും വലിയ ഉത്സാഹമാണ്. വൈഷമ്യമേറിയ രാഷ്ട്രീയകാര്യങ്ങളിലും അവർ ഭർത്താവിനോടൊപ്പം ഇടപെടാറുണ്ട്.

ഗാന്ധിജിയെ ശുശ്രൂഷിക്കുന്നതിലും അദ്ദേഹത്തിന്റെ ആജ്ഞകൾ അനുസരിക്കുന്നതിലും അവർ പ്രത്യേകം താല്പര്യം പ്രദർശിപ്പിക്കുന്നു. ബംഗാളിലെ വർഗ്ഗീയലഹളകൾക്കുശേഷം അതിന്റെ ക്ഷതങ്ങൾ ഉണക്കുവാൻ ഒരു തീർത്ഥയാത്ര പുറപ്പെട്ട മഹാത്മജിയെ അനുഗമിച്ചവരിൽ സുചേതാകൃപലാനിയും ഉണ്ടായിരുന്നു. ഇപ്പോൾ ഭർത്താവുമൊന്നിച്ച് ദക്ഷിണേന്ത്യാപര്യടനം നടത്തിക്കൊണ്ടിരിക്കയാണവർ. അതിനുശേഷം ഗാന്ധിജിയെ അനുഗമിക്കാൻ ബീഹാറിലേക്കു തിരിക്കുന്നതാണ്. പതിഭക്തിയും, വിദ്യാഭ്യാസവും വൈദുഷ്യവും സ്വരാജ്യസ്നേഹവും ഒത്തിണങ്ങിയ അവരെ ഭാരതീയമഹിളകൾ ഒരു അനുകരണീയമാതൃകയായി സ്വീകരിക്കേണ്ടതാണ്.

## ചന്ദ്രനിലേയ്ക്കു പര്യടനം

—:0:—

ചന്ദ്രഗോളത്തിലേയ്ക്കു ഭൂമിയിൽനിന്നും 48 മണിക്കൂർകൊണ്ട് എത്താവുന്ന ഒരു വാണറിമാനം (Rockel) നിർമ്മിക്കുന്നതിനു ബ്രിട്ടീഷു ഇൻറർപ്ലാനററിസൊസൈററിയിലെ വിദഗ്ദ്ധശാസ്ത്രജ്ഞന്മാർ ശ്രമങ്ങൾ നടത്തിവരികയാണെന്നു "ന്യൂസ് അഫ് ദി വേൾഡ്" എന്ന പത്രത്തിൽ ഒരു ലേഖകൻ എഴുതുന്നു. പ്രസ്തുത വാണം മൂന്നുപേർക്കു സുഖമായിരുന്നു യാത്രചെയ്യാവുന്നതും 1000 ടൺ ഭാരമുള്ളതുമായിരിക്കുമത്രെ.

യാത്രക്കാരോടുകൂടിയ പ്രസ്തുത വാണം ചന്ദ്രഗോളത്തിൽ ഇറങ്ങുന്നതിനും അവിടെനിന്നു മടക്കയാത്ര തിരിക്കുന്നതിനുമുള്ള യന്ത്രോപകരണങ്ങളെ സംബന്ധിച്ച വേണ്ട പര്യവേക്ഷണങ്ങൾ നടത്തിവരികയാണ്. യാത്രക്കാർ ചന്ദ്രഗോളസഞ്ചാരത്തിനിടയിൽ ഉപയോഗിക്കേണ്ട "സ്പേസ്സൂട്ടും", "ഹെൽമറവും" നിർമ്മിക്കുന്നതിനും വേണ്ട പ്ലാൻ തയ്യാറാക്കിവരുന്നു. ചന്ദ്രനിലെ വായുവിന്റെ അഭാവത്തെ പരിഹരിക്കുന്നതിനായി യാത്രക്കാർക്കു ശ്വാസോച്ഛ്വാസം നടത്തുന്നതിനു വേണ്ട ഉപകരണങ്ങളും ഉണ്ടായിരിക്കും.

ഭൂമിയെ വലയംചെയ്യുന്ന അന്തരീക്ഷത്തിനപ്പുറം ഭൂമിയുടെ ആകർഷണശക്തിയേയും അതിലംഘിച്ച ചന്ദ്രഗോളത്തിലേയ്ക്കു യാത്രനടത്തുന്നതിനു ആവശ്യമുള്ള ശക്തി "ആററം"ശക്തിയിൽനിന്നു ലഭ്യമാകുമെന്നു പ്രതീക്ഷിക്കപ്പെടുന്നു

അത്ഭുതകരമായ ഈ യാത്ര സാർവ്വരാഷ്ട്രീയമായ തോതിലായിരിക്കുമെന്നു ആശിക്കപ്പെടുന്നു.

# സ്മരണസരണി

പി. അനന്തൻപിള്ള എം. എ.

VI

ബാല്യത്തിൽ എനിക്കു ക്ഷേത്രങ്ങളോടുണ്ടായിരുന്ന മനോഭാവം, ഏകദേശം ഒരു അർദ്ധശതാബ്ദകാലത്തിനിടയ്ക്കു് എങ്ങനെയെല്ലാം ഭേദപ്പെട്ടുപോയിട്ടുണ്ടെന്നു പണ്ടത്തെ സ്മരണകളിൽ അവിടവിടെ കാണുന്ന പ്രതിഷേധസ്വരങ്ങളാലും, വിമർശനങ്ങളാലും ഊഹിക്കാവുന്നതാണ്. അന്നത്തെ മനോഗതി അങ്ങനെതന്നെ പ്രകാശിപ്പിക്കാൻ സാധിക്കുന്നതല്ല. ഈ അനുഭവം ആത്മചരിത്രമെഴുതുന്നവർക്കൊക്കെ ഉണ്ടായിരിക്കുമെന്നാണ് എന്റെ വിശ്വാസം. ബാല്യത്തിലെ ആ വ്യക്തി തന്നെയാണോ ഇതെന്നു തോന്നിപ്പോകുന്നു. ആ വ്യക്തിയെ നാം ഇപ്പോൾ ഒരു അന്യനായിട്ടു കരുതുന്നു എന്നുതന്നെ പറയാം. അതിന്റെ പല പ്രവൃത്തികളും നാം ഇഷ്ടപ്പെടുന്നില്ല. അന്നവലംബിച്ച ഓരോ ജീവിതമാർഗ്ഗവും തെററിപ്പോയി എന്നു വിചാരിക്കുന്നു. നമുക്കു ശപിക്കാൻ തോന്നുന്നു. ആ വ്യക്തിയുടെ വിവേകശൂന്യതയാലും, ദൌർബല്യത്താലും നാം പിന്നീടനുഭവിക്കേണ്ടിവന്ന ക്ലേശങ്ങൾ ആലോചിക്കുമ്പോൾ എത്രമാത്രം പശ്ചാത്താപം ജനിക്കുന്നു! ഇങ്ങനെ മാറിമാറി വന്നുകൊണ്ടിരിക്കുന്ന വ്യക്തിവിശേഷങ്ങൾതന്നെ ആയിരിക്കണം, ഒരു പക്ഷെ തത്വജ്ഞാനികൾ പറയുന്ന 'ജന്മാന്തരങ്ങൾ'. ഈ വ്യതിയാനം നില്ക്കട്ടെ.

'നാഗാരാധനം' കേരളത്തിൽ എങ്ങനെ കടന്നുകൂടിയതായാലും, അതിലുള്ള ജനവിശ്വാസം ഇന്നും നിലച്ചിട്ടില്ല. ഞങ്ങളുടെ നാട്ടിൽ വീടുതോറും നാലും അഞ്ചും ചിലപ്പോൾ അതിലധികവും സർപ്പക്കാവുകൾ കാണാവുന്നതാണ്. അവിടെ നാഗത്താന്മാരുടെയും നാഗയക്ഷികളുടെയും പലമാതിരി രൂപങ്ങളും കല്ലിൽ കൊത്തിവച്ചിട്ടുണ്ട്. നായന്മാരുടെ ഗൃഹങ്ങളിലാണ് അവ ധാരാളമായിട്ടുള്ളതെങ്കിലും, നമ്പൂരിമാരുടെ ഇല്ലങ്ങളിലും സ്ഥലം പിടിച്ചിട്ടുണ്ട്. വെറും കാടായി കിടന്ന പറമ്പുകൾ കാരണവന്മാർ തെളിച്ചപ്പോൾ പാമ്പുകളുടെ ശല്യംകൊണ്ട് അവയ്ക്കിരിക്കാനായി അവിടവിടെ വൃത്താകാരത്തിൽ കുറച്ചുസ്ഥലം നിർബന്ധമായി വിട്ടതായിരിക്കണം സർപ്പക്കാടിന്റെ ഉൽപ്പത്തി. ചുററുമുള്ളസ്ഥലം പരിഷ്കരിക്കയും, അവിടെ ആളുകൾ പെരുമാറുകയും ചെയ്തപ്പോൾ സർപ്പങ്ങൾക്ക് പ്രത്യേകമായി വളഞ്ഞുവച്ച സ്ഥലത്തുനിന്നും പുറത്തിറങ്ങുക വിഷമമായിത്തീർന്നു. ഇങ്ങനെ ഓരോ വീട്ടിലേയും 'ഒഴിച്ചിടപ്പെട്ടവനങ്ങ'ളിൽ എത്രതന്നെ ഉപയോഗകരങ്ങളായ വൃക്ഷങ്ങളും, പുഷ്പലതാദികളും കായ്കനികളും ഉണ്ടായിരുന്നാലും ആരും അവയെ തൊടുന്നതിനുപോലും ധൈര്യപ്പെടാറില്ല. വരിക്കപ്ലാവുകളിലെ മധുരഫലങ്ങൾ അപ്പാടുനിന്നു പൊഴിഞ്ഞുവീഴുകയോ, പക്ഷികൾക്കാഹാരമായിത്തീരുകയോ ആണു പതിവ്. സർപ്പത്താന്മാരും അവയെ സ്വാദുനോക്കുന്നുണ്ടാവാം.

സർപ്പങ്ങൾക്കു ശുദ്ധജലം അത്യാവശ്യമാണല്ലോ. ഓരോ ചെറിയ ജലാശയം ഓരോ സർപ്പക്കാവിനും അടുത്തുണ്ടായിരിക്കും. മണൽപ്രദേശങ്ങളിൽ കുളം കുഴിച്ചിരിക്കും. ഞങ്ങളുടെ സ്ഥലം ഉറച്ച തറയാകയാൽ കിണറുകളാണ് പതിവ്. ചേർത്തലമുതലായ താലൂക്കുകളിൽ ഓരോ സർപ്പക്കാവിനും ഓരോ കുളം ഉണ്ടാക്കാൻ വിഷമമല്ല. എന്നാൽ കിണറു കുഴിപ്പിക്കുന്നതു അധികം പണച്ചിലവുള്ള കാര്യമാണല്ലോ. നാലഞ്ചു സർപ്പക്കാവുകളുള്ളിടത്തു് ആകെ ഒരു കിണറേ നീക്കിവച്ചിട്ടുള്ളു എന്നുവരാം. ദൂരെദൂരെയുള്ള കാവുകളിൽനിന്നും സർപ്പങ്ങൾക്ക് ദിവസം തോറും സഞ്ചരിക്കാതെ തരമില്ല. ജലപാനം കഴിഞ്ഞതിനുശേഷം ഓരോ സർപ്പവും അതിന്റെ മാർഗ്ഗം തെററാതെ തിരികെപ്പോകുമെന്നുള്ളതു് അതിന്റെ ബുദ്ധിവിശേഷത്തിനു നല്ല തെളിവാണ്. സർപ്പങ്ങളുടെ ഈ നിത്യസഞ്ചാരം ആൾസഞ്ചാരം തീരെ ഇല്ലാത്ത രാത്രികാലത്തായിരിക്കുമെങ്കിലും, അനവധാനതനിമിത്തം ചിലപ്പോൾ വീട്ടുകാർക്കു് ആപത്തുണ്ടായി എന്നു വരാം. ഒററക്കിണറായാലുള്ള ദോഷം ഇതാണ്.

ഒരു പ്രസിദ്ധികേട്ട നമ്പൂരിയുടെ ഇല്ലത്തു് മനക്കിണറല്ലാതെ വേറെ ഉണ്ടായിരുന്നില്ല. സർപ്പക്കാവുകൾ അസംഖ്യമുണ്ടുതാനും. ഒരുദിവസം സന്ധ്യാസമയത്തു് സ്വർണ്ണവർണ്ണത്തിലുള്ള ഒരു നാഗം വെള്ളംകുടിക്കാൻ കിണററിലിറങ്ങി. അകായിലുള്ളവർ യദൃച്ഛയാ കിണററിനരികെ ചെന്നപ്പോൾ കണ്ടതെന്താണ്? ഒരു ദിവ്യപ്രഭാപൂരം, ഉടനെ അകത്തുചെന്ന് ഒരു വലിയ ചെമ്പുകിടാരം കൊണ്ടുവന്ന് അതു മൂടി. കുറച്ചുകഴിഞ്ഞപ്പോൾ പാമ്പ് ജലപാനംചെയ്തു തൃപ്തനായി കയറിവന്നു. അതു് അവിടെ നിക്ഷേപിച്ചുംവച്ചു പോയ 'മാണിക്യക്കല്ല്' വീണ്ടും ഗ്രഹിക്കുവാൻകഴിയാതെ ചെമ്പിന്മേൽ തലതല്ലിച്ചത്തു. അകായിലുള്ളവർ ഈ പരമാർത്ഥം അറിഞ്ഞതുമില്ല. ഒടുവിൽ അപ്ഫൻനമ്പൂരി വന്നതിനുശേഷമാണു കാര്യം മനസ്സിലായതു്. പിറേറന്ന് സർപ്പത്തെ വിധിപ്രകാരം സംസ്കരിക്കയും, അതിന്റെ സ്മരണയ്ക്കായി ആണ്ടുതോറും സർപ്പബലി നടത്തണമെന്നു നിശ്ചയിക്കുകയും ചെയ്തു. മാണിക്യക്കല്ലാകട്ടെ മനയ്ക്കലെ ഭണ്ഡാരത്തിൽ സ്ഥലംപിടിച്ചു. ടിപ്പുസ്സുൽത്താൻവന്നു മനചുട്ടപ്പോൾ, കുടുംബം ബ്രി: മലബാറിലേയ്ക്കു പോയി. ഇന്നും അവിടെയാണു താമസം. മാണിക്യക്കല്ലിന്റെ കഥ എന്തായി എന്തോ?

സർപ്പക്കാവുകളിൽ നടത്തുന്ന ഉത്സവാദികൾക്കു യാതൊരു ആർബ്ഭാടവും ഞാൻ കണ്ടിട്ടില്ല. ഭക്തിയെക്കാൾ ഭയമാണ് ഈ അവസരങ്ങളിൽ ഭാഗഭാക്കാവുന്നവരുടെ ഹൃദയങ്ങളിൽ കുടികൊള്ളുന്നതു്. കളിയോ, ചിരിയോ, കൊട്ടോ, വാദ്യമോ ഒന്നുമില്ല. സർപ്പക്കാവിന്റെ മദ്ധ്യത്തിൽ നിൽക്കുന്ന ഒരു വലിയ വൃക്ഷത്തിന്റെ (സാധാരണ പാലവൃക്ഷം ആയിരിക്കും) ചുവട്ടിൽ പ്രതിഷ്ഠിച്ചിരിക്കുന്ന നാഗയക്ഷിയുടെ ബിംബംവരെ ഒരു ഒററയടിപ്പാത തെളിച്ചിരിക്കും. അതിൽക്കൂടിയാണ് പോററിയും പരിവാരങ്ങളും പൂജാദ്രവ്യങ്ങളും മററും വഹിച്ചുകൊണ്ടു ഗതാഗതംചെയ്യുന്നതു്. ഞങ്ങൾ നിശ്ശബ്ദരായി മൂത്തവരെ അനുഗമിക്കും. ഒററയടിപ്പാതയുടെ ഇടവും വലവും അനക്കംകേട്ടാൽ ഞങ്ങൾ പേടിച്ചു വിറയ്ക്കാറുണ്ട്. പകൽ പൂജയ്ക്കു് ഇങ്ങനെയായാൽ രാത്രിയിലെ കാര്യം ചോദിക്കാനില്ലല്ലോ. കുരുതികഴിഞ്ഞു പിറേറദിവസം കാലത്തു് ഞങ്ങൾ, ബാലന്മാർ മാത്രം ചെന്നുനോക്കുമ്പോൾ പല പാത്രങ്ങളിലുമായി കുരുതി പകർന്നു വച്ചിരിക്കുന്നതു കാണാം. കൂടാതെ പാല്, പഴം മുതലായ നിവേദ്യങ്ങൾ വച്ചിരുന്നതിൽ കുറെയൊക്കെ പാമ്പുകൾ ഭുജിച്ചിരിക്കാൻ ഇടയുണ്ട്. ഇതുകൊണ്ട് അവ തൃപ്തിപ്പെട്ടു എന്നാണു കാരണവന്മാരുടെ ഭാവം.

സർപ്പദർശനം വല്ലപ്പോഴുമൊരിക്കൽ ഉണ്ടായതല്ലാതെ പറഞ്ഞുകേൾവിയില്ല. ഇത്രവളരെ സർപ്പക്കാടുകളും, പാമ്പുകളും ഉള്ള പ്രദേശത്തു് ഇതു് അത്ഭുതമായി തോന്നും. എന്നാൽ ഈ സർപ്പക്കാവുകൾതന്നെയാണ് അതിനുകാരണം എന്നുള്ളതിനു സംശയമില്ല. അവയുടെ അഭാവത്തിൽ സർപ്പങ്ങൾ വഴിയരികിലുള്ള അളകളിലും, ചിലപ്പോൾ വീട്ടുമതിലുകളുടേയും ചുവരുകളുടേയും അടിസ്ഥാനങ്ങളിലും വാസമുറപ്പിച്ചുകൊണ്ട് വല്ലപ്പോഴുമൊക്കെ പുറത്തിറങ്ങുമ്പോൾ അപ്രതീക്ഷിതമായ ആപത്തു സംഭവിച്ചേക്കാമെന്നുള്ളതിന് പല ദൃഷ്ടാന്തങ്ങളുമുണ്ട്.

സർപ്പങ്ങളുടെ ശല്യമൊഴിക്കാനാണു സർപ്പക്കാവുകളെ പരിപാലിക്കുന്നതെങ്കിൽ അതു യുക്തിപൂർവ്വമായ ഒരു ഏർപ്പാടാണെന്നു സമ്മതിക്കാതെ തരമില്ല. എന്നാൽ ഈ ആരാധനം എന്തിനു്? മഹാവിഷ്ണുവിന്റെ ശയ്യയായിട്ടും, ശിവന്റെ ഭൂഷണമായിട്ടും ആണെങ്കിൽ ആ ദേവന്മാരുടെ ഉപാസനയിൽ മാത്രമല്ലേ നാഗാരാധനയ്ക്കും വല്ല സ്ഥാനവും ഉള്ളൂ? ഈ പരമാർത്ഥം എനിക്കു മനസ്സിലായതു മുതൽ മതത്തിന്റെപേരിൽ നടത്തുന്ന ഈ ദുരാചാരത്തോടു അത്യന്തം വെറുപ്പു തോന്നീട്ടുണ്ട്. എന്നാൽ ഈ സമ്പ്രദായത്തിന് കേരളത്തിൽ ചരിത്രപരമായ ഒരു പ്രാധാന്യവുംകൂടിയുണ്ടെന്നു നാം ധരിക്കേണ്ടതാണ്. ജൈനന്മാരുടെ പ്രേരണനിമിത്തം നാഗാരാധനത്തിൽ നമ്മുടെ പൂർവ്വന്മാർ ദൃഢമായി വിശ്വസിച്ചിരുന്ന ഒരു കാലം കഴിഞ്ഞുപോയിട്ടുണ്ട്. സുദീർഘമായി ഉപന്യസിക്കേണ്ട ഈ വിഷയം തൽക്കാലം ഇവിടെ നിർത്തട്ടെ.

എന്റെ ബാല്യത്തിൽ ചുററുമുള്ള ആളുകളുടെ മതാനുഷ്ഠാനപരിപാടിയിൽ ദൃശ്യമായ അന്ധവിശ്വാസം നാഗാരാധനയും ഉൾക്കൊണ്ടിരുന്നതിനാൽ എനിക്കു തൽക്കാലം അതിൽനിന്നും ഒഴിഞ്ഞുമാറുവാൻ തരമുണ്ടായിരുന്നില്ല. എനിക്കു പലപ്പോഴും ഭയങ്കരന്മാരായ സർപ്പത്താന്മാരെ അഭിമുഖീകരിക്കേണ്ടിവന്നിട്ടുണ്ട്. എന്റെ പേരുകൊണ്ടോ, ആരാധനയോടുള്ള ആനുകൂല്യം കൊണ്ടോ അവരെന്നെ കടിച്ചുകൊന്നില്ലെന്നേയുള്ളു. വേറെ പലവിധത്തിലും അകപ്പെടുത്താൻ നോക്കീട്ടുണ്ട്.

ഞാനും സതീർത്ഥ്യനായ—പിള്ളയുംകൂടി ഒരാണ്ട് പരീക്ഷയ്ക്കുമുമ്പായി കൊണ്ടുപിടിച്ചു പഠിക്കയാണ്. സ്നേഹിതന്റെ പഴയരീതിയിലുള്ള ഭവനത്തിന്റെ വീതികുറഞ്ഞ തിണ്ണയിലിരുന്ന് പാതിരാത്രിയായാലും വിളക്കണെയ്ക്കാതെ ഞങ്ങൾ പഠിയ്ക്കാറുണ്ട്. ഭവനപരിസരങ്ങളിൽ പത്തിരുപതടി വീതിവരുന്ന മുററം കഴിഞ്ഞാൽ അന്ധകാരമയമായ കാടാണ്. സർപ്പക്കാവേതെന്നു അറിവാൻ പാടില്ലാത്തവിധത്തിൽ പറമ്പിന്റെ ഒരററംമുതൽ മറേറ അററംവരെ കാടെന്നുതന്നെ പറയാം. അതുകൊണ്ട് അവയെ അധിവസിച്ചിരുന്ന സർപ്പങ്ങൾക്കു വീട്ടുമുററം ഒഴികെ എവിടെയും സ്വച്ഛന്ദം സഞ്ചരിക്കാവുന്നതാണ്.

ഞങ്ങൾ പാതിരാത്രി കഴിഞ്ഞു് വിളക്കണച്ചു കിടക്കാൻ ഭാവിക്കയായിരുന്നു. അപ്പോൾ കേൾക്കാം ഒരു ഭയങ്കരമായ ഫൂൽക്കാരം. മുററത്തിന്റെ അതിർത്തിയിലുള്ള കാട്ടിൽനിന്നാണു പുറപ്പെട്ടതു്. ഫൂൽക്കാരത്തിന്റെ ശക്തി അടുത്തു് അശയിൽ ഉണക്കാനിട്ടിരുന്ന മുണ്ടിന്റെ ചലനംകൊണ്ടറിയാമായിരുന്നു. അനവധി സർപ്പങ്ങളെ കണ്ടിട്ടുണ്ടെങ്കിലും, ഈ ശബ്ദം കേൾക്കുന്നതു് ആദ്യമായിട്ടാണ്. ഞങ്ങൾക്കു വിളക്കുകൊളുത്തുന്നതിനെന്നുവേണ്ട അനങ്ങുന്നതിനുപോലും ധൈര്യമുണ്ടായില്ല. കുറെനേരം അങ്ങനെ ഇരുന്നു. എന്നിട്ടും ശബ്ദം നിന്നില്ല. കുറേക്കൂടി ഉൽക്കടമായതേയുള്ളു. വീട്ടിലെ കാരണവർ കിടക്കുന്ന മുറിയുടെ വാതൽ പതുക്കെത്തട്ടി വല്ലപാടും 'മൂപ്പിലെ' ഉണർത്തി. അദ്ദേഹത്തിനു കാര്യമെല്ലാം പറയാതെ മനസ്സിലായതുപോലെ വെള്ളമെടുത്തു് കാലും മുഖവും കഴുകി തിണ്ണയിൽ വന്നു ആ കോപിച്ചിരിക്കുന്ന ദേശ്രുകത്തിനെതിരായി ചമ്രം പടിഞ്ഞിരുന്നു. പിന്നെ ഭക്തിപൂർവ്വം തൊഴുതുകൊണ്ട് "ഇത്തവണ സർപ്പത്തിനു 'കൊട്ടക്കാൻ' കുറെത്താമസിച്ചുപോയി എന്നും, അടുത്തുതന്നെ ആ ക്രിയ നിർവ്വഹിക്കുന്നതാണെന്നും, വന്നുപോയ തെററു ക്ഷമിക്കണമെന്നും" ഞങ്ങൾ എല്ലാവരും കേൾക്കെ ഉച്ചത്തിൽ പ്രാർത്ഥിച്ചു. ഉടനെ ഫൂൽക്കാരം നിന്നു. എല്ലാം ശാന്തമായി എന്നറിഞ്ഞു ഞങ്ങൾ വിളക്കുകൊളുത്തി. ഒരു വലിയ ചൂട്ടുകത്തിച്ചു കാരണവരുടെ പിറകെ ഞങ്ങളും മുററത്തിന്റെ അതിർത്തിയോളം ചെന്നു കാട്ടിനുള്ളിലേക്കു നോക്കിയപ്പോൾ കണ്ട കാഴ്ച എന്താണ്? സ്വർണ്ണനിറത്തിലൊരു വിഗ്രഹം. ഒന്നാന്തരമൊരു നംപൂരി നിറകയാൽ കുടമകെട്ടി വച്ചുകൊണ്ടു അനങ്ങാതെ ഇരിക്കയാണെന്നു തോന്നും. ഫണം ചുരുക്കീട്ടില്ല. ഉയർത്തു നിർത്തിയെന്നേയുള്ളു. നാഗാരാധനത്തിൽ എങ്ങനെ വിശ്വസിക്കാതിരിക്കും?

താമസിയാതെ ആ ഗൃഹത്തിൽ നടന്ന സർപ്പസത്രത്തിന് ഞാൻ ദൃക്സാക്ഷിയായിരുന്നു. വഴിതെളിക്കൽ, കുരുത്തോലകളുംമററുംകൊണ്ടുള്ള അലങ്കാരം, തൂക്കുവിളക്കുകൾ, നിവേദ്യം, കുരുതി—എല്ലാംകൂടി വലിയ കോലാഹലമായിരുന്നു എന്നുതന്നെ പറയാം.

ഞങ്ങൾ കണ്ട സർപ്പം 'സരീസൃപ'സ്മൃതിയനുസരിച്ച് ബ്രാഹ്മണവർഗ്ഗത്തിലുൾപ്പെട്ടതായിരുന്നു. അവർക്കു സാത്വികസമ്പ്രദായത്തിലുള്ള പൂജാക്രമമാണു വിധിച്ചിട്ടുള്ളതു്. വർണ്ണത്തിലല്പം വ്യത്യാസവും, പരാക്രമബുദ്ധിയും ഉള്ള ക്ഷത്രിയവർഗ്ഗത്തിന് മന്ത്രവാദവും കുരുതിയും പ്രധാനമാണു. വൈശ്യവർഗ്ഗത്തിലുൾപ്പെട്ടതായിരിക്കാം മാണിക്യക്കല്ലുംകൊണ്ടു നടക്കുന്നതു്. ഈ മൂന്നുവർഗ്ഗത്തിനും പത്തിയുണ്ട്. ശൂദ്രവർഗ്ഗമാണ് ചേര. [illegible]നിയും ഒരു 'ഷെഡ്യൂൾ' വർഗ്ഗമുള്ളതായിരിക്കാം. നീർക്കോലി മുതലായവ. സാധാരണന്മാർക്ക് ഈ വർഗ്ഗഭേദങ്ങളെപ്പററി യാതൊരു അറിവും ഇല്ല. മൂർഖനായാലും ചേരഎന്നുപറഞ്ഞാൽപിന്നെ ഭയപ്പെടാറില്ല. കടിച്ചതൊക്കെ നീർക്കോലിയാണ്. അത്താഴം മുടങ്ങുമെന്നേയുള്ളു. എന്നാൽ ഏതു പാമ്പുകടിച്ചാലും വൈദ്യന്റെ അടുക്കൽ ചെല്ലുമ്പോൾ വിഷമുള്ളതായിട്ടാണ് കണ്ടുവരുന്നതു്. മനഃസ്ഥൈര്യത്തിനു വിഷവ്യാപകതയുമായി എന്തോ ബന്ധമുള്ളതുപോലെ തോന്നുന്നു. അതുകൊണ്ടു ആ സ്ഥൈര്യം വർദ്ധിപ്പിക്കുവാൻ ഏതു ഉപായവും കയ്ക്കൊള്ളുന്നതു നന്നായിരിക്കും എന്ന പാഠം അനുഭവസിദ്ധമാക്കിയിട്ടുണ്ട്. ഒരാൾ പുരയ്ക്കു ഓലമേഞ്ഞപ്പോൾ കുത്തുസൂചികൊണ്ടു പിളർന്ന പാമ്പിന്റെ ശരീരം ഒരു കൊല്ലംകഴിഞ്ഞു വീണ്ടും കണ്ടു വിഷച്ചിതനായ കഥ ഓർമ്മയിൽ വരുന്നു. കടിച്ച പാമ്പിനെ പിടിച്ചു കടിയ്ക്കുന്നതും മനക്കരുത്തു വർദ്ധിപ്പിക്കുന്ന വിദ്യയാണത്രെ!

ജന്മദേശത്തു ചെല്ലുമ്പോൾ എനിയ്ക്കുള്ള ഒരേ ഒരു ഭയം പാമ്പുകളെപ്പററിയുള്ളതാണ്. ആദ്യമായി കേരളത്തിൽ കുടിയേറിപ്പാർത്ത ആര്യന്മാർക്കും ഇങ്ങനെയായിരുന്നുവല്ലോ. അച്ഛൻ താമസിച്ചിരുന്ന മനക്കടവിൽ ഒരുവലിയ ആല് നിൽപുണ്ട്. ഇത്ര വലിയ വൃക്ഷം മലംകാടുകളിലല്ലാതെ കാണാൻ പ്രയാസമാണ്. എന്റെ ബാല്യത്തിൽ അവിടെ ഒരു നിബിഡമായ കാടുണ്ടായിരുന്നു. കുറേക്കഴിഞ്ഞു് ആൽത്തറയും അതിനു ചുററുപാടു് ഒരു പരിഷ്കൃതസ്ഥലവുമായിത്തീർന്നു. മരത്തിന്റെ പോടുകളിൽ അകപ്പെട്ടുപോയ പല പാമ്പുകളും ഇന്നും അവിടെ കാണുന്നു. മലവെള്ളം വരുമ്പോൾ അവ മുകളിലേയ്ക്കു കയറിയിരിക്കും. ആണ്ടുതോറും മലയിൽനിന്നും വരുന്ന ഒന്നുരണ്ടു കൂട്ടുകാർക്കെങ്കിലും അവ ആതിത്ഥ്യം നൽകാതിരിക്കുന്നതല്ല. ഇവിടെവച്ചാണ് എന്റെ അഹിഭയം തുടങ്ങിയതു്. ആനയെപ്പററിയും ഇവിടെവച്ചു ഭയമുണ്ടായതു സ്ഥിരമായി മനസ്സിൽ പതിഞ്ഞു. ഇങ്ങനെ [illegible] വന്നുചേർന്ന 'നാഗഭയം' പില്ക്കാലത്തു എന്റെ സ്വപ്നങ്ങളെ എത്രമാത്രം പ്രേരിപ്പിച്ചുവെന്നുള്ളതു 'ശിവഗിരി'മാസികയിലെ "സ്വപ്നലോകം" എന്ന ലേഖനപരമ്പരയിൽ വിവരിച്ചിട്ടുണ്ട്.

—o—

## വിശേഷവാർത്തകൾ

സ്കാട്ടലൻഡു പ്രതിവർഷം ഏകദേശം [illegible] ഇഞ്ചോളം അയർലൻഡിനോടു അടുത്തു വരുന്നതായി കണക്കാക്കപ്പെടുന്നു.

* * *

ആകെ യുണൈറഡ് കിംഗ്ഡമിലുള്ള 60,000,000 ഏക്കർ ഭൂമിയിൽ 48,000,000 ഏക്കറോളം സ്ഥലത്തു കൃഷിചെയ്തുവരുന്നുണ്ട്.

* * *

ബ്രിട്ടനിൽ ഇന്നു നടപ്പിലിരിക്കുന്ന വെള്ളിനാണയങ്ങളുടെ ആകെ എണ്ണം 2000,000,000 ആണത്രേ.

* * *

ബർമ്യൂഡാ ജലസംബന്ധമായ സകല ആവശ്യങ്ങൾക്കും മഴയെ ആശ്രയിച്ചിരിക്കുന്നു; അവിടെ ഉറവകളോ, കിണറുകളോ, നദികളോ, തടാകങ്ങളോ ഇല്ല.

* * *

ഒരു ഔൺസു റോസ് അത്തർ ഉണ്ടാക്കുന്നതിനു 875 റാത്തൽ റോസ് പുഷ്പത്തിന്റെ ദളം ആവശ്യമാണ്.

# വിദ്യാർത്ഥിയും മറവിയും

എൻ. ശങ്കരൻനായർ ബി. എ. തിരുവല്ലാ

മറവിയാണ് വിദ്യാർത്ഥിയുടെ പ്രധാന ശത്രു. മറവി എന്നാൽ എന്താണ്? നാം ഏതെങ്കിലും ഒരു സംഗതി പഠിക്കുമ്പോൾ നമ്മുടെ തലച്ചോറിനുള്ളിൽ ചില വ്യതിചലനങ്ങൾ ഉണ്ടാകുന്നു. തലച്ചോറിൽ എന്തോ ഒരു രേഖ പതിയുന്നു. ഇതിനെ "ഓർമ്മരേഖ" എന്നു വിളിക്കാം. കാലപ്പഴക്കത്താൽ ഈ ഓർമ്മരേഖ മാഞ്ഞുപോകുന്നു എന്നും, അതുകൊണ്ടാണ് മറവി ഉണ്ടാകുന്നതെന്നും വിശ്വസിക്കപ്പെട്ടിരുന്നു. എന്നാൽ ഇപ്പോൾ കണ്ടുപിടിക്കപ്പെട്ടിട്ടുള്ളത്, പുതിയ ഓർമ്മരേഖകൾ പഴയ രേഖകളെ പിന്നിൽതള്ളി പ്രഥമസ്ഥാനം കൈക്കലാക്കുന്നതിനാലാണ് പണ്ടു പഠിച്ചിട്ടുള്ള കാര്യങ്ങൾ നമ്മുടെ തലച്ചോറിൽ ഇരിക്കാത്തതും അവയെ നാം മറന്നുപോകുന്നതും എന്നാണ്. അങ്ങനെ പുതിയ പുതിയ രേഖകൾ ഉണ്ടാകുംതോറും പഴയവയുടെ ശക്തിയും പ്രാമാണ്യവും ക്ഷയിച്ചുക്ഷയിച്ചു വരുന്നു.

ഒരാഴ്ചയ്ക്കു മുമ്പു പഠിച്ച ഒരു കാര്യം നാം മറന്നുപോയി എങ്കിൽ, അതിന്റെ കാരണം അതു പഠിച്ചതിനുശേഷം ഒരാഴ്ച കഴിഞ്ഞുപോയി എന്നതല്ലാ, പിന്നെയോ ആ ഒരാഴ്ചയ്ക്കുള്ളിൽ നാം പഠിച്ചതായ പുതിയ കാര്യങ്ങൾ അതിനെ പിന്നിലാക്കി അഗണ്യകോടിയിൽ തള്ളിക്കളഞ്ഞു എന്നതാണ്.

പഴയരേഖയെ പുതിയതു മാച്ചുകളയുന്നു എന്നു തന്നെയല്ലാ, പുതിയതിനെ ചിലപ്പോൾ പഴയതും മാച്ചുകളയാറുണ്ട്. അതിനാൽ, തലച്ചോറിൽ ഓർമ്മരേഖകൾതമ്മിലുണ്ടാകുന്ന സമ്മേളനവും സംഘട്ടനവും മത്സരവുംകൊണ്ടാണ് മറവിയുണ്ടാകുന്നതു്.

പാഠ്യവിഷയത്തിൽ താല്പര്യക്കുറവു, വിവിധപാഠ്യവിഷയങ്ങൾ തമ്മിലുള്ള മത്സരം എന്നിവയും മറവിക്കു കാരണഭൂതങ്ങളാണ്. ചിലപ്പോൾ, നാം ഏതെങ്കിലും ഒരു വിഷയം പഠിക്കുമ്പോൾ, മററു കൂടുതൽ ഹിതകരങ്ങളായ വിഷയങ്ങളിലുള്ള താല്പര്യം അതുമായി ഇടപെടുകയും അതിനു ബാധകമായിത്തീരുകയും ചെയ്യുന്നു.

പരീക്ഷയ്ക്കു പഠിക്കുന്നതായ ഒരു കുട്ടിക്ക്, അവൻ പഠിക്കുന്ന കാര്യങ്ങൾ മറന്നുപോകാതെ ഓർത്തുകൊണ്ടിരിക്കുവാനുള്ള മാർഗ്ഗം എന്താണ്? മറവി (മറക്കൽ)യുടെ പ്രവർത്തനം പഠിച്ചുകഴിഞ്ഞാലുടനേ തന്നെയാണ് കൂടുതൽ ശക്തിയായിരിക്കുന്നതു്. കാലാന്തരത്തിൽ മറവിയുടെ ശീഘ്രഗതി മന്ദീഭവിച്ചുകാണുന്നു. അതിനാൽ എന്തെങ്കിലും ഒന്നു പഠിച്ചുകഴിഞ്ഞാലുടൻതന്നെ അതു ആവർത്തിച്ചുപഠിക്കണം. ഇപ്രകാരമുള്ള ആവർത്തനം പെട്ടെന്നു മറന്നുപോകുന്നതിനെ തടയുന്നു. ആകയാൽ പകൽ പഠിക്കുന്നതു രാത്രിയിലും, രാത്രിയിൽ പഠിക്കുന്നതു രാവിലെയും ആവർത്തിച്ചുപഠിക്കുന്നതു പ്രയോജനകരമാണ്.

ഉച്ചരിക്കപ്പെടുന്നതോ എഴുതപ്പെടുന്നതോ ആയ പദങ്ങൾ മനസ്സിൽ പതിയുമ്പോൾ തലച്ചോറിൽ ചില രേഖകൾ ഉണ്ടാകുന്നു എന്നുപറഞ്ഞല്ലോ. ചില രേഖകൾ വളരെ അസ്പഷ്ടമായേ പതിയുന്നുള്ളു. എന്നാൽ ചിലതു വളരെ സ്പഷ്ടവും ദൃഢവുമായി പതിയുന്നതിനാൽ അവ ഒരിക്കലും മാഞ്ഞുപോകാതെ എപ്പോഴും ഓർമ്മയിൽ ഇരിക്കുന്നു. അതിനാൽ എന്തെങ്കിലും ഒന്നു പഠിക്കുമ്പോൾ വളരെ ശ്രദ്ധപതിപ്പിച്ചു അതു് മനസ്സിലാക്കാൻ ശ്രമിക്കുന്നതു നല്ലതാണ്. ഓർമ്മരേഖയുടെ ശക്തി ആവർത്തനത്തെ ആശ്രയിച്ചിരിക്കുന്നു. അതിനാൽ പഠിതം അധികമായിപ്പോകുന്നതാണ് കുറഞ്ഞുപോകുന്നതിനേക്കാൾ നല്ലതു്. "പേരിനു" പഠിച്ചതുകൊണ്ടായില്ലാ, ഒരു തെററുംകൂടാതെ "കാണാപ്പാഠം" പറയത്തക്കവണ്ണം പഠിക്കണം. സാമാന്യമായി പഠിക്കുന്നവൻ ജയിക്കുമായിരിക്കാം; എന്നാൽ അധികം പഠിക്കുന്നവനു് ഒരിക്കലും തോൽവി ഉണ്ടാകയില്ല.

ഏതെങ്കിലും ഒരു ആശയം ഹൃദയത്തിൽ പതിയുന്നതു് അതിലുണ്ടാകുന്ന താല്പര്യവും അതിനേപ്പററിയുണ്ടാകുന്ന ബോധവും അനുസരിച്ചിരിക്കും. അതിനാൽ അതിലുള്ള താല്പര്യം വർദ്ധിച്ചാൽ അതു കൂടുതൽ സ്പഷ്ടമായി മനസ്സിലാക്കാവുന്നതും ഓർമ്മിച്ചിരിക്കാവുന്നതുമാണ്. ഇതിനുള്ള ഒരു മാർഗ്ഗം പഠനവിഷയത്തെ ഏതെങ്കിലും ഒരു ലക്ഷ്യത്തോടോ ആദർശത്തോടോ ബന്ധിപ്പിക്കയെന്നതാണ്. ചിലർ പരീക്ഷയെത്തന്നെ അന്ത്യലക്ഷ്യമായി ഗണിക്കുന്നു. മററുചിലർ അതിനെ അവരുടെ ആത്മാഭിമാനവർദ്ധനവിനോ ആദായവർദ്ധനവിനോ ഉള്ള ഒരു പടിയായി കരുതുന്നു. സുസംഘടിതമായ രീതിയിൽ ഏതുവിഷയവും പഠിക്കയും, ഓരോ വിഷയത്തെപ്പററിയും ഉള്ള ആശയങ്ങൾ അന്യോന്യബന്ധമുള്ളരീതിയിൽ ഘടിപ്പിച്ചു പഠിക്കയും ചെയ്താൽ അതു ഹൃദിസ്ഥമാക്കുന്നതിനു വിഷമമില്ല.

ഒരുപേജു നോട്ടുപഠിക്കാനുണ്ടെന്നു വിചാരിക്കുക. അതിനു രണ്ടു മാർഗ്ഗങ്ങളുണ്ട്. ഒന്ന്, മുഴുവനും ആദ്യന്തം അനേകംപ്രാവശ്യം വായിക്കുക, മുഴുവൻ ഹൃദിസ്ഥമാകുന്നതുവരെ ആവർത്തിച്ചു വായിക്കുക. മറെറാരുമാർഗ്ഗം, അതിനെ പല ഭാഗങ്ങളായി ഭാഗിച്ച് ഓരോ ഭാഗവും പ്രത്യേകമായി പഠിക്കുക. ഇതിൽ ഏതാണു നല്ലതു്? ആദ്യനോട്ടത്തിൽ രണ്ടാമത്തേതാണു കൂടുതൽ നല്ലതെന്നു തോന്നാം. എന്നാൽ വിദഗ്ദ്ധാഭിപ്രായം മുഴുവനുംകൂടി ഒന്നായി പഠിക്കുന്നതിനെ അനുകൂലിക്കുന്നു.

പദ്യങ്ങൾ ഹൃദിസ്ഥമാക്കുന്നകാര്യത്തിലും ഈ തത്വം പ്രായോഗികമാണ്. ഒരു പരീക്ഷകൻ ഒരേ പദ്യത്തിൽനിന്നു് ൨൪൦ വരികൾവീതമുള്ള രണ്ടുഭാഗങ്ങൾ എടുത്തു്, ഒന്നു മുഴുവനായും, മറേറതു ചെറുഭാഗങ്ങളായും "കാണാതെ പഠിക്കുന്നതിനു" ശ്രമിച്ചു. ആദ്യത്തേതു്, മുഴുവനും പ്രതിദിനം മൂന്നുപ്രാവശ്യംവീതം വായിച്ചു പഠിക്കുന്നതിനു ൩൭ മിനിററു വേണ്ടിവന്നു. രണ്ടാമത്തേതു്, ദിനംപ്രതി ൩൦ വരിവീതം പഠിക്കുന്നതിനു ൫൨ മിനിററ് എടുത്തു. അങ്ങിനെ, രണ്ടാമത്തെരീതിക്കു് ൫൨ മിനിററ്; അതായതു് ൪൦ ശതമാനം കൂടുതൽസമയം വേണ്ടിവന്നു.

എന്നാൽ ഇതു് എപ്പോഴും പ്രായോഗികമല്ല. പഠനവിഷയത്തിനു് ഐക്യവും ഐകരൂപ്യവും ഉണ്ടെങ്കിലേ ഈ മാർഗ്ഗം സഫലമാകയുള്ളു. വിവിധരീതിയിലുള്ള രണ്ടു് അദ്ധ്യായങ്ങൾ ഒന്നിച്ചുപഠിക്കുവാൻ ശ്രമിക്കുന്നതിൽ അർത്ഥമില്ല. അങ്ങിനെയുള്ളപ്പോൾ ഓരോ അദ്ധ്യായവും പ്രത്യേകം പഠിക്കയാണു വേണ്ടതു്. അതുപോലെ, പഠിക്കാനുള്ള ഭാഗത്തിന്റെ ദൈർഘ്യവും ഇതിനു ബാധകമായിത്തീർന്നേക്കാം. അപ്പോൾ അതിനെ സ്വയം പരിപൂർണ്ണങ്ങളായ ഭാഗങ്ങളായി വേർതിരിച്ചു പഠിക്കയാണു നല്ലതു്.

ഒരു നിശ്ചിതഭാഗം ഒരു നിശ്ചിതസമയത്തിനുള്ളിൽ പഠിച്ചുതീർക്കേണ്ടതായുണ്ടെന്നു വിചാരിക്കുക. ദിവസേന അരമണിക്കൂർവീതം എട്ടുദിവസംകൊണ്ടു പഠിക്കയോ, അല്ലെങ്കിൽ ഒരേദിവസംതന്നെ തുടരെ നാലുമണിക്കൂർകൊണ്ടു പഠിക്കയോ ചെയ്യാം എന്നു വയ്ക്കുക. ഇതിൽ ഏതാണു കൂടുതൽ നല്ലതു്? ആദ്യത്തേതാണെന്നുള്ളതിൽ സംശയമില്ല.

ഭാവനാരീതിയനുസരിച്ച് പഠനരീതി വിവിധവ്യക്തികളിൽ വിഭിന്നമായിരിക്കുന്നു. ചിലർ, പഠിക്കാനുള്ളതിനെ മനസ്സിൽ സങ്കല്പിച്ചു പഠിക്കുന്നു. മററു ചിലർക്ക് എഴുതിയിരിക്കുന്ന അക്ഷരങ്ങൾ കണ്ടു മനസ്സിലാക്കുന്നതിനേക്കാൾ ഇഷ്ടം അവ വായിച്ചു കേൾക്കുന്നതാണ്. ഈ വ്യത്യാസമനുസരിച്ച്, നോക്കി മനസ്സിൽ സങ്കല്പിക്കയോ, കേട്ടു മനസ്സിലാക്കുന്നതിനായി അനേകപ്രാവശ്യം ഉറച്ചു വായിക്കയോ, അവരവരുടെ വാസനപോലെ ചെയ്തുകൊള്ളണം. ചില കുട്ടികൾ നോക്കി മനസ്സിലാക്കയേ ഉള്ളു. എന്നാൽ ചിലർ മററുള്ളവർക്കു് ഉപദ്രവം ഉണ്ടാക്കത്തക്ക രീതിയിൽ "വെടിപൊട്ടിച്ചു" വായിക്കുന്നു. ഇതിനെ തടയുന്നതു തെററാണ്. ഉറച്ചു വായിച്ചുപഠിക്കുന്നതിൽ പല ഗുണങ്ങളുണ്ട്. നോക്കി മനസ്സിലാക്കുന്നതിനേക്കാൾ അതു കൂടുതൽ ഉന്മേഷജനകവും പ്രോത്സാഹനകരവുമാണ്. കണ്ണും കാതും ഒരുപോലെ പ്രവർത്തനോന്മുഖമാകുന്നു. എത്രമാത്രം പഠിച്ചുകഴിഞ്ഞു എന്നും ഇനിയും എത്രമാത്രം പഠിക്കാനുണ്ടെന്നും വിദ്യാർത്ഥിക്കു മനസ്സിലാക്കാൻ സാധിക്കുന്നു.

പൊതുവെ പരീക്ഷയ്ക്കു ജയിക്കുവാൻ പഠിക്കുന്ന വിദ്യാർത്ഥിക്കു നൽകുവാനുള്ള ഉപദേശം ഇതാണ്. പഠിക്കുവാനുള്ളതു് ഒരു ദിവസംതന്നെ തുടരെ അനേകം പ്രാവശ്യം വായിക്കുന്നതിനു പകരം അനേകദിവസം ഒന്നോ രണ്ടോ പ്രാവശ്യംവീതം വായിക്കുക, പരിപൂർണ്ണങ്ങളില്ലാത്ത ചെറുഭാഗങ്ങളായി പഠിക്കുന്നതിനു പകരം സമ്പൂർണ്ണങ്ങളായ മുഴുഭാഗങ്ങളായി പഠിക്കുക, ഉറച്ചു വായിക്കുക, ക്ഷീണിച്ചിരിക്കുന്ന സായാഹ്നങ്ങളിൽ പഠിക്കുന്നതിനു പകരം ഉന്മേഷത്തോടുകൂടിയിരിക്കുന്ന പ്രഭാതവേളയിൽ പഠിക്കുക, സായാഹ്നത്തിലൊ രാത്രിയിലോ പഠിച്ചേ തീരുമെങ്കിൽ അതു രാവിലെ ആവർത്തിച്ചു പഠിച്ചു് അതിനെ മനസ്സിൽ ഉറപ്പിക്കയും ചെയ്യുക. ഇപ്രകാരം ചെയ്താൽ മറവി എന്ന വിദ്യാർത്ഥിവൈരിയെ അകററിനിർത്താൻ സാധിക്കുന്നതാണ്. (ഇംഗ്ലീഷിൽനിന്നു്)

—o—

## GENERAL KNOWLEDGE QUIZ

[ANSWERS ON PAGE 10]

1. The popular name of the chemical compound Benzoyl Sulphonimide is —
   a) Mepacrine; b) Saccharine; c) Glucose.
2. Who is the author of the book, "The Subjection of Women"?
   a) C.E.M. Joad; b) Dr. Johnson; c) John Stuart Mill.
3. What is a Caudillo?
   a) A reptile; b) A variety of ant-eater; c) A political boss.
4. Who among the British peerage has the largest number of titles?
   a) Duke of Wellington; b) Marquess of Aylesbury; c) Earl of Halifax
5. In what position was Charles Laughton first employed?
   a) Hotel employee; b) Cab driver; c) Teacher.
6. Who founded the modern circus?
   a) Charlie Chaplin; b) George Sanger; c) Philip Astley.
7. "Jumping casts! Uranium!" cried a tall fur-covered man when he discovered one of the largest deposits of uranium in the world. Can you name him?
   a) Admiral Byrd; b) Dr. Tanton; c) Gilbert Labine.

മാധവസർസപാരില
( നറുനീണ്ടിസത്ത് )

വളരെ നവീനരീതിയിൽ നറുനീണ്ടി (നന്നാറി)യും മററു രക്തസംവർദ്ധകങ്ങളായ ഔഷധങ്ങളും ചേർത്തു ശേഖരിച്ചതായ ഞങ്ങളുടെ "സരസപാരില" രക്തം ഉഷ്ണിച്ചുണ്ടാവുന്ന എല്ലാവിധ ഉപദ്രവങ്ങൾക്കും, മൂത്രം എരിച്ചിൽ, മൂത്രതടസ്സം; സ്ത്രീപുരുഷന്മാർക്കുണ്ടാകാവുന്ന ഉഷ്ണസംബന്ധമായ സുഖക്കേടുകൾ ഇവകൾക്കും ഉടനടി ഫലംചെയ്യുന്നു. പ്രായഭേദംകൂടാതെ രക്തശുദ്ധിക്കും; രക്തവർദ്ധനയ്ക്കും ഉഷ്ണകാലങ്ങളിൽ ദേഹത്തിലെ ചൂടിനെ കുറച്ച്; കുളർമയും സുഖവും സിദ്ധിക്കുന്നതിനു എപ്പോഴും ഉപയോഗപ്രദം.

എല്ലാ പ്രധാന ഷാപ്പുകളിലും കിട്ടും; വില ബോട്ടൽ 3 ക. മാത്രം. Catalogue free

സ്റ്റാക്കിസ്റ്റ്സ്; കോഴിക്കോട്; പി. കുട്ടൻബ്രദേഴ്സ്.

P. S. സിലോൺ, സിങ്കപ്പൂർ, റങ്കൂൺ, ബാംബെ എന്നി സ്ഥലങ്ങളിൽ; സോൾഏജൻറന്മാരേയും സ്റ്റാക്കിസ്ററന്മാരേയും ആവശ്യമുണ്ട്. ഉടനെ അപേക്ഷിക്കുക.

മാധവഫാർമസി (എറണാകുളം) ലിമിററഡ്, എറണാകുളം

**Just Arrived**

A limited quantity of ULTRA Radios in attractive design. Decent commissions will be allowed for dealers. Price Rs. 350/-

**Pankajam Sound Service, Alwaye.**

## പ്രതിസമൻ

കാഞ്ഞിരപ്പള്ളി
മുൻസിഫ്കോർട്ടിൽ
൧൨൧-ൽ സിവിൾനമ്പർ ൩൮൩

വാദി—ചിറക്കടവു വടക്കുംഭാഗം മുറിയിൽ കുന്നത്തുപാക്കൽ കിഴക്കയിൽ ശങ്കുനാരായണൻ

൧-ാം പ്രതി—മീനച്ചൽപകുതിയിൽ പൂവരണിമുറിയിൽ മൊളകുപ്പുറമ്പിൽനിന്നും അമ്പാറനപ്പള്ളിൽ താമസം മത്തായി ജോസഫ്

ടി പ്രതിയെ തെര്യപ്പെടുത്തുന്നതു്

ടി പ്രതിക്കു പലപ്രാവശ്യവും സമനയച്ചതിൽ കൈപ്പററാതെ മടക്കിഅയച്ചിട്ടുള്ളതും ടി കേസ്സ് ൧൧൨൨-ാമാണ്ട മീനമാസം ൧൨-ാംനു-യ്ക്കു വിചാരണവച്ചിരിക്കുന്നതുമാകയാൽ അന്നേദിവസം പകൽ ൧൧ മണിക്കു ഈ കോടതിമുമ്പാകെ പ്രതിയോ മുറപ്രകാരം അധികാരപ്പെടുത്തിയ വക്കീലോ ഹാജരായി തക്കം വല്ലതും ഉണ്ടെങ്കിൽ ബോധിപ്പിച്ചുകൊള്ളേണ്ടതും അല്ലാത്തപക്ഷം പ്രതിയെക്കൂടാതെ കേസ്സ് തീരുമാനിക്കുന്നതുമാണെന്നുള്ള വിവരം ഇതിനാൽ തെര്യപ്പെടുത്തിയിരിക്കുന്നു.

ഉത്തരവിൻപ്രകാരം
ഹെഡ്ഗുമസ്തൻ (ഒപ്പ്)

൧൫-൬-൧൨൨

—o—

## പരസ്യം

തിരുവല്ലാ മുൻസിഫ്കോർട്ടിൽ
൧൧൨൦-ൽ സിവിൾനമ്പ്ര ൭൫൮

വാദി—അംബാലിക അംബാലിക തമ്പുരാട്ടി മു. പേർ.

പ്രതി—അക്കീരമരു കൃഷ്ണരുഭട്ടതിരി മു: പേർ.

൩-ാം പ്രതി-കാവുംഭാഗം പകുതിയിൽ ടിമുറിയിൽ കല്ലൂർതാഴ്ചയിൽ വക്കിവക്കി.

൩-ാം പ്രതിയെ തെര്യപ്പെടുത്തുന്നതു്

ഈ നമ്പരിൽ വാദി അന്യായം ബോധിപ്പിച്ചു ഓററിയത്ഥം കെട്ടിവച്ചിട്ടുള്ളതും ൩-ാം പ്രതിക്കു പലപ്രാവശ്യവും സമൻസയച്ചതിൽ കൈപ്പററാതെയിരിക്കുന്നതും ആകയാൽ ഈ നമ്പ്ര കേസ്സ് ൧൪-൨-൧൧൨൨-ൽ വിചാരണയ്ക്കു വച്ചിരിക്കുന്നതും ആകുന്നു. അന്നേദിവസം പകൽ ൧൧ മണിക്കു തക്കമുള്ളവർ ഹാജരായി എതുവാദം ചെയ്യാത്തപക്ഷം ൩-ാംപ്രതിയെ കൂടാതെ കേസ്സ് തീർച്ചചെയ്യുന്നതാണ്.

ഉത്തരവിൻപ്രകാരം
ഹെഡ്ഗുമസ്തൻ (ഒപ്പ്)

—o—

## പരസ്യം

ചേർത്തല അഡീഷണൽ
മുൻസിഫ്കോർട്ടിൽ
൧൨൨-ൽ സിവിൾനമ്പർ ൩൨൩

വാദി—തുറവൂർ പടിഞ്ഞാററുംകര വടക്കുംമുറിയിൽ കാക്കരേഴത്തു അനന്തക്കമ്മത്തി ലക്ഷ്മണക്കമ്മത്തി

അഡ്വേക്കററ് എൻ. ഏൻ. ശേണായി

പ്രതികൾ—൧ ചേർത്തല വടക്കുംമുറിയിൽ കരിത്തുങ്കലായ മൂലയിൽനിന്നും പൂന്തോട്ടത്തിൽ താമസിക്കും കൊച്ചുകുഞ്ഞുതരകന്റെ ഭാര്യ കുഞ്ഞന്ന. ൨ ടിയിൽ ഉറമീസ്തരകൻ കൊച്ചുകുഞ്ഞുതരകൻ. ൩ ടിയിൽ ഉറമീസ്തരകന്റെ മകൾ ലില്ലിക്കുട്ടി

ടി പ്രതികളെ തെര്യപ്പെടുത്തുന്നതു്

മേല്പറഞ്ഞ പ്രതികളുടെമേൽ വാദി വ്യവഹാരം ബോധിപ്പിച്ചിരിക്കയാൽ അതിനു ഉത്തരം ബോധിപ്പിക്കുവാനായി ൧൧൨൨ മീനം ൧൬-ാംനു തിങ്കളാഴ്ച പകൽ ൧൧ മണിക്കു ഈ കോർട്ടുമുമ്പാകെ പ്രതികളോ അല്ലെങ്കിൽ വ്യവഹാരത്തെക്കുറിച്ചു ചോദിക്കുന്ന സാരമായ എല്ലാം ചോദ്യങ്ങൾക്കും ഉത്തരംപറവാൻ ശക്തവെന്നും വേണ്ടുന്ന അറിവുകൊടുക്കപ്പെട്ടതോ അല്ലെങ്കിൽ ആവക എല്ലാ ചോദ്യങ്ങൾക്കും ഉത്തരംപറവാൻ ശേഷിയുള്ള മററു വല്ല ആളോടുകൂടി വരുന്നതോ ക്രമപ്രകാരം അധികാരപ്പെടുത്തിയ കോട്ടുവക്കീൽമുഖാന്തിരവുംആയിരിക്കുകയും വേണം. മേല്പറഞ്ഞദിവസം പ്രതികൾ ഹാജരാകാതിരുന്നാൽ പ്രതികളെക്കൂടാതെ വാദസംഗതികളെ നിശ്ചയപ്പെടുത്തുന്നതും (വ്യവഹാരം വിചാരണചെയ്തു തീർച്ചയാക്കുന്നതും) ആകുന്നു.

ഉത്തരവിൻപ്രകാരം
൧൨-൬-൧൨൨ ഹെഡ്ഗുമസ്തൻ (ഒപ്പ്)

## പരസ്യം നം. 20

മീനച്ചൽ മുൻസിഫ്കോർട്ടിൽ.
109-ൽ സിവിൾ 422.

ജപ്തിവാദി—മീനച്ചൽ പകുതിയിൽ എടമററംകരയിൽ വട്ടവയലിൽ ജോസഫ് ഏലി.

1-ാം പ്രതി—മീനച്ചൽ പകുതിയിൽ വിളക്കുമാടം കരയിൽ ചെമ്പൻകുളത്തുപാക്കൽ പരുത്തപ്പാറെ ചാക്കൊ കുഞ്ഞൻ.

ടി 1-ാംപ്രതിയെ തെര്യപ്പെടുത്തുന്നതു്.

മേൽനമ്പർ വിധിനടത്തിക്കൊടുക്കണമെന്നു ജപ്തിവാദി ബോധിപ്പിച്ചിരിക്കുന്ന വിധിനടത്തുഹർജിക്കാര്യത്തിൽ 1-ാംപ്രതിക്കു ആക്ഷേപമുള്ളപക്ഷം വിചാരണദിവസമായ 1122 മീനം 6-ാംനു പകൽ 11 മണിക്കു ഈ കോടതിമുമ്പാകെ ഹാജരായി ബോധിപ്പിച്ചുകൊള്ളേണ്ടതാണെന്നുള്ള വിവരം ഇതിനാൽ തെര്യപ്പെടുത്തിയിരിക്കുന്നു.

ഉത്തരവിൻപ്രകാരം
14-7-1122. ഹെഡ്ഗുമസ്തൻ (ഒപ്പ്)

—o—

## പരസ്യം

ആലപ്പുഴ പ്രിൻസിപ്പൽ
മുൻസിഫ്കോർട്ടിൽ.
൧൨൨ സിവിൽ ൧൩൬-ാംനമ്പർ

വാദി—തകഴി പകുതിയിൽ ചെക്കിടിക്കാട്ടുമുറിയിൽ കളത്തിൽനിന്നും കോഴിമുക്കുപകുതി തെക്കേമുറിയിൽ വെട്ടിയിൽ തെക്കതിൽ പരമേശ്വരൻപിള്ള ഗോവിന്ദപ്പിള്ള.

പ്രതികൾ—൧. തകഴിപകുതിയിൽ ചെക്കിടിക്കാട്ടുമുറിയിൽ വരിക്കോലിൽനിന്നും കൊച്ചുപുരയ്ക്കൽ നാരായണപിള്ള ദാമോദരൻപിള്ള. ൨. ടി മുറിയിൽ ചെന്നല്ലൂർവീട്ടിൽ താമസം ദാമോദരൻപിള്ള ഭാസ്കരൻപിള്ള. ൩. ടി മുറിയിൽ തോപ്പുറത്തുവീട്ടിൽ നാരായണപിള്ള കേശവപിള്ള. ൪. ടിയിൽ നാരായണപിള്ള പരമേശ്വരൻപിള്ള. ൫. ടിയിൽ കുഞ്ചുപിള്ള ദാമോദരൻപിള്ള. ൬. ടിയിൽ കാർത്ത്യായനിഅമ്മ ഗൌരിക്കുട്ടിഅമ്മ. ൭. ടി മുറിയിൽ വരിക്കോലിൽനിന്നും പുതുവലിൽ താമസം കുഞ്ഞിഅമ്മ കാർത്ത്യായനിഅമ്മ. ൮. കോഴിമുക്കുപകുതിയിൽ തെക്കേമുറിയിൽ അട്ടക്കുളക്കൽചിറയിൽ താമസം നാരായണപിള്ള കൃഷ്ണപിള്ള. ൯. ടി മുറിയിൽ വെട്ടിയിൽ തെക്കേതിൽ താമസം പരമേശ്വരൻപിള്ള ചന്ദ്രൻപിള്ള. ൧൦ ടിയിൽ പരമേശ്വരൻപിള്ള നാരായണപിള്ള. ൧൧. ടിയിൽ കൊച്ചുപെണ്ണമ്മ കുട്ടിഅമ്മ. ൧൨. തിരുവല്ലാതാലൂക്കിൽ എഴുമററൂർപകുതിയിൽ മരണിമുറിയിൽ കുന്നവീട്ടിൽ താമസം നാരായണപിള്ള ഗോപാലപിള്ള.

ടി പ്രതികളെ തെര്യപ്പെടുത്തുന്നതു്.

മേൽനമ്പരിൽ വാദി ബോധിപ്പിച്ചിരിക്കുന്ന അന്യായത്തിനു ഉത്തരം പറവാനായി ൧൧൨൨ മീനം ൧൧-ാംനു അവധി വച്ചിരിക്കുന്നതിനാൽ അന്നേദിവസം പകൽ ൧൧ മണിക്കു നിങ്ങൾ നേരിട്ടോ വക്കീൽമുഖാന്തിരമോ ഈ കോടതിയിൽ ഹാജരാകാത്തപക്ഷം നിങ്ങളെ കൂടാതെ കേസ്സു തീർച്ചചെയ്യുന്നതാണ്.

ഉത്തരവിൻപ്രകാരം
ഹെഡ്ഗുമസ്തൻ (ഒപ്പ്)

൧൩-൬-൧൧൨൨.

—o—

തിരുവല്ലാ മുൻസിഫ്കോർട്ടിൽ
1121-സീ നമ്പ്ര 754

വാദി:—തിരുവല്ലാപകുതിയിൽ കടക്കരമുറിയിൽ കിഴക്കേ കോവൂർ ചെറിയാൻ ചെറിയാൻ.

വക്കീൽ മി: ഒ. സി. മൈനൻ.

പ്രതി 2:—ടിമുറിയിൽ പുനക്കുളത്തു് അബ്രഹാം വറുഗീസ്സ്.

ഈ കേസ്സിൽ 2-ാംപ്രതിക്കു് പ്രല പ്രാവശ്യം സമനയച്ചതിൽ മടങ്ങിവന്നിട്ടുള്ളതും കേസ്സ് തീർച്ച വിചാരണക്കു് അവധി വച്ചിരിക്കുന്നതുമാകയാൽ കേസ്സിൽ 2-ാംപ്രതക്കു തക്കമുള്ള പക്ഷം വിചാരണതീയതിയായ 1122-മീനം 6-ാംനു പകൽ 11-മണിക്കു് മുമ്പായി ഈ കോടതയിൽ ഹാജരായി ബോധിപ്പിച്ചുകൊള്ളേണ്ടതാകുന്നു.

ഉത്തരവിൻപ്രകാരം
ഹെഡ്ഗുമസ്തൻ (ഒപ്പ്)

1122-മകരം 26-ാംനു

## സിവിൾ പലവക ഹർജിവിചാരണ് നിശ്ചയിച്ച തീയതിയെക്കുറിച്ചു എതൃകക്ഷിക്കു നോട്ടീസ്സ്

—o—

വൈക്കം മുൻസിഫ്കോർട്ടിൽ
൧൧൨൨-ാമാണ്ട സ്മാൾ ൪൧൨

വാദി—പണാവള്ളിപകുതി ടി മുറി വടക്കേമനം കറിച്ചിയിൽനിന്നും കീററാടിയിൽ താമസിക്കും. അടിമമഹമ്മദ്

പ്രതി—൨. പണാവള്ളിപകുതി ചേലാട്ടുഭാഗംമുറി കണ്ടഞ്ചേരിൽ മക്കാരുമഹമ്മദ്.

ടി വാദിയെ തെര്യപ്പെടുത്തുന്നതു്

വാദിയ്ക്കു വാറണ്ടയയ്ക്കാൻ അനുവദിച്ചു ഉത്തരവുണ്ടാകണമെന്നും മററും പ്രതി ബോധിപ്പിച്ചിരിക്കുന്ന ൧൧൨൧-ാമാണ്ട് സിവിൾപലവക ഇ. പി. ൧൨൧-ാംനമ്പർ ഹർജിസംഗതി ൧൧൨൨-ാംമാണ്ട് മീനമാസം ൧൧-ാംനു-വിചാരണയ്ക്കു വച്ചിരിക്കുന്നതിനാൽ അന്നേദിവസം പകൽ ൧൨ മണിക്കു് കക്ഷിയോ ക്രമപ്രകാരം അധികാരപ്പെടുത്തിയ വക്കീലോ ഏജൻേറാ ഈ കേർട്ടിൽ ഹാജരായി ആക്ഷേപംവല്ലതും ഉണ്ടെങ്കിൽ ബോധിപ്പിച്ചുകൊള്ളേണ്ടതും അപ്രകാരം ചെയ്യാത്തപക്ഷം നിങ്ങളെക്കൂടാതെ ഹർജി തീർച്ചചെയ്യുന്നതും ആകുന്നു.

ഉത്തരവിൻപ്രകാരം
ഹെഡ്ഗുമസ്തൻ (ഒപ്പ്)

൧൧൨൨-ാംമാണ്ട് കുംഭമാസം ൩-ാംനു

—o—

## പരസ്യം

ആലപ്പുഴ പ്രിൻസിപ്പൽ മുൻസിഫ്
കോർട്ടിൽ
൧൨൨ DRP ൬-ാംനമ്പർ

ഹർജിക്കാരൻ—രാമൻപിള്ള മാധവൻപിള്ള

൫-ാം എതൃഹർജിക്കാരൻ—ചമ്പക്കുളം പകുതിയിൽ നെക്കെക്കരമുറിയിൽ തെക്കെപ്പറമ്പുവീട്ടിൽ അവുസേപ്പ ചാണ്ടി.

ടി എതൃഹർജിക്കാരനെ
തെര്യപ്പെടുത്തുന്നതു്.

മേൽനമ്പരിൽ ഹർജിക്കാരൻ ബോധിപ്പിച്ചിരിക്കുന്ന ഹർജിക്കു് ഉത്തരം പറയാനായി ൧൧൨൨ മീനമാസം ൫-ാംനു-ക്കു് അവധി വച്ചിരിക്കുന്നതിനാൽ അന്നേദിവസം പകൽ ൧൧ മണിക്കു് നിങ്ങൾ നേരിട്ടോ വക്കീൽ മുഖാന്തിരമോ ഈ കോടതിയിൽ ഹാജരാകാത്തപക്ഷം നിങ്ങളെ കൂടാതെ ടി ഹർജി തീർച്ചചെയ്യപ്പെടുന്നതാണ്.

ഉത്തരവിൻപ്രകാരം
ഹെഡ്ഗുമസ്തൻ (ഒപ്പ്)

൧൨-൬-൧൨൨

—o—

൨-ം ൨-ം പ്രതികൾക്കുള്ള സമൻസ്.

തിരുവല്ലാ മുൻസിഫ്കോർട്ടിൽ
൧൨൧—ൽ സിവിൽ നമ്പർ ൩൨൭

വാദി—പെരിങ്ങര പകുതിയിൽ പെരിങ്ങര മുറിയിൽ മൂലയിൽ വീട്ടിൽ പരമേശ്വരൻപിള്ള മാധവൻപിള്ള.

൨-ാംപ്രതി—തിരുവല്ലാ പകുതിയിൽ മുത്തൂരമുറിയിൽ പേരകത്തായ വടക്കേതിൽ നിന്നും കിഴക്കേ പണ്ടാരത്തിൽ താമസിക്കുന്ന പരമേശ്വരൻപിള്ള രാമൻപിള്ള:

൨-ാംപ്രതി—ടി പകുതിയിൽ പുന്നക്കുന്നം മുറിയിൽ പല്ലാട്ട വല്യതുണ്ടിയിൽ വീട്ടിൽ പരമേശ്വരൻപിള്ള ഗോപിനാഥൻപിള്ള.

തിരുവല്ലാ കാവുംഭാഗം പകുതിയിൽ സർവ്വേ ൬൨൮-ാംനമ്പർ പുരയിടവും അതിലുള്ള കെട്ടിടവും ഒററി ബാദ്ധ്യതയിൽ നിന്നുംവിടുത്തി ഒഴിപ്പിക്കുന്നതിനായി വാദി ബോധിപ്പിച്ചിരിക്കുന്ന മേൽനമ്പർ അന്യായത്തിനു് ഉത്തരം പറവാനായി ൧൧൨൨-ാംമാണ്ട് മീനം ൫-ാംനു-ക്കു് അവധിവച്ചിരിക്കുന്നതിനാൽ ൨-ം ൨-ം പ്രതികൾ നേരിട്ടോ വക്കീൽ മുഖേനയോ അവധി ദിവസം പകൽ ൧൧ മണിക്കു് ഈ കോർട്ടുമുൻപാകെ ഹാജരായി ബോധിപ്പിച്ചുകൊള്ളേണ്ടതാകുന്നു. അങ്ങിനെ ഹാജരാകാത്തപക്ഷം തക്കമില്ലന്നു ഗണിച്ചു് എക്സ്പാർട്ടിയാക്കി കേസ്സ് തീർച്ചചെയ്യുന്നതാണ്.

ഉത്തരവിൻപ്രകാരം
ഹെഡ്ഗുമസ്തൻ (ഒപ്പ്)

൧൩-൬-൧൧൨൨

## സിവിൾ പലവക ഹർജി വിചാരണ നിശ്ചയിച്ച തീയതിയെക്കുറിച്ചു എതൃകക്ഷിക്കു നോട്ടീസ്. നം. ൨.

—o—

കൊല്ലം-പ്രി-മുൻസിഫ്കോർട്ടിൽ
൧൧൨൮-ാമാണ്ട സി ൧൪൩൮.

വാദി—കൊല്ലം കോട്ടയ്ക്കകത്തുചേരിയിൽ വലിയഴികത്തുവീട്ടിൽ കല്യാണിഅമ്മ മാധവിഅമ്മ.

പ്രതികൾ—൧. തിരുവനന്തപുരം പാൽക്കുളങ്ങര അധികാരത്തിൽ കടകമ്പള്ളി മുറിയിൽ തെക്കേപുത്തൻവീട്ടിൽനിന്നും തിരുവനന്തപുരം പുന്നപുരം മുറിയിൽ കല്ലിക്കോട്ടുവീട്ടിൽ അയ്യപ്പൻപിള്ള ശിവരാമപിള്ള. ൨. ടിയിൽ ജാനകിഅമ്മ കാർത്ത്യായനിഅമ്മ.

൧-ം ൨-ം പ്രതികളെതെര്യപ്പെടുത്തുന്നതു്.

ടി നമ്പ്ര വിധിനടത്താൻ ഉത്തരവുണ്ടാകണമെന്നും മററും വാദി ബോധിപ്പിച്ചിരിക്കുന്ന ൧൧൨൧-ാമാണ്ട് ഇ. പി. ൩൨൭-ാംനമ്പർ ഹർജിസംഗതി ൧൧൨൨-ാമാണ്ട് മീനമാസം ൧൨-ാംനു വിചാരണയ്ക്കു വച്ചിരിക്കുന്നതിനാൽ അന്നേദിവസം പകൽ ൧൧ മണിക്കു് കക്ഷിയോ ക്രമപ്രകാരം അധികാരപ്പെടുത്തിയ വക്കീലോ ഏജൻേറാ ഈ കോർട്ടിൽ ഹാജരായി ആക്ഷേപം വല്ലതുമുണ്ടെങ്കിൽ ബോധിപ്പിച്ചുകൊള്ളണം. അല്ലാത്തപക്ഷം നിങ്ങളെക്കൂടാതെ ഹർജി തീർച്ചചെയ്യുന്നതുമാകുന്നു.

ഉത്തരവിൻപ്രകാരം
ഹെഡ്ഗുമസ്തൻ (ഒപ്പ്)

൧൧൨൨-ാമാണ്ട കുംഭമാസം ൧൩.

—o—

## പ്രതിസമൻ

—o—

തിരുവല്ലാ മുൻസിഫ്കോർട്ടിൽ
120-സി 718

വാദി:—തലവടിപകുതി ആനപ്രാമ്പാ വടക്കെമുറിയിൽ മാടപ്പുരയ്ക്കൽ ഈപ്പൻ അബ്രഹാം.

2-ാംപ്രതി:—ടിമുറിയിൽ മംഗലപ്പള്ളിൽ കൊച്ചുകുഞ്ഞിയമ്മ കാർത്ത്യായനി അമ്മ. 3 ാംപ്രതി ടി മുറിയിൽ മണക്കുളത്തിൽ പുത്തൻപറമ്പിൽ ചെറുകുളത്തിൽ താമസം വേലായുധൻനായർ ദാമോദരൻ നായർ.

ടി പ്രതികൾക്കു്

ടി പ്രതികൾക്കു് സമൻസ് അയച്ചതിൽ മടങ്ങിവന്നിരിക്കുന്നതിനാൽ അടുത്ത വിചാരണദിവസമായ 122- മീനം 6-ാംതീയതി പകൽ 11-മണിക്കു് ആക്ഷേപം ഉണ്ടെങ്കിൽ ഹാജരായി ബോധിപ്പിക്കാത്തപക്ഷം പ്രതികളെ കൂടാതെ കേസ് തീരുമാനിക്കുന്നതാകുന്നു.

ഉത്തരവുംപ്രകാരം
ഹെഡ്ഗുമസ്തൻ (ഒപ്പ്)

30-6-122

—o—

## പ്രതിസമൻസ്

—o—

അടൂർ—മുൻസിഫ്കോർട്ടിൽ
118—സിവിൾ—167.

വാദി—ഏനാദിമംഗലം പകുതിയിൽ ഏഴംകുളം മുറിയിൽ ആനന്ദാശ്രമത്തിൽ ജോർജ്ജ് മറിയാമ്മ.

പ്രതി—കൂട്ടതൽ 66. തലവൂർ പകുതിയിൽ മണക്കാലാമുറിയിൽ ചരുവിള പുത്തൻവീട്ടിൽ ചാക്കോ ദാനിയേൽ. 67. ടിയിൽ ചാക്കോ ജോർജ്. 68. ടിയിൽ ചാക്കോ ഇസ്സഹാക്ക്.

ടി പ്രതികളെ തെര്യപ്പെടുത്തുന്നതു്


മേൽനമ്പർ കേസിൽ ടി പ്രതികൾക്കു് കോർട്ടിൽനിന്നും പലതവണയും സമൻസു നടത്തിയതിൽ കൈപ്പററാതിരുന്നിട്ടുള്ളതും ടി കേസ് 122 മേടം 16-ാംനു വിചാരണക്കുവച്ചിരിക്കുന്നതും ആകയാൽ അന്നേദിവസം പകൽ 11 മണിക്കു് ടി പ്രതികൾ നേരിട്ടോ, അധികാരപ്പെടുത്തിയ വക്കീൽ മുഖാന്തിരമോ കോടതിയിൽ ഹാജരാകേണ്ടതും, അല്ലാത്തപക്ഷം ടി പ്രതികളെക്കൂടാതെ കേസു തീർച്ചചെയ്യുന്നതാണെന്നും ഉള്ള വിവരം ഇതിനാൽ തെര്യപ്പെടുത്തിയിരിക്കുന്നു.


ഉത്തരവിൻപ്രകാരം
ഹെഡ്ഗുമസ്തൻ (ഒപ്പ്)

15-7-122

—o—


# രാഷ്ട്രപതിയുടെ സന്ദർശനങ്ങൾ





ഇടത്തു്—രാഷ്ട്രപതിയും ശ്രീ: സുചേതാകൃപലാനിയും തിരുവനന്തപുരം വിമാനത്താവളത്തിൽ എത്തിയപ്പോൾ വിമാനത്തിൽനിന്നു അവർ ഇറങ്ങുന്നതാണു് ചിത്രം. വലത്തു് ഇടത്തുനിന്നു് വലത്തോട്ടു്: ഇരിക്കുന്നവർ രാഷ്ട്രപതി ശ്രീ. കൃപലാനി, ശ്രീ: പട്ടം താണുപിള്ള. നിൽക്കുന്നവർ യഥാക്രമം ദീപിക, ഇൻഡ്യൻഎക്സ്പ്രസ്സ്, മലയാളരാജ്യം എന്നീ പത്രങ്ങളുടെ തിരുവനന്തപുരം പ്രതിനിധികളാണു്.

താഴെ—രാഷ്ട്രപതിയും പത്നിയും മദ്രാസിൽ. മദ്രാസ് വിമാനസങ്കേതത്തിൽ വച്ചു് അവരെ സ്വീകരിച്ചയവസരത്തിൽ എടുത്തചിത്രം. ചിത്രത്തിൽ കാമരാജനാടാരേയും മററും കാണാം.



## *യാത്ര

വി. വി. ഗോപിനാഥൻനായർ, ബി. എ. ഓണേഴ്സ്

(കേക)

'അധ്വഗ! ഭവാനെങ്ങുപോകുന്നു?' 'തരുവ്രാതം
സ്നിഗ്ദ്ധമായിരുപാട്ടും തിങ്ങിയ മാർഗ്ഗത്തൂടെ
സ്ഥിരമാം ഗാമ്ഭീര്യകാലത്തിലധ്വനാഞാൻ
യാതനാതിട്ടകന്നാണാഴിയിൽ കുളിയ്ക്കുവാൻ'
'അക്കടെ,ലെവിടെയാണധ്വഗ!പറഞ്ഞാലു'-
'മിക്കാണുംതടിനിതന്നാഴക്കനിൽ കടംദിക്കിൽ,
ഉഷസ്സു വിഭാതമായ് വിടരുന്നിടത്തിങ്കൽ,
ദിവസംസന്ധ്യനാട്ടകന്നിഞ്ഞുതാഴംദിക്കിൽ'—
'താങ്കളോടൊരുമിച്ചുപോരുന്നോരവരെത്ര
സംഖ്യയു'?'അവരെയിണ്ണെങ്ങുവാനറിയില്ല;
എരിയും വിളക്കുകളേന്തിക്കൊണ്ടവരെല്ലാം
ചരിപ്പൂ നിശയിങ്കലാക്കെയുംസരസമായ്,
പകലും, കരയിലും വരിപിരിയത്തങ്കലും
സുഖമായ് പാട്ടുംപാടിക്കൊണ്ടവർപോയിട്ടുന്നു—'
'ഊരു,കടൽക്കെയിലെയ്ക്കുത്രയുണ്ടയി,പാന്ഥ?'
'ഊരമെത്രയുണ്ടെന്നു ഞങ്ങളുംചോദിക്കുന്നു.
ഉരുളുമതിൻതിരകളാളുടിവാനന്തോളം
പെരുകീടുന്നുഞങ്ങൾ മൌനത്തെബ്ഭജിയ്ക്കവേ,
അക്കടലെല്ലാമ്പ്പോഴെഴമട്ടത്തുള്ളതുപോലെ
ചിക്കന്നതോന്നീടുന്നുവെങ്കിലുംദൂരത്തന്നെ'-
'ഭാസ്കരനതിമാത്രമുജ്ജ്വലിച്ചുരുളുന്നു'
'ഞങ്ങൾതൻപ്രയാണമോ, ക്ലേശദമതിദീർഘം
ചൈതന്യക്ഷമരാണോർ, ഗാനങ്ങൾപൊഴിക്കട്ടെ
ചേതസ്സിൽഭയമാന്ന ക്രൂരരാംപാടീടട്ടെ.'
'അധ്വഗ! രജനിവ,നാക്രമിച്ചീടുകിലോ?'
'നിദ്രയെപ്പ്രാപിക്കുവാൻ കിടക്കമല്ലോഞങ്ങൾ
നവ്യമാം വിഭാതമ.ഗ്ലീതികളോടുംകൂടി
ഭവ്യമുണർന്നെത്തിയുല്ലസിച്ചീടുംവരെ,
സാഗരസമാഹ്വാനം ചന്തത്തിലുയർന്നെത്തി
യന്തരീക്ഷത്തിൽപാറിക്കളിക്കുന്നതുവരെ'

* ടാഗോറിൻെറ "Lover's Gift and Crossing" എന്ന കൃതിയുടെ ഒരംശത്തിൽനിന്നു്.

## ഹിന്ദി സ്വയംശിക്ഷക്

പരസഹായംകൂടാതെ ഏതാനുമാസക്കാലംകൊണ്ടു് സാമാന്യം ഹിന്ദി സംസാരിക്കാനും എഴുതാനും ഈ പുസ്തകം പഠിച്ചാൽ സാധിക്കുന്നതാണു്.

വില രൂ. 1 ണ 8

മാനേജർ, ശ്രീരാമവിലാസംപ്രസ്സ്, കൊല്ലം.

## *രൂപഭേദം

—ം

പട്ടം എൻ. ഗോപാലൻനായർ

I

ശുഭമോഹന വാസന്തരാത്രിയിൽ
പുഷ്പകുഞ്ജത്തിനുള്ളിൽവച്ചിന്നലെ,
മുന്തിരിച്ചാർ നിറച്ചപാത്രം തവ-
ചെഞ്ചൊടികളിൽ ചേർത്തുഞാൻ, മോ-
ഹനേ!
മുഗ്ദ്ധരാഗാർദ്ര നേത്രങ്ങളാലെന്നെ-
സദ്രസംപുൽകി മന്ദസ്മിതാസ്യയായ്,
ചുംബനങ്ങളുതിരന്ന ചെന്തളിർ-
ചുണ്ടിണയാൽ മദിരനുകർന്നു നീ...

ലോലമാംനിൻമുഖപടം മാററി, സ്വർ-
ലോകഹർഷം തുളുമ്പും മനസ്സുമായ്,
നീരലർത്തണ്ടിതൊത്തനിൻ കൈക-
ളെൻ-
മാറിൽ മന്ദമണച്ചു ലാളിച്ചുഞാൻ.
അർദ്ധമീലിത നേത്രയായ്, മൂകയായ്,
ഉൾപ്പുളകമണഞ്ഞുല്ലസിച്ചു നീ...

പുഷ്പസൌരഭം ചേർത്തനിൻകാർകുഴൽ-
കെട്ടഴിച്ചുതലോടി, ലീലയാൽസുഖം
ശാരദേന്ദു സദൃശമാം നിൻമുഖം
പാരമെൻമാറോടുചേർത്തുലാളിച്ചുഞാൻ.
ഫുല്ലഹർഷസാന്ദ്രരൂപിണിയായ്, ചിരി-
ച്ചുല്ലസിച്ചുനീ രാഗാന്തരതിയിൽ...!

II

പ്രത്യുഷസ്സിൻ പ്രശാന്തിയിലിന്നേവം
നിർജ്ജനമായ വാഹിനീതീരത്തിൽ
സ്നാനശേഷം ധവളവസ്ത്രാഞ്ചിത-
മേനിയായ് മെല്ലെസഞ്ചരിക്കുന്നുനീ.
വാമഹസ്തേലസിപ്പൂ പരിമള-
ധാമമാമൊരു തൂമലർമാലിക.
ലാലസിപ്പൂ, നിൻഫാലമധ്യത്തിലായ്
ലോലസിന്ദൂരരേഖാതിലകവും.
ശംഖനിർമ്മിതകങ്കണം പാണിയിൽ
തങ്കിടുന്നു ശശിലേഖമാതിരി.
ഒട്ടുല്ലരെയായ്, ദേവാലയത്തിൽനി-
ന്നുത്ഗളിപ്പൂ മൃദുമേളരവം.
ഈ വിഭാതത്തിൽ മംഗലമൂർത്തിയാം
ദേവിയായ്നിന്നെ ദർശിച്ചിടുന്നു ഞാൻ.

ഇന്നലെ, രാവിലെൻപ്രേമധാമമായ്
സുന്ദരാകാരമാർന്നുശോഭിച്ചനീ,
ഹന്ത! ദേവിതൻരൂപത്തിലെൻമുന്നിൽ
വന്നതെന്തിനാണോ പുലർവേളയിൽ
മോഹമെല്ലാമകന്നിതാ ദൂരത്തു-
മേവുകയാണു സംഭ്രാന്തനായിഞാൻ...

* ടാഗോർകൃതിയിൽനിന്നു്.

—ം—

# ഗ്രീസ് തയാറാണ്

—o—

## യു. എസ്. സഹായം സ്വീകരിക്കാൻ

വാഷിംഗ്ടൺ, മാർച്ച് ൧൫—ഗ്രീസിലെ ഗവർമ്മെൻറിൽ ഉൾപ്പെട്ട കക്ഷികളും പ്രതിപക്ഷവും അമേരിക്കൻസഹായം സ്വീകരിക്കാൻ തയാറാണ് എന്നു പ്രസിഡൻറ ട്രൂമൻ പറയുന്നു. പ്രധാനമന്ത്രി മാക്സിമോസ്, പ്രതിപക്ഷനേതാവ് തെമിസ്റ്റോക്കിൾസ് ഈതോഫൌലിഡ് എന്നിവരുടെ സന്ദേശങ്ങൾ സൌഹാർദ്ദപരങ്ങളായിരുന്നു.

എന്നാൽ ഗ്രീസിലെ ഗവർമ്മെൻറ് കമ്യൂണിസ്റ്റുകാർ കൈവശപ്പെടുത്തുന്നപക്ഷം അതിൻെറ സൈനികമായ അർത്ഥമെന്തായിരിക്കുമെന്നുള്ളതിനെപ്പറ്റി സൈനികനേതാക്കന്മാരുടെ അഭിപ്രായം അറിയാൻ അമേരിക്കൻ സെനാറ്റർ ടാഫ്റ്റ് ആഗ്രഹിക്കുന്നു. (റായിട്ടർ)

—o—

# ബിഹാറിലെ മുസ്ലിങ്ങൾക്കു് ഉറപ്പ്

—o—

## ഹിന്ദുക്കൾക്കുവേണ്ടി ഗാന്ധിജിയുടെ പ്രസ്താവന

പാറ്റ്നാ, മാർച്ച് ൧൫—മേലാൽ തങ്ങൾ മുസ്ലിങ്ങളെ ഉപദ്രവിക്കുന്നതല്ലെന്നു് ഇന്നുതന്നെ സന്ദർശിച്ച മുസ്ലിങ്ങൾക്കു് മഹാത്മാഗാന്ധി ഹിന്ദുക്കൾക്കുവേണ്ടി ഉറപ്പുകൊടുത്തിരിക്കുന്നു. ബങ്കിപ്പൂർമൈതാനത്തുവച്ച് അൻപതിനായിരംവരുന്ന ഒരു ജനസമൂഹത്തോടായി ഇന്നലെ വൈകുന്നേരത്തെ പ്രാർത്ഥനായോഗത്തിൽ ചെയ്ത പ്രസംഗത്തിലാണ് മഹാത്മജി ഇതു പ്രസ്താവിച്ചതു്. താൻ അർപ്പിച്ചിട്ടുള്ള വിശ്വാസം ഹിന്ദുക്കൾ നിറവേറ്റാതിരിക്കയില്ലെന്നും പഞ്ചാബിലേയും ബംഗാളിലേയും ജനങ്ങൾക്കു ഒരു മാതൃക ആയിരിക്കത്തക്കവിധം ഇവിടെ പ്രവർത്തിക്കുമെന്നും മഹാത്മാഗാന്ധി പ്രതീക്ഷിക്കുന്നു.

മഹാത്മജി ഇന്നു വൈകുന്നേരം ബീഹാർഗവർണ്ണർ സർ ഹ്യൂഡൌനെ സന്ദർശിച്ചു. സന്ദർശനം അനൌപചാരികമായിരുന്നു. കഴിഞ്ഞ ലഹളകളെയും ഇന്നത്തെ സ്ഥിതിഗതികളെയുംപറ്റി ആയിരുന്നു സംഭാഷണമെന്നറിയുന്നു

മാർച്ച് ൯-ന് ഗാന്ധജി ആരംഭിച്ച ബീഹാർമുസ്ലീം ദുരിതാശ്വാസഫണ്ടിലേയ്ക്കു നാലുദിവസത്തിനുള്ളിൽ ൨൮൮൮ രൂപ ൧൧ അണ പൈസ പിരിഞ്ഞിരിക്കുന്നു. ഇന്നത്തെ പിരിവുമാത്രം ൧൮൮൮ രൂ ൧൧ അണയുണ്ടായിരുന്നു.

—o—

# ബ്രിട്ടനെ വിശ്വസിക്കാം

—o—

## സർ രാധാകൃഷ്ണൻെറ പ്രസ്താവന

കറാച്ചി മാർച്ച് ൧൫—ഇംഗ്ലണ്ടിൽനിന്നു ഇവിടെ വന്നുചേർന്ന സർ രാധാകൃഷ്ണൻ, ഇന്ത്യയ്ക്കു അധികാരം കൈമാററം ചെയ്യാനുള്ള ബ്രിട്ടീഷ് ഉദ്ദേശം ആത്മാർത്ഥമാണെന്നും, സ്വാതന്ത്ര്യവും ഏകീകൃതവും ബ്രിട്ടനോട് സൌഹാർദ്ദത്തിൽവർത്തിക്കുന്നതുമായ ഒരു ഇന്ത്യയെ കാണാനാണ് ബ്രിട്ടീഷ് ഗവർമ്മെണ്ടു ആഗ്രഹിക്കുന്നതെന്നും പ്രസ്താവിക്കുന്നു. ൧൯൪൮-ജൂണിൽ അധികാരകൈമാററം ചെയ്യുമെന്നു മി. ആററ്ലി പറയുന്നെങ്കിലും കാര്യത്തിൽ ഇൻഡ്യ ഇപ്പോൾതന്നെ സ്വതന്ത്രമാണെന്ന് അദ്ദേഹം അഭിപ്രായപ്പെടുന്നു. പാർലമെൻറിൽ മി. ചർച്ചിൽ ചെയ്ത പ്രസംഗം ഒരു ശവസംസ്കാരപ്രസംഗമായിരുന്നു. ജീവിതത്തിൽനിന്ന് സാമ്രാജ്യം ചരിത്രത്തിലേക്കു മറയുന്ന ഈ സന്ദർഭത്തിൽ ആ പ്രസംഗം സ്വാഭാവികമാണ്. അമേരിക്ക ലോകത്തിൻെറ അനേകം ഭാഗങ്ങൾ സാമ്പത്തികവികാസത്താൽ കീഴടക്കുകയും, റഷ്യ കൂടുതൽ കൂടുതൽ പ്രബലമായിത്തീരുകയും ചെയ്യുന്ന എന്നിരിക്കെ, ബ്രിട്ടന് ഇന്ത്യമാത്രമേ ഒരു കമ്പോളമായി കണക്കാക്കാൻ ശേഷിക്കുന്നുള്ളു. ഇന്ത്യ സാമ്രാജ്യത്തിൽനിന്ന് വിട്ടുപോകുകയെന്ന ആശയംതന്നെയും ബ്രിട്ടീഷുകാർക്ക് ഇപ്പോൾ അരോചകമല്ലാതായിത്തീർന്നിരിക്കുന്നു. ഇന്ത്യയുമായി ഒരു വാണിജ്യബന്ധമല്ലാതെ ഇവിടെ ആധിപത്യം വേണമെന്ന് അവർക്ക് തൽക്കാലം മോഹമല്ല. (എ-പി)

—o—

# തിരുവിതാംകൂറിൻെറ സ്വാതന്ത്ര്യസാദ്ധ്യത

## ദിവാൻജി അവർകളുടെ പ്രഖ്യാപനം

### സിലോൺ, ആസ്ത്രേലിയ, ബൽജിയം ഇവയ്ക്കു തുല്യമാണ് തിരുവിതാംകൂർ

തിരു: മാർച്ച് 16. തിരുവിതാംകൂർ ഭരണപരിഷ്കാരത്തെപ്പററി നാട്ടിലെ പ്രമാണികളിൽ ചിലരുമായി നടത്തിയ ചർച്ചകൾക്കിടയിൽ ദിവാൻജി അതിപ്രധാനമായ ഒരു പ്രഖ്യാപനം ചെയ്തിരിക്കുന്നു:—

1795-ൽ ബ്രിട്ടീഷുഗവർമ്മെൻറുമായി സന്ധിയിൽ ഏർപ്പെടുന്ന ഒരു സ്വതന്ത്രരാജ്യമായിരുന്നു തിരുവിതാംകൂർ. അതുപോലെതന്നെ 1948-ൽ, തിരുവിതാംകൂർ ബാഹ്യലോകവുമായിട്ടോ, ബാഹ്യലോകത്തിലെ ഏതെങ്കിലും രാജ്യവുമായിട്ടോ, പെരുമാറത്തക്കവിധം ഒരു സ്വതന്ത്രരാജ്യമായി തീരുന്നതാണ്.

സിലോണിലെ ജനസംഖ്യ ൬൫ ലക്ഷവും, ആസ്ത്രേലിയായിലേതു് ൭൦ ലക്ഷവും ബൽജിയത്തിലേതു് ൮൦ ലക്ഷവും, നാർവേയിലേതു് ൩൦ ലക്ഷവുമാണ്. ജനസംഖ്യകൊണ്ടും, വിഭവശക്തികൊണ്ടും ഇവയിലേതെങ്കിലും ഒന്നിനെപ്പോലെ സ്വതന്ത്രമായിരിക്കാൻ തിരുവിതാംകൂറിന് കഴിവുണ്ട്. രാജാവും പ്രജകളും തമ്മിൽ തർക്കങ്ങൾ ഉണ്ടെങ്കിൽ അവ ആഭ്യന്തരചർച്ചകൾക്കും, നിശ്ചയത്തിനും വിഷയമാകേണ്ടതാണ്, എന്നു അദ്ദേഹം പ്രസ്താവന ഉപസംഹരിച്ചു. അതിൻെറ പൂർണ്ണരൂപം താഴെ കാണുന്നതാണ്:—

ഗവർമ്മെൻറിൻെറ ഭരണപരിഷ്കാരനിർദ്ദേശങ്ങളെപ്പററി ആലോചിക്കുന്നതിനു വേണ്ടി ഇന്നലെ എന്നെ കണ്ടവരും ഇന്നും അടുത്തദിവസങ്ങളിലും കാണുന്നവരുമായ സ്നേഹിതന്മാരോട് ഞാൻ അത്യന്തം കൃതജ്ഞനാണ്. സൃഷ്ടിപരമായ നിർദ്ദേശങ്ങൾ സ്വീകരിക്കുന്നതിനും അവ ഭരണവ്യവസ്ഥയിൽ അംഗീകരിക്കുന്നതിനും ഗവർമ്മെൻറിന് അത്യധികം സന്തോഷമുണ്ടായിരിക്കുന്നതാണെന്ന് ആദ്യംതന്നെ പറഞ്ഞുകൊള്ളുന്നു. കുറെ ആളുകളോ, സംഘടനകളോ നിസ്സഹകരിക്കാനും, നിർദ്ദേശങ്ങൾ നൽകാതിരിക്കാനുമാണ വിചാരിക്കുന്നതെങ്കിൽ അവരെ ആരും തടയുന്നതല്ല. സ്വന്തം രീതിയിൽ പ്രവർത്തിക്കാൻ അവർക്കു പൂർണ്ണസ്വാതന്ത്ര്യമുണ്ടായിരിക്കുന്നതാണ്. എന്നാൽ പുതുതായി ഉൽഭവിച്ചിരിക്കുന്ന സ്ഥിതിഗതികൾമൂലം നിസ്സഹകരണനയം തുടരുകയില്ലെന്നു് ആശിക്കപ്പെടുന്നു. കഴിഞ്ഞ കുറെ ആഴ്ചകളിലെ സംഭവങ്ങളിൽ ചില മൌലികപ്രശ്നങ്ങൾ ചിന്താർഹങ്ങളായി ഉദിച്ചിരിക്കുന്നു. ഇന്നലെ അവയെപ്പററി പറയണമെന്ന് കരുതിയിരുന്നെങ്കിലും അതു് ഇപ്പോഴാകട്ടെയെന്ന് ഞാൻ വിചാരിക്കുന്നു. തിരുവിതാംകൂറിൻെറ രാഷ്ട്രീയവും ഭരണവ്യവസ്ഥാപരവുമായ നിലയെപ്പററി ഞാൻ പറയുന്നതു് പരസ്യമായിട്ടായിരിക്കുമെന്നു തോന്നുന്നു. എന്തെന്നാൽ നമ്മുടെ അഭിപ്രായവും പ്രവർത്തനമാർഗ്ഗവും ഏതെന്ന് ബാഹ്യലോകം അറിയേണ്ടിയിരിക്കുന്നു.

സ്റ്റേററുകളുടെ പൊതുവേയുള്ള നിലയെപ്പററി വിശിഷ്യ ആചാര്യകൃപലാനിയും, ചില സ്റ്റേററ് കോൺഗ്രസ്സ് അംഗങ്ങളും ചെയ്ത പ്രസ്താവനകളെ പരിഗണിച്ചു താഴെ പറയുന്ന സംഗതികൾ ഓർമ്മയിലിരിക്കേണ്ടതാണ്.

ഇന്ത്യൻസ്റ്റേററ് പ്രജകൾ അടിമകളുടെ അടിമകളാണെന്ന് ആചാര്യകൃപലാനി പറഞ്ഞതായി റിപ്പോർട്ടുചെയ്യപ്പെട്ടിരുന്നു. അദ്ദേഹത്തിന് അദ്ദേഹത്തിൻെറ അഭിപ്രായമാകാം. ഇന്ത്യൻനാഷണൽകോൺഗ്രസ്സിൻെറ പ്രസിഡൻറുമായി ഞാൻ കലഹം തുടരുന്നതല്ല. തിരുവിതാംകൂറിൽ, അഥവാ, ഇന്ത്യൻസ്റ്റേററുകളുടെകാര്യത്തിൽ ഇന്ത്യൻനാഷണൽകോൺഗ്രസ്സ് കൂടുതൽ ഊർജ്ജിതമായി ഇടപെടാത്തതിനെപ്പററി മി. പട്ടം താണുപിള്ള ഖേദിക്കുന്നതായും റിപ്പോർട്ടുചെയ്യപ്പെട്ടിരിക്കുന്നു. വെളിയിലുള്ളവർ നമ്മുടെ കാര്യങ്ങളിൽ ഇടപെടേണ്ടആവശ്യം നമുക്കില്ലെന്നുള്ള നിലയാണ് ഞാൻ എപ്പോഴും സ്വീകരിച്ചിട്ടുള്ളതു്. മഹാരാജാവുതിരുമനസ്സുകൊണ്ടും അവിടത്തെ പ്രജകളും മാത്രമാണ് ആവക കാര്യങ്ങൾ തീരുമാനിക്കേണ്ടതു്. ഭരണത്തെപ്പററി ജനങ്ങൾക്ക് പരാതിയുണ്ടെങ്കിൽ തിരുമനസ്സുകൊണ്ട് അക്കാര്യം തീരുമാനിക്കുന്നതാണ്. അതിനു വെളിയിൽനിന്നുള്ള നിർദ്ദേശങ്ങൾ ആവശ്യമില്ല.

ഇതൊന്നുംകൂടാതെ, ലോകസംഭവങ്ങൾ, അടുത്തകാലത്തുണ്ടായ പ്രസ്താവനകൾ എന്നിവയെ പരിഗണിച്ചു തിരുവിതാംകൂറിനുവേണ്ടി രൂപവൽക്കരിക്കപ്പെടുന്ന ഭാവിയെക്കുറിച്ചു ഞാൻ തല്ക്കാലം പറയണമെന്നു കരുതുന്നു.

ഏ. ഡി. 9-ാംനൂററാണ്ടുമുതൽ ഇവിടെ തുടർച്ചയായുള്ള ഒരു രാജവംശാവലി കാണാനുണ്ടു്. ഇംഗ്ലീഷുകാർ ജേതാക്കളായിട്ടല്ല തിരുവിതാംകൂറിൽ വന്നതു്. 1684-ൽ അവർ ആദ്യമായി കച്ചവടക്കാർ എന്ന നിലയിൽ അഞ്ചുതെങ്ങിൽ താമസമുറപ്പിച്ചു. മാർത്താണ്ഡവർമ്മ മഹാരാജാവു് രാജ്യം പടവെട്ടിപ്പിടിച്ചു ശ്രീപത്മനാഭന് അടിയറവച്ചു ഭരണം പുനഃസംഘടിപ്പിക്കുന്നതുവരെ അവർ കച്ചവടക്കാരായിത്തന്നെ തുടർന്നു. 1756-ൽ പോളിഗാർ സമരത്തിലും, പിന്നീടു ഹൈദരബാദ്, ടിപ്പു എന്നിവരുമായുള്ള യുദ്ധത്തിലും തിരുവിതാംകൂർ ഒരു സഖിയെന്നനിലയിൽ ബ്രിട്ടീഷുകാരെ സഹായിക്കയും, ആ നിലയിലുള്ള സഹായത്തെ അവർ അംഗീകരിക്കയും ചെയ്തിട്ടുള്ള, ബ്രിട്ടീഷ് ഗവർമ്മെണ്ടു്, സഖിയും, സുഹൃത്തുമായ തിരുവിതാംകൂർ മഹാരാജാവു്, എന്നിവർ തമ്മിൽ സമാധാനവും, സൌഹാർദ്ദവും നിലനിൽക്കുന്നു എന്നുള്ള അടിസ്ഥാനത്തിലാണ് 1784-ലെ ഉടമ്പടി ഉണ്ടായിട്ടുള്ളതു്. 1785-ൽ തിരുവിതാംകൂറിൻെറ അതിർത്തിയിൽ രണ്ടു് ബററാലിയൺപടയെ നിയോഗിക്കാൻ മഹാരാജാവു് ബ്രിട്ടീഷുകാരോട് ആവശ്യപ്പെടുകയുണ്ടായി. 1795-ൽ തിരുവിതാംകൂറിനെ വിദേശീയാക്രമണങ്ങളിൽനിന്നു രക്ഷിക്കാനുള്ള ഒരു സഖ്യം നടന്നു. ഇതു് തിരുവിതാംകൂറും ബ്രിട്ടീഷുകാരും തമ്മിലുള്ള ഒരു കാൺട്രാക്റ്റ് ആയിരുന്നു. അവസാനമായി 1805-ൽ ഉണ്ടായ ഉടമ്പടിയിൽ തിരുവിതാംകൂർ ചില ഉപദേശാവകാശങ്ങൾ വിട്ടുകൊടുത്തെങ്കിലും, ജയിച്ചടക്കലോ, പരമാധികാരം ഏറെറടുക്കലോ ഒന്നും അതിലും ഉണ്ടായിട്ടില്ല. ഈ പഴയ ചരിത്രം എങ്ങനെയിരുന്നാലും കഴിഞ്ഞ ഫെബ്രുവരി ൨൦-ാംതീയതിയിലെ പ്രസ്താവനയനുസരിച്ചു ൧൯൪൮ ജൂൺ ൧-ാംതീയതി താഴെകാണുന്ന നില സംജാതമാകുന്നതാണ്.

ഇന്ത്യൻസ്റ്റേററുകളുടെ അധികാരങ്ങൾ ബ്രിട്ടീഷിന്ത്യയിലെ യാതൊരു ഗവർമ്മെൻറിനും വിട്ടുകൊടുക്കുന്നതല്ല. 1948 ജൂൺ 1-ാംനു-വരെ ഒരു സമ്പ്രദായം എന്ന നിലയിൽ മേൽക്കോയ്മ അവസാനിക്കുന്നതുമല്ല. മുൻ ഉടമ്പടികൾ, ചരിത്രം, തിരുവിതാംകൂറിനെ കീഴടക്കിയിട്ടില്ലെന്നുള്ള വസ്തുത എന്നിവയെല്ലാം വിഗണിച്ചാലും, ആ തീയതിക്കുശേഷം അധീശാധികാരം അവസാനിക്കുന്നതാണ്. അതിനാൽ ഫലത്തിൽ 1948 ജൂണിൽ ഒരു സ്വതന്ത്രരാജ്യംതന്നെ നിലവിൽ വരുന്നതാണ്. ഇതിനിടയിൽ ചില കൂടിയാലോചനകൾ, ഉദാഹരണമായി, അഞ്ചുതെങ്ങ്, തങ്കശ്ശേരി, ചുങ്കം, താരിപ്പ്, ഇൻറർപോർട്ടൽ കൺവെർഷൻ, കൊച്ചിതുറമുഖം എന്നിവയെപ്പററിയുള്ള ആലോചനകൾ നടത്തേണ്ടിയിരിക്കുന്നു ഒരു സ്വതന്ത്രരാജ്യം എന്ന നിലയിലാണ് ഇതെല്ലാം നാം സാധിക്കേണ്ടതു്. (ഇവിടെ ദിവാൻജി മേൽക്കോയ്മ അവസാനിക്കുന്നതിനെപ്പററിയുള്ള സർ സ്റ്റാഫോർഡിൻെറ പ്രസ്താവനാഭാഗം ഉദ്ധരിച്ചു). ഈ അവസ്ഥയിൽ തിരുവിതാംകൂർ 1948-ൽ 1795-ലെ പദവിയിലേക്കുതന്നെ പോകുന്നതാണ്. അഥവാ 1948-ൽ നാം ബാഹ്യലോകത്തോടോ, അതിലെ ഏതെങ്കിലും രാജ്യത്തോടോ പെരുമാറത്തക്ക ഒരു സ്വതന്ത്രരാജ്യമായിത്തീരുന്നതായിരിക്കും. ഇന്ത്യയിൽ നിലവിൽവരുന്ന ഗവർമ്മെൻറുകളുമായി നാം തീർച്ചയായും ഉടമ്പടികൾ ചെയ്യേണ്ടിയിരിക്കുന്നു. എന്തെന്നാൽ പൊതുവേയുള്ള കാര്യങ്ങൾ ക്രമവൽക്കരിക്കാൻ അവ ആവശ്യമാണ്. (തുടരും)

—: എം. പി.

—o—

# ചൈനയ്ക്കു പ്രാതിനിധ്യത്തിനവകാശമുണ്ട്

—o—

## മാസ്കോ സമ്മേളനത്തിൽ ചൈനീസ് വക്താവിൻെറ പ്രസ്താവന

നാങ്കിങ്ങ്, മാർച്ച് 14. ജർമ്മനി, ആസ്ട്രിയ എന്നിവയെപ്പററിയുള്ള ചർച്ചകളിൽ പങ്കെടുക്കുന്നതിനു തങ്ങൾക്കു അവകാശമുണ്ടെന്നു വിദേശകാര്യമന്ത്രിമാരുടെ സമ്മേളനത്തിലെ അംഗങ്ങൾ എന്ന നിലയിൽ ചൈന കരുതുന്നതായി ഒരു ചൈനീസ് പ്രതിപുരുഷാലയവക്താവ് പ്രസ്താവിച്ചിരിക്കുന്നു. ഈ ചർച്ചകളിൽനിന്നു ചൈനയെ ഒഴിച്ചുനിർത്തിയിരിക്കയാണല്ലോ. ഐക്യരാഷ്ട്രങ്ങളുടെ ആദ്യയോഗങ്ങൾക്കു് ഉത്സാഹിച്ച വലിയ അഞ്ചു ശക്തികളുടെ കൂട്ടത്തിൽ ഒരു രാജ്യമാണ് ചൈന. പാരിസ് സമാധാനസമ്മേളനത്തിലെ വിദേശകാര്യമന്ത്രിമാരുടെ പല സമ്മേളനങ്ങളിലും ചൈന സംബന്ധിക്കുകയും ചെയ്തിരുന്നു.

ചൈനയെപ്പററി ചർച്ചചെയ്യാനുള്ള നിർദ്ദേശം, ഒരു രാജ്യത്തിൻെറ ആഭ്യന്തരകാര്യങ്ങളിൽ ഇടപെടുന്നതിനെതിരായി അററ്ലാൻറിക്ക് പ്രമാണത്തിൻെറ വ്യവസ്ഥയ്ക്കു വിപരീതമാണെന്ന് ഈ വക്താവു പ്രസ്താവിക്കുന്നു.

മാസ്കോകോൺഫറൻസിലോ അതിനു പുറമേയോ ചർച്ചചെയ്യുന്നതിനോടുള്ള തങ്ങളുടെ ശക്തിയായ എതിർപ്പ് പ്രകടമാക്കിക്കൊണ്ട് ഷാങ്കായിയിലെ അഞ്ചുപൊതുസംഘടനകൾ വിദേശകാര്യവകുപ്പുമന്ത്രിക്കും ഇന്നു മാസ്കോകോൺഫറൻസിനു കേബിൾചെയ്തിരിക്കുന്നു. മാസ്കോകോൺഫറൻസിൽവച്ചു ചൈനീസ് പ്രശ്നം ചർച്ചചെയ്യുന്നതിനു സമ്മതിക്കുന്നതു് വിദേശകാര്യമന്ത്രിമാരുടെ സമിതി ചൈനയുടെ പരമാധികാരത്തെ ലംഘിക്കുകയും യുദ്ധകാലസഖിയെന്ന നിലയിൽ ചൈനയെ അപമാനിക്കുകയും ചെയ്യുകയായിരിക്കുമെന്നും ആ സന്ദേശത്തിൽ പ്രസ്താവിച്ചിരിക്കുന്നു.

—o—

# കൊല്ലം

മീനം, ൧. കൊല്ലം സെൻറ് അലോഷ്യസ് ഹൈസ്കൂളിൽനിന്നും കഴിഞ്ഞ സ്കൂൾലീവിംഗ് പരീക്ഷയ്ക്കു് ഏററവും കൂടുതൽ മാർക്കോടുകൂടി വിജയിച്ചതിനുള്ള തോമസ് സ്റ്റീഫൻപ്രൈസ്, (വെള്ളക്കപ്പ്) ഇപ്പോൾ തിരുവനന്തപുരം എഞ്ചിനീയറിംഗ്കാളേജു് വിദ്യാർത്ഥിയായിരിക്കുന്ന ആർ. കൃഷ്ണമൂർത്തിഅയ്യർക്ക് ഇന്നലെ സ്കൂൾഹാളിൽകൂടിയ യോഗത്തിൽവച്ചു മാനേജർ സമ്മാനിച്ചിരിക്കുന്നു. (സ്വ-ലേ)

—o—

# പഞ്ചാബിൽ കയറരുത്

—o—

## ഭോപത്കറിനു നിരോധനാജ്ഞ

ഫെറോസ്പേർ, മാർച്ച് 15—അഖിലേന്ത്യാ ഹിന്ദുമഹാസഭാ പ്രസിഡൻറ് മി: ഭോപത്കർ, ജനറൽസിക്രട്ടറി മി: അശുതോഷലാഹിരി എന്നിവർ ലാഹോറിലെത്തിയപ്പോൾ പഞ്ചാബിൽ പ്രവേശിക്കരുതെന്നുള്ള നിരോധനാജ്ഞ അവരെ ഏല്പിക്കയുണ്ടായി. അവർ ഉടൻതന്നെ സ്ഥലംവിട്ടുപോകയുംചെയ്തു. നിരോധനാജ്ഞയെ പ്രതിഷേധിച്ചും അതു പിൻവലിക്കണമെന്നാവശ്യപ്പെട്ടും പഞ്ചാബ് ഹിന്ദുമഹാസഭയുടെ എക്സിക്യൂട്ടീവ് കമ്മിററി പ്രമേയം പാസ്സാക്കിയിരിക്കുന്നു.

(ഏ-പി)

—o—

# അഞ്ചുതെങ്ങും തങ്കശ്ശേരിയും തിരിയെ കിട്ടണം

—o—

(കേരളപ്രസ്സ്സർവീസ്)

തിരുവനന്തപുരം മാർച്ച് ൧൩—തിരുവിതാംകൂർദിവാൻ സർ സി. പി. രാമസ്വാമിഅയ്യർ അവർകൾ മാർച്ച് ൨൦-ാം തീയതി ഡൽഹിയിലേക്കു തിരിക്കുന്നതായി അറിയുന്നു. അദ്ദേഹം നാലഞ്ചുദിവസം അവിടെ താമസിക്കുന്നതാണ്. ഡൽഹിയിൽ അതിവിപുലമായ ഒരു കാര്യപരിപാടിയാണ് അദ്ദേഹത്തിനുള്ളത്. ഇപ്പോൾ ബ്രിട്ടീഷുഭരണത്തിലിരിക്കുന്നതും തിരുവിതാംകൂറിൻെറ അതിർത്തിയിൽപെട്ടതുമായ അഞ്ചുതെങ്ങ്, തങ്കശ്ശേരി എന്നീ സ്ഥലങ്ങൾ തിരിച്ചുകിട്ടുന്നതിലേക്കുള്ള ശ്രമവും ഈ പരിപാടിയിൽ ഉൾപ്പെടുമെന്നാണറിയുന്നത്.

—o—

കേന്ദ്രഅസംബ്ളി

# വെളിയിലുള്ള ഇന്ത്യൻ സേനകളെ പിൻവലിക്കും

## കേന്ദ്രഅസംബ്ളിയിൽ ഡിഫൻസ് സെക്രട്ടറിയുടെ പ്രസ്താവന

ന്യൂഡെൽഹി, മാർച്ച് 14—ഡിഫൻസുവകുപ്പിൻെറ നയത്തെപ്പററി ചർച്ചചെയ്യുവാൻ മി. ശ്രീപ്രകാശ അവതരിപ്പിച്ച ഖണ്ഡനോപക്ഷേപത്തെപ്പററി സംസാരിച്ചുകൊണ്ട് ഡിഫൻസ്സെക്രട്ടറി മി: ജി. എസ്. ഭാൽജ പ്രസ്താവിച്ചതു് കഴിയുന്നതും വേഗത്തിൽ പുറത്തുള്ള എല്ലാം ഇന്ത്യൻഭടന്മാരെയും പിൻവലിക്കുകയെന്നുള്ളതാണ് ഗവമ്മെൻറിൻെറ നയം എന്നാണ്. "ഏതായാലും കഴിഞ്ഞ യുദ്ധത്തിനിടയ്ക്കുണ്ടായ ഉടമ്പടികളെയും ആക്രമണത്തിൽപ്പെട്ട ശിഥിലമായിപ്പോയ അയൽരാജ്യങ്ങളിലെ യുദ്ധാനന്തരനിലകൾ മൂലമുണ്ടായിട്ടുള്ള പ്രശ്നങ്ങളെയും പരിഗണിച്ച് ആ രാജ്യങ്ങൾക്ക ആവശ്യമെന്നുള്ളിടത്തോക്കെ ദേശീയപ്രസ്ഥാനത്തെ അമർച്ചചെയ്യാൻ പടയെ ഒരുതരത്തിലും ഉപയോഗിക്കയില്ലെന്ന വ്യവസ്ഥയിൽ നമ്മുടെ ഭടന്മാരെ പാർപ്പിക്കുവാൻ അനുവദിക്കുന്നതിനു നാം തയ്യാറാണ്."

ഈജിപ്റ്റിൽനിന്നും പാലസ്റ്റൈനിൽനിന്നും പെട്ടെന്നുതന്നെ ഇന്ത്യൻപട്ടാളത്തെ പിൻവലിക്കുവാൻ ഗവമ്മെൻറ് തീരുമാനിച്ചിരിക്കുന്നു. എല്ലാ തല്പരകക്ഷികളുമായി കൂടിയാലോചിച്ചശേഷം ബർമ്മായിലും മലയായിലുംനിന്നു നമ്മുടെ പട്ടാളത്തെ പിൻവലിക്കുവാനും ഞങ്ങൾ തീരുമാനിച്ചിരിക്കുന്നു.

—o—

# അഭയാർത്ഥികൾ തിരിയെ വരുന്നു

—o—

പെഷവാർ, മാർച്ച് 15—സമാധാനക്കമ്മിററിയുടെ പരിശ്രമത്താൽ, കോഹററ് കൻറോൺമെൻറുപ്രദേശത്തിൽനിന്നു ഹിന്ദുക്കളും സിക്കുകാരുമായ അഭയാർത്ഥികളിൽ 75 ശതമാനവും വീണ്ടും കോഹററ് പട്ടണത്തിൽ തിരിച്ചെത്തിയിരിക്കുന്നു.

(ഏ-പി)

—o—

# മി: ശങ്കുപ്പിള്ളയെ മോചിപ്പിക്കുന്നതല്ലെന്നു്

—o—

## ഐക്യകേരള കാൺഫറൻസ് അധികൃതക്കു മറുപടി

(കേരളപ്രസ്സ് സർവ്വീസ്)

തിരുവനന്തപുരം മാർച്ച് ൧൩—ബോംബയിൽ നടക്കുന്ന ഐക്യകേരളകാൺഫറൻസിൽ ആദ്ധ്യക്ഷംവഹിക്കാൻവേണ്ടി തടങ്കലിൽ പാർപ്പിച്ചിരിക്കുന്ന ശ്രീ കുമ്പളത്തു ശങ്കുപ്പിള്ളയെ മോചിപ്പിക്കണമെന്നു യോഗഭാരവാഹികൾ തിരു: ഗവമ്മെൻറിനോടപേക്ഷിച്ചിരുന്നതായും ഈ അപേക്ഷ നിരസിച്ചുകൊണ്ട ഗവമ്മെൻറിൽനിന്നു യോഗംസെക്രട്ടറിക്കു മറുപടി കൊടുത്തിരിക്കുന്നതായുമറിയുന്നു. വിദ്വേഷപരമായ പ്രവർത്തനങ്ങളിൽനിന്നും വിരമിക്കാമെന്നുറപ്പുകൊടുത്താലല്ലാതെ മോചിപ്പിക്കുവാൻ സാധിക്കുന്നതല്ലെന്നാണ ഗവമ്മെൻറാർഡറിൽ പറഞ്ഞിരിക്കുന്നതെന്നുമറിയുന്നു.

—o—

# മി: എം. എൻ. ഗോവിന്ദൻനായർ അറസ്റ്റിൽ

—o—

കൊല്ലം, മീനം ൨. ഒരു കമ്മ്യൂണിസ്റ്റ് പ്രവർത്തകനും ഏതാനുംമാസക്കാലമായി ഒളിവിൽ കഴിഞ്ഞയാളുമായ മി: എം. എൻ. ഗോവിന്ദൻനായരെ ഇന്നുവെളുപ്പിനു മൂന്നരമണിക്ക് അഞ്ചൽപകുതിയിൽപെട്ട വടമൺ അരിപ്പപാച്ചിൽ കരിക്കത്തിൽവച്ച് ഏ. എസ്. പി. മി: മരിയാർപൂതവും പാർട്ടിയുംചേർന്ന് അറസ്റ്റ് ചെയ്തിരിക്കുന്നു. റോഡു വിട്ട് ഉദ്ദേശം അഞ്ചുമൈൽ അകലെ കാട്ടുപ്രദേശത്തുള്ള ഒരു കുടിലാണ് മി: ഗോവിന്ദൻനായർ സങ്കേതമാക്കിയിരുന്നതെന്നറിയുന്നു. മി: നായരെ ഇന്നുരാവിലെ ഇവിടെകൊണ്ടുവന്നു കസ്റ്റഡിസ്റ്റേഷനിൽ സൂക്ഷിച്ചിരിക്കുന്നു.

(സ്വ: ലേ)

—o—

# നാഷനലിസ്റ്റ് മുസ്ലിം യോഗം

—o—

ന്യൂഡെൽഹി, മാർച്ച് 15. ഇന്നു മൗലാനാ അസാദിൻെറ വസതിയിൽവച്ച് ദേശീയമുസ്ലിങ്ങളുടെ ഒരു യോഗംകൂടി.

ജമയത്തുൽ ഉലേമായി ഹിൻഡ് വക്കിങ്ങ്കമ്മററി അതിൻെറ രണ്ടുദിവസത്തെ സമ്മേളനം ഇന്ന് അവസാനിപ്പിച്ചിരിക്കുന്നു. വർഗ്ഗീയമായ അടിസ്ഥാനത്തിൽ നാടിനെ ഭാഗിക്കുന്നതിനോടുള്ള വെറുപ്പും, ഏകീകൃതഭാരതത്തിലുള്ള വിശ്വാസവും രേഖപ്പെടുത്തിക്കൊണ്ടുള്ള പ്രമേയം കമ്മററി പാസാക്കി. പഞ്ചാബുവിഭജനത്തെപ്പററയുള്ള കാൺഗ്രസ്സ് വക്കിങ്ങ് കമ്മററിയുടെ പ്രമേയം അതിൻെറ വിശ്വാസപ്രമാണങ്ങൾക്കെല്ലാം വിരുദ്ധമാണെന്നും അവർ അഭിപ്രായപ്പെടുന്നു.

(ഏ. പി)

—o—

# പുരാണകാലയിൽ

—o—

## ഏഷ്യൻകാൺഫറൻസ്

ന്യൂഡെൽഹി, മാർച്ച് 15—ഏഷ്യൻ റിലേഷൻസ് കാൺഫറൻസിൽ സംബന്ധിക്കുന്നതിനായി 17 പേരടങ്ങിയ ഒരു റഷ്യൻ ഡെലിഗേഷൻ മാസ്ക്കോയിൽനിന്നു് ഡൽഹിയിലേക്കു പുറപ്പെട്ടിരിക്കുന്നു. ആഫ്ഗൺ പ്രതിനിധികൾ നാളെ വന്നുചേരുമെന്നു പ്രതീക്ഷിക്കപ്പെടുന്നു.

ഇന്ത്യാചരിത്രത്തിലെ അനേകമനേകം ഏടുകളുടെ അവശിഷ്ടങ്ങൾ ധാരാളം അടങ്ങിയ ഒരു സ്ഥാനത്തു നിർമ്മിക്കപ്പെട്ട പുരാണകില എന്ന ദുർഗ്ഗത്തിൻെറ ഇടിഞ്ഞുപൊളിഞ്ഞതെങ്കിലും ബൃഹത്തായ പഴയ പണികൾക്കുള്ളിൽ അതിവേഗത്തിൽ സമ്മേളനപ്പന്തൽ തീർക്കുന്നതിനുവേണ്ടി ജോലിക്കാർ രാപകൽ ഒന്നുപോലെ വേലചെയ്തുകൊണ്ടിരിക്കുന്നു. പതിനായിരംപേർക്കുള്ള ആസനസൗകര്യമാണ തയാറാക്കാൻ ഉദ്ദേശിക്കുന്നതു്. ഇതിനകം 3000-ടിക്കററുകൾ വിററുകഴിഞ്ഞിരിക്കുന്നു.

പന്തലിനുകിഴക്ക് 400-വർഷത്തിനുമുമ്പ് ഷെർഷാ പണികഴിച്ച മുസ്ലിംപള്ളി താരതമ്യേന പുതുതായി കാണപ്പെടുന്നു.

—o—


# ടാക്കീസു

കൊല്ലം ലക്ഷ്മീടാക്കീസിൽ
P. U. ചിന്നപ്പാ, T. S. ബാലയ്യാ,
M. V. രാജമ്മ, കൃഷ്ണൻ മധുരം
അഭിനയിച്ച
**ഉത്തമപുത്രൻ**
എന്ന തമിഴ്ചിത്രം

ആലപ്പുഴ ശ്രീകൃഷ്ണാടാക്കീസിൽ
മഹത്തായ 3-ാംവാരം
M. S. സുബ്ബലക്ഷ്മി, G. N. B, N. S. കൃഷ്ണൻ, T. A. മധുരം അഭിനയിച്ച
**ശകുന്തള**
എന്ന തമിഴ്ചിത്രം

കരുനാഗപ്പള്ളി
ശ്രീ വിദ്യാധിരാജ് ടാക്കീസ്സിൽ
ഹൊന്നാലിംഗം, കുമാരിരുഗ്മിണി
മുതലായവർ അഭിനയിച്ച
**ശ്രീ വള്ളി**

അമ്പലപ്പുഴ ഗോപാടാക്കീസിൽ
എം. കെ. രാധ, പുഷ്പവല്ലി, മുതലായവർ
അഭിനയിച്ച പുതിയ തമിഴ്ചിത്രം
**ദാസി അപരഞ്ചി**
വിക്രമാദിത്യൻകഥ
അമ്പലപ്പുഴ ഉത്സവം പ്രമാണിച്ച് ൨, ൩, ൪, തീയതികളിൽ ൩ പ്രദർശനങ്ങൾ

പറവൂർ ബേബിടാക്കീസിൽ
പി. യു. ചിന്നപ്പാ, എം. വി. രാജമ്മ,
കാളി എൻ. രത്നം, എം. എസ്. സരോജാ; ററി. ആർ. രാമചന്ദ്രൻ
അഭിനയിച്ച
**അർദ്ധനാരി**

കൊല്ലം ബേബിടാക്കീസിൽ
പ്രസിദ്ധ ഇംഗ്ലീഷ്നടന്മാർ
അഭിനയിച്ച
**ടാർസാൻെറ വിജയം**

കൊല്ലം S. M. P. പാലസ്സിൽ
**രത്തൻ**
മീനം 4-ാംനു- അവസാനദിനം






10 എണ്ണം അടങ്ങിയ പാക്കററിനു 12 ണ.

നവീനവും ചെലവു കുറഞ്ഞതുമായ ക്ഷൌരത്തിനു് സെവനോക്ലാക്ക് ബ്ളേഡുകൾ ഉപയോഗിക്കുക. മൂർച്ചയ്ക്കും, മിനുസത്തിനും, സുഖക്ഷൌരത്തിനും മററും സെവനോക്ലാക്കിനെപ്പോലെ സഹായവിലയ്ക്കു് മററൊരു ബ്ളേഡുമില്ല.

സെവനോക്ലാക്ക് ബ്ളേഡുകൾ




## ലാഹൂളിൽ

ലാഹൂൾ എന്ന ഉന്നതതടം പശ്ചിമ ടിബറ്റിന്റെയും ഉത്തരപഞ്ചാബിന്റെയും മദ്ധ്യേ സ്ഥിതിചെയ്യുന്നു. ഈ മലനാട്ടിനു സമുദ്രനിരപ്പിൽനിന്നും 10,000 അടിയിൽ കുറയാത്ത ഉയരമുണ്ട്. ചെമ്മരിയാട്ടുകൾക്കും പ്രസിദ്ധിയുള്ള പാഷ്മീനക്കോലാടുകൾക്കും സൈ്വരമായി മേയുവാൻ പററിയ പച്ചപ്പുൽത്തകിടികളും ഇതിൽ ഉണ്ട്. ഇവിടുത്തെ കാലാവസ്ഥയും ഭൂപ്രകൃതിയും ജനങ്ങളുടെ വളർച്ചയ്ക്കു യോജിച്ചതായതിനാൽ ജനങ്ങൾ ദൃഢഗാത്രന്മാരാണ്. എന്നാലും സ്ത്രീകൾക്കു ആഭരണാദിവിശേഷവസ്തുക്കളിലുള്ള ആഗ്രഹത്തെ അടക്കിനിർത്തുവാൻ അസാദ്ധ്യമാണ്. വിശേഷദിവസങ്ങളിൽ ലാഹൂൾ സ്ത്രീകൾ അംബർ, നീലം, പവിഴം, വെള്ളി മുതലായവകൊണ്ടുള്ള ആഭരണങ്ങൾ ഒന്നായി ചേർത്തണിയുന്നതു് അതിവിചിത്രമായ ഒരു കാഴ്ചതന്നെയാണ്.

ശുദ്ധമനസ്കരും സ്നേഹമുള്ളവരുമായ ഇവരോടുള്ള സമ്പർക്കം തുടർന്നുവരുന്നതിനു് ഹിമാലയപർവ്വതപംക്തികൾ തടസ്സമായിരിക്കുന്നു. എന്നാലും ഈ വിദൂരസ്ഥലത്തു ഹമാം സോപ്പ് എങ്ങിനെയോ കടന്നുകൂടിയിരിക്കുന്നു.




# ഹമാം

ഭാരതം ഒട്ടാകെ
ഇഷ്ടപ്പെടുന്ന സോപ്പ്

ടാറ്റാ വില്പനശാല
നമ്പർ 4 117 ടിച്ചി
റോഡ്, കോയമ്പത്തൂർ

ദി ടാററാ ഓയിൽമിൽസ് കമ്പനി
ലിമിററഡ്.



## ബാങ്കർ ചന്ദ്രശേഖരൻ

വില രൂ. 1. ണ. 4.
ശ്രീരാമവിലാസം പ്രസ്സ്, കൊല്ലം.


ഗ്രന്ഥവിഹാരം—

# കേരളവർമ്മസ്മാരകം ഉപഹാരമാല

പ്രകാശകൻ,
രാജ്യസേവാനിരതൻ കെ. ജി പരമേശ്വരൻപിള്ള
ശ്രീരാമവിലാസം പ്രസ്സ് — കൊല്ലം.
വില രൂ: ൨. അ: ൮.

കേരളത്തിൽ ഇന്നു ജീവിച്ചിരിപ്പുള്ള സാഹിത്യകാരന്മാരിൽ അഗ്ര്യപൂജിതനും മഹാകവിമൂർദ്ധന്യനും പണ്ഡിതാഖണ്ഡലനും ആയ ഉള്ളൂർ ഡി ജേന്ദ്രൻസമാഹരിച്ചതാണ് ഈ ഉപഹാരമാല. ആ അഗ്ര്യകുലോത്ഭവന്റെ അനുഗൃഹീതഹസ്തങ്ങൾ തന്നെയാണ് ദേവി കൈരളിക്കു ചാർത്തിയിട്ടുള്ളതും. കേരളവർമ്മദേവന്റെ ശതവർഷാഘോഷത്തിന് ആ കേരളകാളിദാസന്റെ അപദാനസ്മരണകൾ കൃതജ്ഞതാവികസ്വരമായി തീരുന്നതാണ് ഇതിലെ സന്ദർഭം. അഭിജ്ഞലോകത്തിന്റെ ആത്മസംഭാവന. ചാരിതാർത്ഥ്യമധുപ്രസന്നം, വാസനാവികസിതം കൈരളീക്ഷേത്രത്തിലെ കലോത്സവപൂജയ്ക്കു് ഒരുക്കയിരിക്കുന്ന ഈ കാഴ്ചദ്രവ്യം അഭിരാമരമണീയതകൊണ്ട് അത്ഭുതപൂർവമായിട്ടുണ്ട്.

കൊണ്ടൽക്കോളാൽ കലിതകുതുകം പീലിയെല്ലാം പരത്തിക്കൊണ്ടു കേകാരാവം പൊഴിയുന്ന മയൂരസന്ദേശം ചെവിക്കൊണ്ട് അലസരവിലസിതയായ ഒരു വിലാസിനി ചലചേലാഞ്ചലചഞ്ചലേക്ഷണയായി വിരഹവിധുരീഭാവമാർന്നു നില്ക്കുന്ന ത്രിവർണ്ണമുഖചിത്രം കേരളവർമ്മസ്മാരകത്തിന്റെ ബാഹ്യശോഭയെ വർദ്ധിപ്പിക്കുക മാത്രമല്ല, വിസ്മൃതമായ പൂർവകാലസംഭവങ്ങളുടെ പുനഃപ്രകാശനം സാധിച്ചു കലാസ്വാദകമായും വിസ്മേരമാക്കിച്ചെയ്യുന്ന ഒരു ഭാവനാപ്രപഞ്ചമായിത്തന്നെ പ്രത്യക്ഷപ്പെടുന്നു. കേരളവർമ്മദേവന്റെയും അററിടത്തെ ഇഷ്ടപ്രാണേശ്വരിയുടെയും മനോഹരചിത്രങ്ങൾ, മഹാകവിയുടെ അവതാരിക, മഹാരാജാവു തിരുമനസ്സിലെ സമുജ്ജ്വലമായ ഛായാവിഗ്രഹം ഇവകളുടെ അനുക്രമത്തിനുശേഷം വള്ളത്തോൾകവിതയുടെ കളമർമ്മരശ്രുതിമീട്ടൽകൊണ്ടു രംഗവിധാനം ആരംഭിക്കുന്നു. ഒട്ടേറെ വയസ്സിന്റെ വൻഭാരം ചുമക്കയാൽ പ്രസാദം കുറഞ്ഞു് ഇയ്യിടെ കാണാറുള്ള വള്ളത്തോൾകവിത, തളർച്ചവിട്ടു മൃദംഗനാദഗുണപ്രയുക്തവിവിധാലങ്കാരത്തോടുകൂടി വീണ്ടും അരങ്ങേറി ലളിതനടനം തുടങ്ങിയതിന്റെ കളലളിതകോലാഹലം. ആ വിലാസലതികയിൽ വിടർന്ന ഒരു വാടാമലരാണ്, ഈ ഉപഹാരമാലയിൽ ആദ്യം പെടുന്നതു്.

"രസോത്തരം സ്നിഗ്ദ്ധഗഭീരശബ്ദ
മക്കാളിദാസോദിതമേഘമല്ലീ-
നൃത്തം ചവിട്ടിച്ചു, ഭവൽകവിതാ-
പ്പൂങ്കാവിലീമഞ്ജുമയൂരകത്തെ.

പ്രാജ്യൈഃ പ്രവാളൈർമണിഭിർമിതൈശ്ച
ത്വയാകൃതാഭിഃ കൃതമാലികാഭിഃ
വിഭൂഷിതാംഗീ ഖലു കൈരളീയം
പ്രായേണ ദിവ്യാം ഗിരമന്വകാർഷീൻ

എന്നിങ്ങനെ ഉപജാതിയിൽപെടുന്ന ആ കവിത കേരളവർമ്മദേവനെപ്പററി വള്ളത്തോളിനുള്ള ഭക്ത്യാദരഭരിതമായ ഹൃദയത്തെ വെളിപ്പെടുത്തുകയും ചെയ്യുന്നു. വള്ളത്തോൾകവിത ഈ കേരളവർമ്മസ്മാരകത്തിൽ പദ്യസാമ്രാജ്യപട്ടാഭിഷിക്തയായി പ്രശോഭിക്കുന്നുവെങ്കിൽ, ഉള്ളൂർ മഹാകവിയുടെ ഗദ്യലേഖനം, നമ്മുടെ സാഹിത്യചക്രവർത്തി സാർവഭൗമപ്രതാപത്തോടും സിംഹാവലോകനപ്രശസ്തതയോടുംകൂടി ആ മഹാസാമ്രാജ്യം അടക്കിഭരിച്ചു നലകൊള്ളുന്നു.

കേരളവർമ്മവലിയകോയിത്തമ്പുരാന്റെ സംഭവബഹുലമായ ജീവചരിത്രത്തെ സംഭാവനംചെയ്തു ആ കവികുലകൂടസ്ഥന്റെ സർവതോമുഖമായ വിജ്ഞാനഭണ്ഡാഗാരത്തിലെ രത്നോജ്ജ്വലതകളുടെ കാന്തിയും മൂല്യവും നിർണ്ണയിച്ചു, സ്വച്ഛനിർമ്മല നിർഗ്ഗളൽസുരസരിൽപാതംപോലെ ധാരാവാഹിയായി പ്രവഹിക്കുന്ന ആ സാരസ്വതചൈതന്യം ഉള്ളൂർ മഹാകവിയുടെ പ്രതിപാദനചാതുര്യവും സൂക്ഷ്മപൃക്ഷണോടുള്ള അന്യൂനബഹുമാനവുംകൊണ്ടു അന്യാദൃശമായി തീർന്നിരിക്കുന്നു. കേരളവർമ്മദേവന്റെ ജീവചരിത്രം പഞ്ചലക്ഷണാന്വിതമായ ഒരു ഇതിഹാസമാക്കിയതിൽ മഹാകവിത്വവും തമ്പുരാന്റെ സംസ്കൃതത്തിലും മലയാളത്തിലുമുള്ള ഗ്രന്ഥപരമ്പരകളെ വിമർശിക്കുന്നതിൽ പ്രദർശിപ്പിക്കുന്ന അന്യാദൃശമായ നിരൂപണവൈദഗ്ദ്ധ്യവുംകൂടി സമ്മേളിച്ചു ഉള്ളൂർ മഹാകവിയെ നമ്മുടെ സാഹിത്യചക്രവർത്തിപദത്തിൽ ദർശിക്കുവാൻ സാധിക്കുന്നു. ഭാഷാവൃത്തങ്ങളെപ്പററി ശ്രീ. ആററൂർകൃഷ്ണപിഷാരടിയുടെ ഉപന്യാസം ഒന്നു വായിച്ചുതള്ളാനുള്ളതല്ല, ശ്രദ്ധാപൂർവ്വമായ ആ ശാസ്ത്രവിചാരം അഭ്യാസസിദ്ധമായ പാണ്ഡിത്യത്തിന്റെ തഴക്കത്തിൽനിന്നുണ്ടായ തിളക്കംകൊണ്ടു തികച്ചും അദ്ധ്യയനയോഗ്യമായി ഭവിക്കുന്നുണ്ട്.

ജാതഃ പർപ്പനുപാല നിർമ്മലകുലേ
ശിക്ഷാഗുണാഢ്യീമതോ!
പിത്രോരുലബ്ധ സദ്ഗുണോ
ജപലമതി; ശ്രീകേരളക്ഷ്മാപതി!

എന്നു് അനായാസമായവിധം സംസ്കൃതകവനംചെയ്യുന്ന കാർത്തികനാൾ തമ്പുരാട്ടി ശ്രീമൽ കേരളവർമ്മദേവഭാഗിനേയിയാണെന്നു ബോധം പ്രത്യക്ഷമാകുന്നു.

കേരളവർമ്മദേവന്റെ ഭാഷയെസംബന്ധിച്ചു് കല്യാണികൃഷ്ണമേനവന്മാരുടെ സാമാന്യചിന്തനം സൂക്ഷ്മപൃക്ഷണോടു ആ വന്ദ്യദമ്പതികൾക്കുള്ള അകൈതവമായ കൃതജ്ഞതയുടെ ബഹിപ്രകാശനം തന്നെയാണ്. ശ്രീ, കവിതിലകൻ വടക്കുംകൂറിന്റെ കാളിദാസനും കേരളകാളിദാസനും ഒരു താരതമ്യപഠനമാണ്. കാളിദാസന്റെ രഘുവംശം അഭിജ്ഞാനശാകുന്തളം മേഘസന്ദേശം, എന്നിവയുടെ ദിങ്മാത്രദർശനത്തിൽനിന്നുകൊണ്ടു വിശാഖവിജയം ഭാഷാശാകുന്തളം മയൂരസന്ദേശം എന്നിവയെ വിദഗ്ദ്ധപരിശോധനചെയ്തു ഒരു മാതൃകാപാഠം നടത്തുകയാണ് രാജാവവർകൾ ഇതുകൊണ്ടു സാധിച്ചിരിക്കുന്നതു്. അതു് അതിമാത്രം പ്രയോജനവുമാകുന്നുണ്ട്. വ്യാകരണസാഹിത്യശിരോമണി പി. കൃഷ്ണൻനായരവർകളുടെ ശാന്തരസവിചാരം താർക്കികോപജ്ഞമായ പ്രതിഭാപ്രകാശത്തിൽ ആ രസസ്വരൂപത്തിന്റെ സർവാവയവങ്ങളും അനുവാചകനു പ്രത്യക്ഷമാക്കിക്കൊടുക്കുന്നു. സാഹിത്യമാത്ര പ്രസിദ്ധമായ രസത്തിന്റെ ആലംബനോദ്ദീപനങ്ങളും സഞ്ചാരിഭാവവും സ്ഥായിപ്രകർഷവും മററും ഇന്നത്തെ മുഗ്ദ്ധശിരസ്കന്മാരുടെ തലയിൽ കയറുന്നതെങ്ങനെയെന്നു കണ്ടറിയേണ്ടതായിത്തന്നെ ഇരിക്കുന്നു. എന്തായാലും കേരളവർമ്മസ്മാരകത്തിലെ ഒരു ശിരോമണി പ്രബന്ധമാണിതെന്നു അഭിജ്ഞന്മാർ സമ്മതിക്കും. ശ്രീ. പി. അനന്തൻപിള്ളയുടെ കേരളവർമ്മദേവന്റെ ആട്ടക്കഥകൾ, ആ സാഹിത്യശാഖയിൽ പുഷ്പിച്ചിട്ടുള്ള വിവിധകുസുമങ്ങളിലേയും മകരന്ദദ്രവമാധുരീരസജ്ഞതമായിട്ടാണു അനുഭവപ്പെടുക.

ശ്രീ. കെ. വി. മാനൻഗുരുക്കളുടെ മയൂരസന്ദേശപരമായനിരൂപണം, ഇന്നത്തെ നിരൂപകമന്യന്മാർ ശ്രദ്ധാപൂർവ്വം അഭ്യസിക്കേണ്ട, അനുകരിക്കേണ്ട, സംവിധാനത്തോടുകൂടിയതാണ്. രസാനുഗുണമായ, വൃത്ത രീതി പാകം ഗുണങ്ങൾ തുടങ്ങിയവയെ നിബന്ധിക്കുന്നതിലും കവിയുടെ നൈപുണി വെളിപ്പെടുത്തുന്നതിലും, നിരൂപകകൃത്യത്തിന്റെ ശ്രമാവഹസ്ഥിതി എത്രയെന്നുള്ളതു് ആലേഖനംമുഖേനകൂടി നമ്മോടുപദേശിക്കുന്നു. മാതൃഭാഷയിൽക്കൂടിനമുക്കു ലഭിക്കുന്ന സംസ്കാരത്തിന്റെ സമുൽകർഷനിലയെപ്പററി ശ്രീ. അമ്പാടി കാർത്ത്യായനിഅമ്മ നൽകുന്ന ശ്രദ്ധേയമായ വിവരണങ്ങൾ ദേശാഭിമാനവിജൃംഭിതംകൂടെയാണ്. ആ അക്ഷയപാത്രം എന്ന ശ്രീ. എം. ആർ. ബാലകൃഷ്ണവാര്യരുടെ ലേഖനം കേരളവർമ്മദേവന്റെ അപ്രകാശിതമായ കവനലേഖനങ്ങളിൽ പലതിനെയും പ്രകാശവത്താക്കിത്തീർക്കുന്നു. ആസ്വാദ്യമായ കലാവിഭവങ്ങൾ പലതും ആ അക്ഷയപാത്രത്തിൽനിന്നു അനുവാചകനു അനുഭവപ്പെടും. സംസ്കൃതനാടകങ്ങളുടെ അഭിനേയത ശ്രീ. ഇ. രാഘവവാര്യരുടെ, പാശ്ചാത്യപൌരസ്ത്യമായ വിജ്ഞാനത്തിന്റെ പ്രാതിനിധ്യം വഹിക്കുന്നതായിട്ടുണ്ട്. ശ്രീ. ചിറയ്ക്കൽ രാമവർമ്മ വലിയരാജാവവർകളുടെ കേരളവർമ്മപ്രസ്ഥാനം സംക്ഷിപ്തമെങ്കിലും സാരഭൂയിഷ്ഠമായ ഒരു സാഹിത്യനിബന്ധനമായിട്ടുണ്ട്. ശ്രീ. പി. സി. ദേവസ്യയുടെ കലയിലെ ഒരു നവീനപ്രസ്ഥാനം എങ്ങനെ ഉപജ്ഞാതമായിയെന്നും അതെങ്ങനെ പരിപുഷ്ടമാകുന്നുവെന്നും, ആ ലേഖനം വായിച്ചുതന്നെ അറിയേണ്ടതാണ്.

കേരളവർമ്മ ശതവത്സരാഘോഷപരമായ ശ്രീ: പി. വി. കൃഷ്ണവാരിയരുടെ പുരാവൃത്തപരാമർശമായ ഇതിവൃത്തകഥനം കേരളവർമ്മദേവനെ സംബന്ധിച്ച പല നൂതനവിജ്ഞാനങ്ങളും അരുളുന്നവയാണ്. മഹോപാദ്ധ്യായൻ പി. വി. കൃഷ്ണൻനായർ ബി. ഒ. എൽ. വക്രോക്തിയും മയൂരസന്ദേശവും എന്ന ലേഖനത്തിൽ രാജാനകകുന്തകന്റെ വക്രോക്തി കാവ്യജീവിതം എന്ന മതത്തെ പ്രമാണമാക്കിക്കൊണ്ട് മയൂരസന്ദേശത്തെ വിമർശിക്കുന്നു. വർണ്ണവിന്യാസവക്രത, പദപൂർവാർദ്ധവക്രത, പദപരാർദ്ധവക്രത, വാക്യവക്രത, പ്രകരണവക്രത, പ്രബന്ധവക്രത എന്നീ പ്രഭേദങ്ങളെ ആശ്രയിച്ചു മയൂരസന്ദേശത്തിന്റെ അമൂല്യതയെ അദ്ദേഹം വെളിപ്പെടുത്തിയിരിക്കുന്നതു് നമ്മുടെ സാഹിത്യത്തിലെ ഇദംപ്രഥമമായ ഒരു സംഭവവിശേഷമാണ്. സഹജസൗകുമാര്യമനോഹരമായ വക്രഭാവത്തിന്റെ പ്രത്യക്ഷദർശനം സാധിക്കണമെന്നുള്ള സാഹിത്യകുശലന്മാർ ഈ ലേഖനം വായിച്ചുനോക്കുകതന്നെവേണം. കേരളകാളിദാസന്റെ ശതാബ്ദത്തെ അഭിമുഖീകരിച്ചു് ഡാക്ടർ ചേലനാട്ടു് അച്യുതമേനോൻ കേരളവർമ്മദേവനെ മഹാപുരുഷനായി ആധുനികലോകത്തിനു പരിചയപ്പെടുത്തിക്കൊടുക്കുന്നു. കേരളവർമ്മദേവന്റെ വ്യക്തിവൈശിഷ്ട്യം വിവിധാപദാനങ്ങളിൽക്കൂടി ദർശിച്ചു് അദ്ദേഹം കൃതകൃത്യനാകുകയാണിതിൽ. ഗദ്യപദ്യാത്മകങ്ങളായ ൪൦ ലേഖനസുമങ്ങൾ ഈ ഉപഹാരമാലയിൽ പ്രശോഭിച്ചരുളുന്നു. അവയിലോരോന്നിന്റെയും ദിങ്മാത്രദർശനത്തിനുതന്നെ പരിമിതമായ പത്രസ്ഥലം പ്രതിരോധകമായി നിൽക്കുന്നു. അശോകവനികാന്യായേന ചിലതിനെ സംബന്ധിച്ചു നൽകിയിരിക്കുന്ന വിവരങ്ങൾ പരിപൂർണ്ണമാണെന്നു തീരെ അഭിമാനിക്കുന്നില്ല.

കേരളവർമ്മവലിയകോയിത്തമ്പുരാന്റെ വ്യക്തിമാഹാത്മ്യം ഏതുതരത്തിലുള്ളതായിരുന്നുവെന്നും അദ്ദേഹത്തിന്റെ ജീവിതകാലത്തിലെന്നതുപോലെ ഇന്നും അഭിജ്ഞന്മാരും കൃതവേദികളുമായ സകലകേരളീയന്മാരും അദ്ദേഹത്തെ നിരുപാധികമായി നിത്യാരാധന ചെയ്യുന്നതിൽ അന്തർഭവിക്കുന്ന രഹസ്യമെന്തെന്നും അറിഞ്ഞിരിക്കുന്നതു് ഇന്നത്തെ യുവാക്കന്മാർക്കു ശ്രേയസ്കരമായേ പരിണമിക്കുകയുള്ളു. ആ ജ്ഞാനദാനത്തിനു് ഈ ഉപഹാരമാല അല്പമെങ്കിലും പ്രയോജകീഭവിക്കാതിരിക്കുകയില്ലെന്നു മഹാകവി ഉള്ളൂർ അവതാരികയിൽ ഉൾക്കൊണ്ടിരിക്കുന്ന വിശ്വാസം സർവ്വഥാ സഫലമായിട്ടുണ്ടെന്നു ഏതൊരു ഹൃദയനും സമ്മതിക്കതന്നെ ചെയ്യും.

സി. എം. പി.

—o—

ചെറുകഥ

# കാവൽക്കാരൻ

അംബുജം, പെരുമ്പാവൂർ

I

ഞാൻ അവിടെ തീവണ്ടിയാപ്പീസ് മാസ്റ്ററായിരിക്കുമ്പോഴാണ ഞങ്ങളുടെ മേലുദ്യോഗസ്ഥൻ ഒരുദിവസം ആപ്പീസിൽവന്നത്. ഞങ്ങൾസംസാരിച്ചുനിൽക്കുകയായിരുന്നു. വണ്ടി കാത്തിരുന്ന ചില ഗ്രാമീണർ—ആദ്യമായി യാത്രയ്ക്കു വന്നവരായിരിക്കാം—ഞങ്ങളെ നോക്കി ചിലതു തങ്ങളിൽപറഞ്ഞതുപോലെ തോന്നി.

'...എന്നാൽ ആ ക്രാസ്സിംഗിലെ കാവൽക്കാരൻ ആര്?' ഗൗരവത്തോടുകൂടിയ ചോദ്യം എന്നെ ഒന്നന്ധാളിപ്പിച്ചു. പൊക്കംകൂടി നിവർന്നുനിന്ന അദ്ദേഹത്തിന്റെ മുമ്പിൽ എന്റെ കൃശഗാത്രം നന്നേ പതുങ്ങി.

'സർ, അതേ വൃദ്ധൻതന്നെ; കഴിഞ്ഞ മുപ്പത്തഞ്ചുവർഷമായുള്ള സൂക്ഷിപ്പുകാരൻ!

'എന്ത്! മുപ്പത്തഞ്ചുവർഷമായി ഒരേ ആളോ?'

ഞാനതിനു ഉവ്വ് എന്നു തലയാട്ടി.

'ആമാതിരി മനുഷ്യനിൽനിന്നും തൃപ്തികരമായ ജോലി നിങ്ങൾ ആശിക്കുകയും ചെയ്യുന്നു! അല്ലേ?' അൽഭുതം സ്ഫുരിക്കുന്ന ഭാവത്തിൽ അദ്ദേഹം ചോദിച്ചു.

ഞാൻ വിനീതമായി പറഞ്ഞു—'അയാൾ ഒരു വൃദ്ധനാണ്. ഇവിടത്തെ മുപ്പത്തഞ്ചുവർഷത്തെ ജോലികഴിഞ്ഞു എങ്ങോട്ടു പോകാനാണ്! അയാൾ ജോലി ആരംഭിച്ചിടത്തുതന്നെ അതവസാനിപ്പിക്കുവാൻ അനുവദിക്കണം—ഒരു ധർമ്മം!'

ആലോചനാഭാവത്തിൽ അദ്ദേഹം ചുണ്ടുകൾ കൂട്ടി. കൈയിലിരുന്ന ചൂരൽവടികൊണ്ടു തറയിൽതട്ടി ഒരു കല്ല് തെറിപ്പിച്ചു. എന്നിട്ട് അദ്ദേഹംഅഭിപ്രായപ്പെട്ടു—

'നമുക്ക മനുഷ്യരുടെ വ്യക്തിപരമായ സൗകര്യങ്ങളെ നോക്കേണ്ടാ. അവരുടെ ജോലിയാണ കാര്യം. അയാളുടെ ഭാവിയെ ചിന്തിച്ച് നാമെന്തിനു സമയം കളയുന്നു?'

എന്റെ മനസ്സിനു വിഷമംതോന്നി. ഞാൻ റെയിൽവേയിൽ വെറും ഗുമസ്തനായി പ്രവേശിച്ച് ഇപ്പോൾ ആഫീസ്സ് പ്രധാനിയായി. വലിയ മിടുക്കുകൊണ്ട് അല്ലെങ്കിലും, ആരെയും താങ്ങാതെയും സത്യസന്ധതയും, ചുമതലാബോധവും കീഴ്ജീവനക്കാരോടുള്ള സൗമനസ്യവുംകൊണ്ട് എന്റെ മേലധികാരിയുടെ ചുണ്ടുകൾ കൂടുന്നതുകണ്ടു ഞാൻ ഒന്നുകൂടി കടന്നുപറഞ്ഞു. 'സർ, പപ്പു മുപ്പത്തഞ്ചുവർഷം സേവിച്ചവനാണ്; അയാൾ പ്രത്യേകം ആനുകൂല്യത്തിനർഹനായിട്ടുണ്ട്.'

'അയാൾക്ക് എത്ര വയസ്സായി?'

അറുപതായിരിക്കണം!

'എന്നാലിനി അത്യാവശ്യമായും പിരിഞ്ഞുപോകണം. ശരിയായി ജോലിയെടുക്കാനുള്ള കെൽപു കുറഞ്ഞുപോയിരിക്കുന്നു.' ഏകദേശം ഒരു തീർമാനമെന്നപോലെയാണ് അദ്ദേഹം വിരാമം ഇട്ടത്. പിന്നീടും തർക്കിക്കുക അസുഖമാവുമെന്നു ഞാൻ കരുതി അങ്ങിനെ നിന്നു.

അല്പംകഴിഞ്ഞ് മെയിൽവണ്ടി വന്നു. അദ്ദേഹം അതിൽ കയറി. വണ്ടിയിലിരുന്നുകൊണ്ടു ഒന്നുകൂടി എന്നോടദ്ദേഹം പറഞ്ഞു: 'ആ സ്ഥാനത്തേയ്ക്കു പരിചയമുള്ളവനും ശ്രദ്ധയുള്ളവനുമായ ആരെയെങ്കിലും നിയമിക്കുകതന്നെ വേണം' അവസാനവാക്കുകൾ കേൾക്കുവാൻവയ്യാത്തവിധത്തിൽ അപ്പോൾ അനങ്ങിത്തുടങ്ങിയ തീവണ്ടിയുടെ ചൂളംപൊങ്ങി. ഞാൻ സലാംചെയ്തു. വണ്ടി വേഗത്തിൽനീങ്ങി.

ഇതാണ ആ സംഭാഷണത്തിനു കാരണമാക്കിയത്. സ്റ്റേഷനിൽനിന്നു ഒരു മൈൽ തെക്കു ഒരു കടത്തുഗേററുണ്ടായിരുന്നു. അവിടത്തെ കാവൽക്കാരൻ വയസ്സൻപപ്പു, ആയിടയ്ക്കു ഒരുതവണ തീവണ്ടിവരുമ്പോൾ ഗേററ് അടച്ചു മററു ഗതാഗതങ്ങൾ തടയാൻ മറന്നുപോയി.

II

എന്നും വൈകുന്നേരം കടത്തുഗേററോളം ഞാൻ നടക്കുക പതിവുണ്ടായിരുന്നു. രജതമകുടംവച്ചു എന്റെ സവാരിവടിയും, പഴകിയ സിൽക്കുതുപ്പട്ടായും, തേഞ്ഞ വള്ളിച്ചെരുപ്പും അന്നു പത്തുവർഷമായി ആ സായന്തനയാത്ര പരിചയിച്ചുപോന്നു. പലപ്പോഴും പപ്പുവിന്റെ കാവൽക്കുടിലിൽ ഞാൻ കയറിയിരിക്കും. എന്നെ കണ്ടാലുടൻ ആ വൃദ്ധൻ തന്റെ ചെറുമലക്കറിത്തോട്ടത്തിൽനിന്നും വരികയായി. ഒരു ഗ്ലാസ്സ് പച്ചവെള്ളം എന്റെഅടുത്തു ഭക്തിയായി കൊണ്ടുവയ്ക്കും. പിന്നീടു ഞങ്ങൾ അവരവരുടെ കാര്യങ്ങളെക്കുറിച്ച്, ചില്ലറ സന്താപങ്ങളെയും സന്തോഷങ്ങളെയുംകുറിച്ച്, സംസാരത്തിൽ മുഴുകും. അങ്ങിനെ സന്ധ്യാസമയം കഴിക്കും!

മേലുദ്യോഗസ്ഥന്റെ ആജ്ഞ കിട്ടിയ അന്നു ഞാൻ ഗേററിനടുത്തേയ്ക്കു ചെന്നു. എന്റെ ചുവടുകൾക്കു സാവധാനംകൂടിയിരുന്നു. എന്റെ ഹൃദയം വേഗത്തിൽ അടിച്ചുകൊണ്ടിരുന്നു. ചെറുതോട്ടത്തിൽ അന്നു വൃദ്ധനെക്കണ്ടില്ല. ഞാൻ അകത്തുകടന്നു എന്റെ പതിവുസ്ഥലത്തു ചിന്തയിലാണ്ടിരുന്നു. വൃദ്ധന്റെ കൈവേലകൾ, കുടിലിനുപുറകിലുള്ള കൊച്ചുവളപ്പിൽ നട്ടുപിടിപ്പിച്ചിരുന്ന ചെടികളും മരങ്ങളും എന്റെ നിരീക്ഷണത്തിൽപ്പെട്ടു. തോട്ടത്തിലേയ്ക്കു കടക്കുന്ന വാതലിനുമുകളിൽ ഒരു പച്ചവളപ്പുണ്ടായിരുന്നു. വള്ളികൾ പടർന്നുപിടിച്ചും, ഇടയ്ക്കിടയ്ക്കു നാനാവർണ്ണത്തിലുള്ള പൂവുകൾ വിടർന്നും അതു മനോഹരമായിരുന്നു. തോട്ടത്തിന്റെ ഒരുവശത്തു മുളകുതൈകളും, ചില മററു മലക്കറികളും, ഇഞ്ചി, തിപ്പലി മുതലായ സുഗന്ധികളും അവിടെ തഴച്ചിരുന്നു. അടുത്തപ്പുറത്തു മൂന്നാലു കൃഷ്ണതുളസി വളർന്നുനിന്നു. നടുക്കു കുറേഭാഗം ചാണകംകൊണ്ടു നല്ലപോലെ മെഴുകി ഉണക്കിയിട്ടിരുന്നു. അവിടെ ഒരു ആടിനെ കെട്ടിയ മട്ടുണ്ട്. അതു വൃത്തിയായി വൃദ്ധൻ സൂക്ഷിച്ചിരുന്ന ആ സ്ഥലം മുമ്പൊരിയ്ക്കലുമില്ലാത്തവിധം അന്നെന്റെ ശ്രദ്ധയ്ക്കു വിഷയമായി.

പത്തുപതിനൊന്നുവയസ്സുചെന്ന ഒരു ബാലിക പെട്ടെന്നു കുടിലിനകത്തുനിന്നും വന്നു. അവൾ എന്നെക്കണ്ട ക്ഷണം വീണ്ടും അകത്തേയ്ക്കുപോയി വൃദ്ധനോടു പറഞ്ഞതു ഞാൻ കേട്ടു.—'അപ്പൂപ്പാ! അപ്പൂപ്പനെക്കാണ്മാൻ ഒരാൾ വന്നിരിക്കുന്നു.'

വൃദ്ധൻ വെളിയിൽ വന്നു; കുറെ ക്ഷീണിച്ചിരുന്നു; ഞാൻ ചില ദിവസങ്ങളായി അവിടെ ചെല്ലാറില്ല. മൂപ്പിലിനു നല്ല സുഖമില്ല. അയാൾ ആ പെൺകുട്ടിയോട് കുറെ വെള്ളം 'ഏമാനു' കൊണ്ടുവരാൻപറഞ്ഞിട്ട എന്റെ അടുത്തു താഴെവന്നിരപ്പായി. ചില പൂച്ചക്കുഞ്ഞുങ്ങൾ അയാളുടെ പുറകെവന്നു. അവ അയാളുടെ ശരീരത്തോട് ഉരസി ചേർന്നിരുന്നു.

എന്റെ ഉള്ളം കത്തുംപോലെ എനിക്കു തോന്നി. ആ സ്ഥലം ആ വയസ്സനു എത്രമാത്രം അർത്ഥവത്താണെന്നു അന്നു മാത്രമെ ഞാൻ പൂർണ്ണമായി മനസ്സിലാക്കിയുള്ളു. അതു അയാളുടെ ജീവിതവിജയമായിരുന്നു; അധ്വാനത്തിന്റെയും സാമർത്ഥ്യത്തിന്റെയും പ്രത്യക്ഷചിഹ്നം—അതേ, ആ മനുഷ്യായുസ്സുതന്നെ. അന്നു ഒന്നുകൂടി ഞാൻ അവിടെ കണ്ടു. ആ ചെറുപെൺകുട്ടിയെ. അവൾ ആരെന്നു ഞാൻ ചോദിച്ചു.

'ഓ, അതു പ്രേമ'– വൃദ്ധൻ മറുപടിപറഞ്ഞു. 'റോഡിനപ്പുറത്തുള്ള തോട്ടംസൂക്ഷിപ്പുകാരന്റെ മകൾ. നാലഞ്ചുദിവസമായി അവൾവന്നു എനിക്കു ആടിനെ കറന്നുതരും, നല്ല കൊച്ച്, നന്നായിരിക്കട്ടെ!'

പ്രേമ ഒരു തിളങ്ങുന്ന ലോട്ടനിറയെ ശുദ്ധജലംകൊണ്ടു എന്റെഅടുത്തുവച്ചു. അവൾ വളരെയാകർഷണമുള്ളവളായിരുന്നു. വിശേഷിച്ചും അവളുടെ കരിംപീലിനിറഞ്ഞ വിടർന്ന വിലോചനങ്ങൾ!

'ഞാൻ പോണപ്പൂപ്പാ!'അവൾപറഞ്ഞു 'നീ മുക്രിയെക്കറന്നോ?' മുക്രി വൃദ്ധന്റെ ആട്ടിന്റെ പേരായിരുന്നു.

'കറന്നു' അവൾ ഉത്തരം പറഞ്ഞു.

'എന്നാൽ ഓടിയ്ക്കോ'—വൃദ്ധൻ അനുവദിച്ചു, 'പക്ഷേ, നോക്ക്', നാളെ അതിരാവിലെ വരണം.'

അവൾ മുററത്തേയ്ക്കുചാടി ഒരോട്ടംകൊടുത്തു. ഉടനെ തിരിയെ വന്നുചോദിച്ചു.

'അപ്പൂപ്പാ, മററന്നാൾ ദീവാളിയല്ലേ? ദോശയ്ക്കു ഉഴുന്നു വാങ്ങേണ്ടേ?'

വൃദ്ധൻ പുഞ്ചിരിച്ചു പറഞ്ഞു.

'വേണ്ട. എനിയ്ക്കുപദ്രവം വയ്യ.'

'ഹോ! അപ്പൂപ്പൻ നിശ്ചയമായും വാങ്ങണം. എല്ലാവരും ദോശതിന്നുമ്പോൾ......'

'എന്നാൽ, ഓഹോ! എനിക്കും കുറച്ചു വാങ്ങിയ്ക്കോ—നല്ലതായിരിക്കണേ.'

'ആട്ടെ, എനിയ്ക്കിപ്പോൾ നോക്കിവാങ്ങാനറിയാമല്ലോ.'

പിന്നീടു അവൾ അവിടുന്നുപോയി. വൃദ്ധനെക്കുറിച്ചുള്ള അവളുടെ സ്നേഹമസൃണമായ സേവനം എന്നെ സ്പർശിച്ചു. ഞാൻ അയാളോടു പതുക്കെ ചോദിച്ചു.

'അമ്മാച്ചാ, ജോലിയിൽനിന്നും ഇനി പിരിയണമെന്നു വിചാരിക്കുന്നില്ലേ? ഈ വയസ്സുകാലത്തു എന്തിനു ബുദ്ധിമുട്ടുന്നു. വളരെക്കാലത്തെ ഈ ജോലിക്കുശേഷം കുറെ വിശ്രമിക്കരുതോ?'

'ഹോ! ഞാനിനി എത്രകാലം!'

'അതാണ് ഞാൻ പറഞ്ഞത്' ജോലി വിട്ടു ദൈവചിന്തയിൽ ശേഷംസമയം കഴിക്കണമെന്ന്'

'എന്നാൽ ഈ പ്രായംചെന്ന സമയത്തു ആരെന്നെ രക്ഷിയ്ക്കാൻ!

ജോലിപോയാൽ എനിക്കു എന്തുവഴി? എന്റെ മകൻ യുദ്ധത്തിൽചേർന്നു മരിച്ചു ......ഭാര്യ, എന്നെ വിട്ടുപൊയ്ക്കളഞ്ഞു, ......ഞാനിപ്പോൾ തനിച്ചായി. അതുകൊണ്ടു ആഹാരത്തിനുവേണ്ടി ഈ ശേഷിക്കാത്ത ശരീരത്തിൽ ജീവൻ ശേഷിക്കുന്നതുവരേയും ഞാൻ വേലചെയ്യണം' അയാൾ ശാന്തസ്വരത്തിൽ പറഞ്ഞു.

എന്റെ സഹനശക്തിയ്ക്കു കൂടുതൽ നേരവേററ. ഞാൻ തിരികെപ്പോകാൻ എണീററു. ആ ചെറിയ തോട്ടത്തോടും കുടിലിനോടും കാവൽക്കാരനുള്ള ബന്ധം ഒരു മാതാവിനു കുഞ്ഞിനോടുള്ളതിൽ കവിഞ്ഞതാണെന്നു എനിക്കപ്പോൾ അനുഭവപ്പെട്ടു.

III

വൃദ്ധനെപ്പററിയുള്ള ചിന്ത എന്നിൽസദാ വർദ്ധിച്ചു. അയാളെ എങ്ങിനെ സഹായിക്കാനൊക്കും! അയാളെ ജോലിയിൽനിന്നും പിരിയ്ക്കുന്നതു അത്ര കഠിനമായി തോന്നി. ഞങ്ങളുടെ മേലധികാരിയും ക്രൂരനല്ല. എന്നാൽ കാവൽക്കാരന്റെജോലി ലഘുവാകിലും നിസ്സാരമല്ല. വയസ്സുചെല്ലുന്തോറും അയാളതിനു അപ്രാപ്തനാവുകയേ ഉള്ളു.

അയാളെ സഹായിയ്ക്കാനുള്ള ശുപാർശയെല്ലാം സ്വന്തം ഹത്യയായിരിക്കും. കഴിഞ്ഞതവണ ഗേററടയ്ക്കാൻ മറന്നപ്പോൾ, ഭാഗ്യവശാൽ റോഡിൽ മററു ഗതാഗതങ്ങളില്ലായിരുന്നു, അടുത്തതവണ അങ്ങിനെ അല്ലെങ്കിലോ; അപ്പോൾ എന്റെ അവസ്ഥയും എന്തായിരിക്കും?

അയാൾ ഒരു കാവൽക്കാരൻമാത്രമായിരുന്നെങ്കിലും എനിക്ക പ്രിയതരനായിരുന്നു. മറിച്ചാവാൻ നിവൃത്തിയില്ലല്ലോ. വലിയവർ, ചെറിയവർ എന്ന വിഭേദചിന്തകൂടാതെ, അവർ മനുഷ്യഹൃദയമുള്ളവരാണെങ്കിൽ ദൈനംദിനമുള്ള സഹചര്യകൾ പരസ്പരവാത്സല്യത്തിനുതന്നെ വഴിതെളിക്കും. ഇവിടത്തെ കാര്യം പറയുകയാണെങ്കിൽ, അയാളോടൊത്തു നോക്കുമ്പോൾ ഞാൻ സ്വർഗ്ഗസഞ്ചാരിയായ ഗന്ധർവനെന്നു തീരെ അഹങ്കരിച്ചതുമല്ല.

എന്റെ വാക്സമരങ്ങൾ അയാളെ രക്ഷിക്കുകയില്ലെന്നു ഞാൻ നല്ലവണ്ണം അറിഞ്ഞു. അയാൾ മുഖദാവിൽ ഒന്നു ശ്രമിക്കട്ടെ; അധികാരിയെ അയാൾ ചെന്നുകണ്ടു സങ്കടം ഉണർത്തിച്ചുനോക്കട്ടെ; എന്റെ ശുപാർശകളെക്കാൾ അയാളുടെ ദൈന്യനിവേദനത്തിനു ഫലമുണ്ടാകയില്ലെങ്കിലും, ഞാനയാൾക്കുവേണ്ടികഴിവുള്ളതെല്ലാം ചെയ്തു എന്നൊരു സമാധാനമെങ്കിലും അയാൾക്കുണ്ടാകുമല്ലോ!

അടുത്തദിവസം രാവിലത്തെ വണ്ടിക്കു ഞാൻ ആ വൃദ്ധനൊന്നിച്ചു മേലുദ്യോഗസ്ഥനെ കാണാൻ പുറപ്പെട്ടു.

കാവൽക്കാരൻ പപ്പു പതിവിനു കട്ടനീലഉടുപ്പുകൾ ധരിച്ചിരുന്നു. അനേകവർഷത്തെ പഴക്കംകൊണ്ടു മുഷിഞ്ഞും കുട്ടിപിടിച്ചും ചിലയിടങ്ങളിൽ പിഞ്ഞിയും അതു കാണപ്പെട്ടു. തലയിൽ ഒരു തുണി അയാൾ അയവായി ചുററിയിരുന്നു. കോട്ടിനകത്തിട്ട കൈകൾക്കു ചുരുക്കമുണ്ടെന്നു തോന്നി. മുഖം ഉണങ്ങി ഒട്ടി ധാരാളം ചുളുക്കുവീണു ഇരുന്നുവെങ്കിലും ആവേശഭരിതമായിരുന്നു.

വൃദ്ധൻ എന്നിൽനിന്നു കണ്ണെടുത്തു അധികാരിയെ നോക്കി. കുറച്ചുനേരത്തേയ്ക്കു പൂർണ്ണനിശ്ശബ്ദത അവിടെ പരന്നു. അനന്തരം മേലധികാരി "അയാൾ പപ്പു അല്ലേ' എന്നു ചോദിച്ചു.

കാവൽക്കാരൻ ഉത്തരംപറഞ്ഞു. 'അതേ, വല്യേമാനേ!'

'താൻ ഒരു വൃദ്ധനായിരിക്കുന്നു. റെയിൽവേപ്പണിയിൽ വളരെ വർഷങ്ങൾ കഴിക്കുകയുംചെയ്തു. ഇനി പിരിഞ്ഞുപോയി സുഖമെടുക്കരുതോ?' അദ്ദേഹം ചോദിച്ചു.

കാവൽക്കാരൻ—'അതേ, വല്യേമാനേ! ഈ സക്കാരിനെ സേവിച്ചു എന്റെ മുടി നരച്ചുപോയി. (അതിനു പാരിതോഷികമായി ഒരു ചെറുപണത്തുകയെങ്കിലും കിട്ടുമെന്നു അയാൾ വിചാരിച്ചു. റെയിൽവേപ്രധാനിവിചാരിച്ചു, വയസ്സൻ പിരിഞ്ഞുപോകാൻ സമ്മതംപ്രകടിപ്പിക്കയാണെന്ന്.)

(ശേഷം പത്താംപേജിൽ)

ഡാരുൾഷാഫായുടെ പ്രസിദ്ധിയേറിയ

## പുനരുജ്ജീവന ചികിത്സ

(വൈദ്യന്മാരാൽ ശുപാർശചെയ്യപ്പെടുന്നത്)

ഉന്മേഷം, ആരോഗ്യം, ബലം, എന്നിവയ്ക്കു് അനുഭവസിദ്ധമായ ഒരു ടാണിക്ക്. ദേഹത്തിന്റെ ഒന്നാകെയുള്ള വളർച്ചയ്ക്കു് വളരെ ഉത്തമം. വയസ്സുചെന്നവക്ക് ഒരനുഗ്രഹം.

പുനരുജ്ജീവനഗുളിക 21 ദിവസത്തേക്ക് രൂ. 5 0
പുറമെപുരട്ടുന്നതിനുള്ള എണ്ണ 21 ദിവസത്തേക്ക് രൂ. 5 8

നിർമ്മാതാക്കൾ:—

ഡാർ ഉൾ-ഷാഫാ ഗോലിയൻ
(ഇൻഡ്യാ) ലിമിററഡ്
ബററാലാ (പഞ്ചാബ്)

**Dar-ul-Shafa Golian (India) Ltd.**
**Batala (Punjab)**

തിരുവിതാംകൂറിലെ സ്റ്റാക്കിസ്ററുകൾ:—

1. മെസേഴ്സ് സി. കന്നയ്യാനായിഡു & സൺസ് കൊല്ലം, 2. കെ. കെ. കരുവിള & സൺസ് കോട്ടയം, 3. ഡാ: എം. ശിവരാജൻ, ലാക്കാളജിനു് എതുവശം തിരുവനന്തപുരം.

(ഒൻപതാംപേജിൽനിന്നും തുടർച്ച)

പ്രധാനഉദ്യോഗസ്ഥൻ—'നല്ലതു്, താൻ അവിടെ ആപ്പീസിൽ എത്തുമ്പോൾ സ്റ്റേഷൻമാസ്റ്ററോടു് (എന്നെ കാണിച്ചു്) തനിക്ക വരുവാനുള്ള ബാക്കി ശമ്പളമെല്ലാം വാങ്ങിക്കൊള്ളണം—മററന്നാൾ മുതൽ തന്നെ ജോലിയിൽനിന്നും മാററിയിരിക്കുന്നു.'

ആ കെട്ടിടം തകർന്നു മീതെ വീണാൽ അയാൾക്ക കൂടുതൽ സങ്കടംതോന്നുകയില്ല; അൽഭുതവും! സ്വന്തകർണ്ണങ്ങളെ അയാൾക്ക വിശ്വസിക്കാൻ കഴിഞ്ഞില്ല. എന്നാൽ പെട്ടെന്നു മുൻതവണത്തെ—ഒരേ ഒരു പ്രാവശ്യത്തെ—ചമതലക്കുറവിനെ അയാൾ ഓർമ്മിച്ചു. അപ്പോൾ മനസ്സിലായി എന്തിനാണു തന്നെ പിരിച്ചുവിട്ടതെന്നു്.

തൊണ്ടതെഴുതു—'വല്യേമാനേ! എന്നിൽ കനിവുതോന്നണേ—എന്നെ ആരും നോക്കാനില്ലേ—ഞാൻ സത്യംചെയ്യുന്നു...'

അയാളുടെ കണ്ണീർകണ്ടു ഭീർഘേഹത്തിന കുറച്ചുലിവുണ്ടായി. ഞാനാകട്ടെ, ആ ദയനീയതയെ കാണാതിരിക്കാൻ എന്റെ മുഖം തിരിച്ചുകളഞ്ഞു.

'അകന്ന ബന്ധുക്കളാരും തനിക്കില്ലേ. അവരോടൊന്നിച്ചു താമസിക്കരുതോ?'

'ഇല്ല, വല്യേമാനേ! എനിക്കാരുമില്ല. കുടിൽവളപ്പിനകത്തു ഞാൻ താലോലിച്ചുവളർത്തുന്ന ചെടികളും മരങ്ങളും മാത്രമാണു് എന്റെ കുഞ്ഞുങ്ങളും താങ്ങലും! അയ്യോ! അവിടുന്നു എന്നെ ഓടിച്ചുകളയരുതേ; എനിക്കിനി അധികം ജീവിതവും ഇല്ല.'

'പപ്പു'—അദ്ദേഹം ദയവോടു വിശദീകരിച്ചു. 'തനിയ്ക്കു മനസ്സിലാകുന്നില്ല; റെയിൽവേകമ്പനിയ്ക്കു ഈവകയൊന്നും ചിന്തിയ്ക്കാൻ അവകാശമില്ല. തന്റെ സ്ഥിതി വിചാരിച്ചു ഞാൻ വ്യസനിയ്ക്കുന്നുണ്ടു. എന്നാൽതന്നെ വച്ചുകൊണ്ടിരിയ്ക്കുക വലിയ അപകടം വലിച്ചുവയ്ക്കുകയാണു്......ഏതെങ്കിലും ആകട്ടെ; ഇപ്പോൾ പൊയ്ക്കൊള്ളൂ. നമുക്കിതു വീണ്ടും ആലോചിച്ചു തീർച്ചയാക്കാം.'

കാവൽക്കാരൻ പുറത്തിറങ്ങി. മേലധികാരി എന്നോടാലോചിച്ചു. അയാളെ പിരിയ്ക്കാതിരിയ്ക്കുക എന്നതു് എത്രയോ മഹാമനസ്കതയാണെങ്കിലും അവിടെ അതിന്നു സ്ഥാനമില്ല. അങ്ങിനെ ഞങ്ങളുടെ ഇഷ്ടത്തിന്നു വിപരീതമായി ഞങ്ങൾ വയസ്സൻ പപ്പുവിനെ ജോലിയിൽനിന്നും പിരിച്ചുവിടുവാൻ തന്നെ തീർച്ചപ്പെടുത്തി.

എനിയ്ക്കവിടെ മററുചില കാര്യങ്ങൾ പ്രമാണിച്ചു താമസമുണ്ടായിരുന്നതിനാൽ പപ്പു ഉടൻ ഉണ്ടായിരുന്ന വണ്ടിയിൽ തിരിയെപ്പോയി.

## IV

അടുത്ത സായാഹ്നത്തിൽ വൃദ്ധൻ എന്റെ സവാരിയെ പ്രതീക്ഷിച്ചു ഉൽക്കണ്ഠയോടിരിക്കുകയായിരുന്നു.

കുറെ മണിക്കൂറുകളുടെ താമസം അയാളെ അസഹനീയനാക്കി; വാസ്തവത്തിൽ കൂടുതൽ പ്രായത്തിന്റെ ക്ഷീണം അയാളിൽ അടിച്ചുകയററി. ഒടുവിൽ എന്നെ കണ്ടപ്പോൾ 'വല്ലതും രക്ഷയുണ്ടോ' എന്നു ആരാഞ്ഞു. വെള്ളിപ്പിടിവടി ഊന്നിനിന്നു ഞാൻ വിപരീതാർത്ഥത്തിൽ തലയാട്ടി. പപ്പുവിന്റെ ഹൃദയത്തിൽ തീപ്പൊരിപാഞ്ഞു. കഷ്ടപ്പെട്ടു കുറെക്കഴിഞ്ഞു അയാളുടെ ശബ്ദം ഇങ്ങനെ പുറത്തുവന്നു.

'അപ്പോൾ, എനിയ്ക്കീസ്ഥലം-നാളെ-വിടണം!'

'ഉവ്വ്'; അങ്ങിനെ ഞാൻ സങ്കടപ്പെടുന്നു' എന്നു പറഞ്ഞുംകൊണ്ടു ഞാൻ ആ ആത്മാർത്ഥതയുടെ കാൽക്കൽ നമസ്കരിച്ചു.

'ഏമാനേ, ഏമാനേ', ആ വൃദ്ധൻ വിളിച്ചുപറഞ്ഞു.—'അങ്ങു എന്തുചെയ്യുന്നു! ഒരു എരപ്പാളിയുടെ മുമ്പിൽ കുനിയുകയോ!' അയാൾ പുറകോട്ടു മാറിക്കളഞ്ഞു.

ഞാൻ നിവർന്നുപറഞ്ഞു. 'അമ്മാച്ചാ നിങ്ങൾ എന്റെ അച്ഛനാവാൻ പ്രായമുള്ളവനാണു്; ശുദ്ധനുമാണു്. പാവപ്പെട്ടവനെന്നതിൽ തരക്കേടില്ല.'

അയാളുടെ വരണ്ടകരതലങ്ങൾ ഗ്രഹിച്ചു ഞാൻ തുടർന്നു:—'കേൾക്കണം, നാളെമുതൽ അമ്മാച്ചൻ എന്നോടൊരുമിച്ചു വന്നു താമസിക്കണം. എന്നെ സ്വന്തപുത്രനെപ്പോലെ വിചാരിച്ചാൽ മതി.'

എന്റെ ചുമലിൽ തലോടിക്കൊണ്ടു വൃദ്ധൻ മറുപടി പറഞ്ഞു. 'ഏമാനേ! അങ്ങു കരുണയ്ക്കു ഞാൻ നന്ദിയുള്ളവനാണു്. എന്നാൽ ഞാൻ ജീവിയ്ക്കുകയും മരിയ്ക്കുകയും ഈ സ്ഥലത്തുതന്നെ!'

'അതെങ്ങനെ?' ഞാൻ അത്ഭുതപ്പെട്ടു.

'എനിക്കതറിഞ്ഞുകൂടാ......എങ്കിലും അതു തീർച്ചയായും വേണം. ഇവിടം ഒരിക്കലും ഉപേക്ഷിക്കാൻ വയ്യ....ആട്ടെ, ഏമാൻ ഒരു സഹായം ചെയ്യണം. ഈ പൂച്ചക്കുഞ്ഞുങ്ങളെക്കൊണ്ടുപോയി വളർത്തിക്കൊള്ളണം.'

ഞാൻ— 'അവയെക്കൊണ്ടുപൊയ്ക്കൊള്ളാം; അമ്മാച്ചനുംകൂടെ വരണം...അമ്മാച്ചനു ഇപ്പോഴേ നല്ലസുഖമില്ല; പറയുന്നതെന്തെന്നു അറിയുന്നുമില്ല. പുതിയ കാവൽക്കാരൻ വന്നു താമസമായാൽ അമ്മാച്ചനെങ്ങനെ ഇവിടെ കഴിയ്ക്കും? അവൻ അനുവദിക്കുകയില്ല. മനസ്സിലാകുന്നോ?'

പപ്പു— 'ഓഹോ! ഞാനിവിടം—

എന്നാൽ എങ്ങനെ— ഉപേക്ഷിക്കും!, സ്ഥലം എന്റേതല്ലായിരിക്കാം. ഞാൻ ഇവിടത്തേതാണു്. ഈ മണ്ണിലാണു എന്റെ വേരൂററിച്ചിരിക്കുന്നതു്. ഞാൻ നട്ട വൃക്ഷങ്ങളെപ്പോലെ ഞാനും ഇവിടെ പിടിച്ചുനിൽക്കുകയാണു്. ഇതു എന്റെ സ്വന്തം വീടുതന്നെയാണു്. എനിക്ക വേറെ ഒന്നില്ല...'

ഞാൻ—മൃദുസ്വരത്തിൽ-'ശരി, ശരി, എന്റെ ദിവസേനയുള്ള സന്ദർശനത്തെ അമ്മാച്ചൻ വകവയ്ക്കുന്നില്ലേ? അമ്മാച്ചനു് ചെടികളോടും വൃക്ഷങ്ങളോടും ഒട്ടു പാടുണ്ടു്—എന്നോടില്ലേ?-എനിക്ക നാം അടുത്ത ബന്ധുക്കളെപ്പോലെയാണു്—പിന്നെ എങ്ങനെ അമ്മാച്ചനു വേറെ വീടില്ലെന്നു പറയും; എന്റെ വീടുതന്നെ അമ്മാച്ചന്റെ വീടു്.'

എന്നെ വയസ്സൻ കൺവിടർത്തി വീക്ഷിച്ചു. എന്റെ ആദരവുകളെ കരുണയുടെ ചാലുകളായിട്ടേ അയാൾ ഗണിച്ചിരുന്നുള്ളു; കൂട്ടതലൊന്നുമില്ല,—തീർച്ചയായും സമം പോന്നമൈത്രിയായി കരുതിയേ ഇല്ല—ഒരു വെറും കാവൽക്കാരനു എങ്ങനെ മററതരത്തിലെണ്ണാൻ ഒക്കും!

കൃതജ്ഞതയുടെ പാരമ്യത്തിലെത്തി അയാൾ പറഞ്ഞു. 'ദൈവം അനുഗ്രഹിക്കട്ടെ! ഏമാനെ ഞാൻ വളരെ വയസ്സുചെന്നവൻ ഏമാനുഒരുഭാരമായിത്തീരും-'

ഞാൻ വേഗത്തിൽ ഇടയ്ക്കു കയറിപ്പറഞ്ഞു. 'ഒരിയ്ക്കലുമില്ല-അങ്ങിനെ വരില്ല. എന്റെ അച്ഛൻ ജീവിച്ചിരിപ്പില്ല. എന്റെകുടുംബത്തിനുംഎനിക്കും അമ്മാച്ചൻ ഒരു ആശ്വാസമായിത്തീരാൻപോവുകയാണു്. ഞങ്ങൾക്കുവേണ്ടി, ഞങ്ങൾ അമ്മാച്ചനെ ക്ഷണിക്കുന്നു.'

തോൾ ഒട്ടു ചുരുക്കീട്ടു വൃദ്ധൻ—'എന്നാൽ അങ്ങിനെയാവാം. ഏമാൻ അധികം നല്ലവൻ ആയിത്തീരുന്നു. ഏമാനൊന്നിച്ചു ഞാൻ നാളെപ്പോരാം. ഇന്നു രാത്രി ഒന്നുകൂടി നല്ലവണ്ണം ആലോചിക്കണം. ഏമാന്റെ കൊച്ചമ്മയോടു് (എന്റെഭാര്യ) ചോദിച്ചോ?'

എനിക്കതുകേട്ടു ചിരിവന്നു. ഞാൻ എല്ലാം തീർച്ചപ്പെടുത്തി, വീണ്ടും ആലോചിക്കുന്നതിനെപ്പററി, അതു നേരത്തേ കഴിച്ചുതാണെന്നും പറഞ്ഞു.

അന്നു ഇരുട്ടിവെളുത്തു. വളരെ പ്രഭാതത്തിലേ ഞാൻ കാവൽക്കുടിലിൽ ചെന്നു. അതിനുമുമ്പു് പെൺകുട്ടി പ്രേമ എത്തി. അവൾ കതകിൽതട്ടി വിളിക്കുന്നുണ്ടായിരുന്നു. 'അപ്പൂപ്പാ! എണീയ്ക്കണം അപ്പൂപ്പാ! ആടിനെ കറക്കാറായില്ലേ; നേരത്തെ ഉഴുന്നുപൊടിച്ചു വെള്ളത്തിലിടണ്ടേ?'

കതക അകത്തു സാക്ഷയിട്ടിട്ടില്ലായിരുന്നു. ഞങ്ങൾ രണ്ടുപേരും കതക തള്ളിത്തുറന്നു അകത്തുകയറി. കാവൽക്കാരൻ കയററുകട്ടിലിൽ നിവർന്നുകിടക്കുന്നു, സമ്പൂർണ്ണശാന്തതയിൽ! അയാളുടെ തോളിൽ തൊട്ടു ബാലിക കുലുക്കി. അയാൾ ഉറക്കംഭാവിക്കുകയാണെന്നും പതിവുപോലെ പെട്ടെന്നു ചാടിഎണീററു് 'ഇതാ, നിന്നെപ്പിടിച്ചേ' എന്നു അവളെ കളിയാക്കുമെന്നും അവൾ ഉദ്ദേശിച്ചു.

എനിയ്ക്കു യാദൃച്ഛികമായി ആപത്ശങ്കയുണ്ടായി. പുതപ്പിനകത്തുനിന്നും കൈ പിടിച്ചു ഞാൻ സ്പന്ദനം നോക്കി.

'അപ്പൂപ്പൻ ഇനി ഉണരുകില്ല കുഞ്ഞേ; ......ഉറക്കത്തിൽ അയാൾ മരിച്ചുപോയി.'


പ്രേമ വാവിട്ടു കരഞ്ഞു.

മൃത്യു കാരുണ്യം കാണിച്ചിരുന്നു!?

അദ്ദേഹം ഇങ്ങനെ എന്നോടു കഥപറഞ്ഞു നിർത്തിയപ്പോൾ അദ്ദേഹത്തിന്റെ കണ്ണിൽ നിന്നും ഒന്നുരണ്ടു നീർത്തുള്ളികൾ അടർന്നുവീണു. അതിനുള്ള വികാരപാരമ്യത്തിൽ ഞാൻ അത്ഭുതപ്പെട്ടു. അപ്പോൾ അദ്ദേഹം സ്വയം ഇങ്ങനെ പറയുകയുണ്ടായി. ആരാലും വേർപെടപ്പെട്ടവനാണു ഞാനും, എന്റെ കാവൽമാടം റെയിൽപ്പുരയല്ലെന്നുമാത്രം.

—o—


# അല്പാല്പമായി സമ്പാദിക്കുന്നത് വലിയ വിഷമങ്ങൾക്ക പരിഹാരമാകുന്നു.



ചോദ്യം: അഞ്ചു സമചതുരങ്ങളെ ആറായിവർദ്ധിപ്പിക്കത്തക്കവണ്ണം രണ്ടു കൊള്ളികളെ വീണ്ടും ക്രമപ്പെടുത്തി വെക്കുക.

ഉത്തരം: 1 എന്നും 2 എന്നുംകാണിച്ചകൊള്ളികൾ നീക്കംചെയ്തു്, അവ ഓരോന്നും X, Y എന്നി സ്ഥലങ്ങളിൽ വെക്കുക. അപ്പോൾ ആറ സമചതുരങ്ങൾ കിട്ടും.

"എങ്ങിനെ"യാണു് പ്രവർത്തിക്കേണ്ടതു് എന്നു അറിയുന്നപക്ഷം എല്ലാ വിഷമങ്ങൾക്കും എളുപ്പത്തിൽ പരിഹാരമുണ്ടാക്കാം. അല്പാല്പമായി സമ്പാദിച്ചുവെച്ചാൽ നിങ്ങളുടെ ധനസംബന്ധമായ വിഷമങ്ങൾ തീരും. ആഴ്ചതോറും അല്ലെങ്കിൽ മാസംതോറും അല്പാല്പം സമ്പാദിച്ചു വെക്കുക. അതു്,

## നാഷനൽ സേവിങ്ങ്സ് സർട്ടിഫിക്കെററുകളിൽ

നിക്ഷേപിക്കുകയും ചെയ്ക.

പ്രധാന ഗുണങ്ങൾ ഇവയാണു് :—

1. ക. 5, 10, 50, 100, 500, 1000, അല്ലെങ്കിൽ 5000 എന്നീ സംഖ്യകൾക്കുള്ള നാഷനൽ സേവിങ്ങ്സ്‌സർട്ടിഫിക്കെററുകൾ നിങ്ങൾക്കുവാങ്ങാം.

2. ഒരു കുടുംബത്തിലെ ഓരോ അംഗത്തിനും (അയാൾ പ്രായപൂർത്തി എത്തിയവനൊ മൈനരൊ ആരായാലും) 5000ക. വരെക്ക വാങ്ങാം. രണ്ടുപേർക്കു കൂട്ടായി 10,000ക വരെക്കും വാങ്ങാം.

3. വില 12 കൊല്ലംകൊണ്ടു് 50 ശതമാനം വർദ്ധിക്കുന്നു. നിക്ഷേപിക്കപ്പെട്ട ഓരോ ഉറുപ്പികയും 1ക 8ണ യായിത്തീരുന്നു. ഏതൊരു ഗവർമ്മെണ്ടു ഉറപ്പുപത്രത്തിന്മേലും കിട്ടാവുന്ന ഏററവും കവിഞ്ഞ പലിശയാണിതു്

4. കിട്ടുന്ന പലിശയിന്മേൽ ഇൻകംടാക്സ് കൊടുക്കേണ്ടതില്ല.

5. 2 കൊല്ലം (5ക. സർട്ടിഫിക്കെററുകൾക്ക 18 മാസം) കഴിഞ്ഞാൽ പണമായി മാററാം.

6. ലഘുസമ്പാദ്യക്കാർക്ക 1 കക്കൊ 8ണക്കൊ 4ണക്കൊ ഉള്ള സേവിങ്ങ്സ് സ്റ്റാമ്പുകൾ വാങ്ങാം. അങ്ങിനെ സമ്പാദിച്ച സ്റ്റാമ്പുകളുടെ വില5,ക.എത്തിയാൽ അവ കൊടുത്തു ഒരു സർട്ടിഫിക്കെററു പകരംവാങ്ങാം.

7. സർട്ടിഫിക്കെററുകളും സ്റ്റാമ്പുകളും അഞ്ചലാഫീസുകളിൽനിന്നോ, പോസ്റ്റാഫീസുകളിൽനിന്നോ, ഗവർമ്മെണ്ടു നിയമിച്ച അധികൃത ഏജണ്ടന്മാരിൽനിന്നോ, സേവിങ്ങ്സ് ഗ്രൂപ്പുകളിൽനിന്നോ കിട്ടുന്നതാണു്.

## നിങ്ങളുടെ സേവിങ്ങ്സ് ഗ്രൂപ്പിൽ ഇപ്പോൾതന്നെ ചേരുക!


## General Knowledge Quiz

Answers.

[QUESTIONS ON PAGE 3]

1. (b); 2. (c); 3. (c); 4. (a); 5. (a); 6. (c); 7. (c).

(പന്ത്രണ്ടാംപേജിൽനിന്നും തുടൎച്ച)

രണ്ടും അവിടുത്തെ കൃതികളുടെ പേരുകളും ഒരു കടലാസ്സുതുണ്ടിൽ അവിടുന്നുതന്നെ എനിക്കു കുറിച്ചുതന്നിരുന്നു. ആ കടലാസ്സിൽ ശാകുന്തളത്തിന്റെ പേരുമുണ്ടോ എന്ന് എനിക്കിപ്പോൾ നല്ല ഓൎമ്മയില്ല. ജീവചരിത്രം എഴുതിക്കഴിഞ്ഞശേഷം ആവശ്യമില്ലാത്ത കൂട്ടത്തിൽ അതും കൈവിട്ടുപോയോ എന്നാണ് സംശയം. അനവധി കടലാസ്സുകൾക്കിടയിൽ അതുണ്ടോ എന്ന് ഇനിയും ൧ ദിവസത്തിനകം തിരഞ്ഞുനോക്കി ഉണ്ടെങ്കിൽ വിവരം അറിയിക്കുകയുംചെയ്യാം.

വസ്തുസ്ഥിതി എന്തുതന്നെ ആയിരുന്നാലും, തമ്പുരാൻ ശാകുന്തളം ഭാഷപ്പെടുത്തീട്ടുണ്ടെന്നുള്ളകാൎയ്യം സുപ്രസിദ്ധമാണ്. ആറ്റൂര് എങ്ങനെയാണ് മററുവിധത്തിൽ ധരിച്ചതെന്നു നിശ്ചയമില്ല. ആറ്റൂരിനെ ഞാൻ ചെറുപ്പംമുതൽക്കറിയും. അദ്ദേഹം നല്ലൊരു പണ്ഡിതനാണെന്നുള്ളകാൎയ്യത്തിൽ ആൎക്കും ഭിന്നാഭിപ്രായമില്ലതന്നെ. അതുപോലെതന്നെ നല്ലൊരു കവിയുമാണദ്ദേഹമെന്നു ഞാനറിയുമ്പോലെ ബ്രിട്ടീഷുമലബാറിൽ അധികംപേരറിഞ്ഞിട്ടുണ്ടോ എന്നു സംശയമാണ്. പത്രങ്ങൾക്കും മാസികകൾക്കും ധാരാളം കവിതകളയയ്ക്കുകയോ, പ്രസ്താവയോഗ്യങ്ങളായ വല്ല പദ്യകൃതികളും ഇടയ്ക്കിടയ്ക്കു പ്രസിദ്ധപ്പെടുത്തുകയോ ചെയ്തു കാണാഞ്ഞതാണിതിന്നുകാരണം. ആറ്റൂരിന്റെ 'രസികരത്നം' മുതലായ പ്രസിദ്ധീകരണങ്ങൾ മിക്കതും തിരുവനന്തപുരത്തുവെച്ചാണുണ്ടായിട്ടുള്ളതു്. ഈ വകയിൽ പാഠപുസ്തകങ്ങളായി വല്ലതുമുണ്ടെങ്കിൽ അതെല്ലാം വിദ്യാൎത്ഥികളല്ലാതെ മലബാറിലെ സാഹിത്യരസികന്മാർ സാമാന്യേന കണ്ടിരിക്കയുമില്ല. ഇതെല്ലാം ആലോചിക്കുമ്പോൾ അതേവരെ കവിയാണെന്നുതന്നെ അറിയപ്പെടാത്ത ഒരാൾ ഒരുദിവസം ഒന്നാന്തരം ഒരു കൃതിയുംകൊണ്ടു പുറത്തുവരുന്നതാണെങ്കിൽ ചിലരൊക്കെ സംശയിക്കുന്നതിൽ അത്ഭുതപ്പെടുവാനില്ല.

ശ്രീ: കുട്ടികൃഷ്ണമാരാർ ഇതിൽ പ്രതിവാദിയായതുകൊണ്ടു് അദ്ദേഹത്തെ ഇവിടെ വിസ്തരിച്ചിട്ടാവശ്യമില്ല. എതിർവിസ്താരത്തിൽ പൊളിക്കുവാൻ തരമുണ്ടോ എന്നേ നോക്കുവാനുള്ളു. 'കേരളശാകുന്തളം' അപഹൃതസ്വത്താണോ എന്ന് ആദ്യം ശങ്കിച്ചതു സഞ്ജയനാണെന്നാണ് എന്റെ ധാരണ. മാതൃഭൂമി ആഫീസിൽ വെച്ച് അദ്ദേഹത്തിന്റെ ആശങ്കപുറത്തുവിട്ട കൂട്ടത്തിൽ മാരാരും ഉണ്ടായിരിക്കണം. കുഞ്ഞിക്കുട്ടൻതമ്പുരാൻ കൃതികൾ സനിഷ്കൎഷം പഠിച്ച സഹൃദയശിരോമണിയായ സഞ്ജയന് ഈ ശങ്കജനിച്ചതിൽ എനിക്കത്ഭുതമില്ല. കേരളശാകുന്തളത്തിലെ ചില ശ്ലോകങ്ങൾ വായിച്ചപ്പോൾ എനിക്കും തമ്പുരാനെ ഓൎമ്മവന്നിട്ടുണ്ടു്. എങ്കിലും കേരളശാകുന്തളം 'ആറ്റൂരിന്റെ' കൃതിയാണെന്നുതന്നെ ഞാൻ വിശ്വസിക്കുന്നു. അദ്ദേഹത്തിന്ന് അതിന്നുള്ള ശക്തിയുണ്ടെന്ന് എനിക്കു നല്ലപോലെ അറിയാം. മാത്രമല്ല, എന്റെ പ്രിയസുഹൃത്തുക്കളായ സഞ്ജയനേയും കൂട്ടരേയും വിശ്വസിപ്പിക്കുവാനും എന്നാലാവുന്നതു ഞാൻ ശ്രമിച്ചു. അതു മററാരുടേയും ആവശ്യപ്രകാരമല്ല! സേവയ്ക്കുമല്ല.

ആകക്കൂടി ഈ വാദത്തിന്റെ ചുരുക്കം ഇതാണ്. കുഞ്ഞിക്കുട്ടൻതമ്പുരാൻ ശാകുന്തളം തൎജ്ജമചെയ്തിരുന്നു. അതൊരിക്കലും പുറത്തുവന്നിട്ടില്ല. നല്ലൊരു പണ്ഡിതനായിട്ടല്ലാതെ കവി എന്ന നിലയിൽ പരക്കെ അറിയപ്പെടാത്ത കൃഷ്ണപ്പിഷാരോടി സാമാന്യേന സഹൃദയശ്ലാഘ്യമായ ഒരു കേരളശാകുന്തളം പ്രസിദ്ധപ്പെടുത്തുകയും ചെയ്തു. കൈക്കോട്ടും (മൺവെട്ടി) കൊണ്ടു പോകുന്നതും ചിറമുറിയുന്നതും കണ്ടാൽ ആളുകൾ എന്തുവിചാരിക്കും? അതാണിവിടെ ഉണ്ടായതു്. മരിച്ചുപോയ ആൾ തിരിച്ചുവന്നാലേ ഇതിന്റെ സത്യം സൎവ്വസമ്മതമായ നിലയിൽ ഇനി തെളിയുകയുള്ളു. ഈ അപവാദത്തിൽ ആറ്റൂരിന്ന് അശേഷം കുണ്ഠിതമില്ലെന്ന് അദ്ദേഹം തുറന്നെഴുതീട്ടുണ്ടു്. അദ്ദേഹത്തെ വിശ്വസിക്കുന്നവരും ഈ നിരൎത്ഥവാദത്തിന്ന് ഇനിയും പുറപ്പെടാതെ ഒന്നു സമാധാനിച്ചാൽ മതി.

“നഹികസ്തൂരികാമോദഃ
ശപഥേന നിവാൎയ്യതേ”

—o—

# *വിദ്യാഭ്യാസത്തിന്റെ ആത്മീയവശം

കുററിപ്പുഴ പി. പരമേശ്വരൻപിള്ള എം. എ. എൽ.ടി.

ജീവിതത്തിന്റെ ശാശ്വതതത്വങ്ങളായ സത്യത്തിന്റേയും സ്നേഹത്തിന്റേയും അചഞ്ചലമായ നിലനില്പിനുവേണ്ടി ജീവിതംസമൎപ്പിച്ചവരും സമൎപ്പിച്ചുകൊണ്ടിരിക്കുന്നവരും, ഭാരതത്തിനകത്തും പുറത്തും അതാതുകാലത്ത് ഉയിരെടുത്തിട്ടുണ്ടു്. അക്കൂട്ടരിൽ അഗ്രഗണ്യനായ ശങ്കരാചാൎയ്യവൎയ്യന്റെ മനുഷ്യസ്നേഹമസൃണമായ ഹസ്തങ്ങൾ അടിത്തറകെട്ടിയ ഈ വിദ്യാഭ്യാസസ്ഥാപനത്തിലെ വാൎഷികദിനാഘോഷവേളയിൽ, സ്ഥാപകനെ ആരാധിച്ചും സ്ഥാപനത്തെ ആദരിച്ചും ആണ് ഈ വിഷയം ഞാൻ തെരഞ്ഞെടുത്തതു്.

മഹാത്മാക്കളെ മാനിക്കാനും മനുഷ്യരാശിയെ സ്നേഹിക്കാനും സത്യസ്നേഹങ്ങൾ നമ്മോട് എപ്പോഴും ആവശ്യപ്പെടുന്നുണ്ടു്. എന്നാൽ ഈ അപേക്ഷയെ അഥവാ അവകാശപ്പെടലിനെ നിൎദ്ദയം നിരസിക്കുകയാണ് ഇന്നത്തെ ലോകം നിൎവ്വഹിക്കുന്നതു്. ആധുനികലോകത്തിന്റെ യഥാൎത്ഥരൂപവും പരമാൎത്ഥസ്ഥിതിയും എന്തെന്നു മികച്ച തത്വജ്ഞാനിയും ഭാരതത്തിന്റെ അഭിമാനഭാജനവുമായ പ്രഫസർ രാധാകൃഷ്ണൻ യുണെസ്കോ സമ്മേളനത്തിൽവച്ച് ഈ അടുത്ത കാലത്തു വിവരിച്ചിട്ടുണ്ടു്. അദ്ദേഹം പറയുന്നു, “ജീവിതത്തോടു സ്വീകരിച്ചിരിക്കുന്ന ഭൗതികമനോഭാവം, തത്വചിന്തയോടുള്ള വെറുപ്പ്, ആത്മീയാശയങ്ങളോട് അസാമാന്യമായ അതൃപ്തി, ഇതാണ് ഇന്നത്തെ ലോകത്തെ അപകടസന്ധിയിൽ എത്തിച്ചിരിക്കുന്നതു്. ഒരാദൎശവീക്ഷണം, തത്വികചിന്ത, ആത്മീയാശയങ്ങൾ ഇവയിലേക്കു നാം തിരിച്ചുപോയെങ്കിലേ ലോകം നന്നാകൂ.”

തത്വചിന്തകന്മാരും മതപ്രവാചകന്മാരും വേദാന്തപണ്ഡിതന്മാരും വേണ്ടതിലധികം വിളയുന്നുമുണ്ടു്. എന്നാൽ, 'അയൽവാസിയെ തന്നെപ്പോലെ സ്നേഹിക്കുക' 'മാ ഗൃധഃ കസ്യസ്വിദ്ധനം' 'കൎമ്മണ്യേവാധികാരസ്തേ' 'സൎവ്വം സത്യേ പ്രതിഷ്ഠിതം' 'മാ വിദ്വിഷാവഹൈ' എന്നും മററുമുള്ള വേദാന്തചിന്താപരിണതഫലങ്ങൾ പള്ളിയുടെ മൂലയിലും കോവിലിന്റെ കോലായിലുമല്ലാതെ മറെറങ്ങും കാണാനില്ല. അയൽവാസിയെ സ്നേഹിച്ചു സ്നേഹിച്ച് അട്ടകളെപോലും അടക്കളമായി രൂപാന്തരപ്പെടുന്നു. ശാസ്ത്രീയപുരോഗതിയും വ്യാവസായികവികാസവും ആത്മീയതയുടെ ചരടിൽ കോൎത്തില്ലെങ്കിൽ—ഹൃദയത്തിന്റെ മണിയറയിൽ സൂക്ഷിച്ചില്ലെങ്കിൽ—പരാജയപ്പെടുകയേ ചെയ്യൂ, എന്ന് ജൎമ്മനിയും ജപ്പാനും തെളിയിച്ചുകഴിഞ്ഞിട്ടും വൎഗ്ഗീയമായ അന്ധവിശ്വാസങ്ങളും മതപരമായ മല്ലുപിടിത്തങ്ങളും മലിനപ്പെടുത്താത്ത ഒരിഞ്ചു ഭൂമിയും ഭൂലോകത്തില്ലാതെയായി. എരിയുന്ന കരളും പൊരിയുന്ന വയറും പച്ചപ്പരമാൎത്ഥങ്ങളായി ശേഷിക്കുന്നു. ഈ ദുരന്തനാടകം നിരൂപണംചെയ്യുമ്പോഴാണു നാം ആത്മീയതയിൽ അഭയം തേടുന്നതു്. ശാസ്ത്രത്തിന്റെ വെല്ലുവിളി അണ്വാബാംബിന്റെ പൊട്ടിത്തെറിക്കൽ കേട്ട് ഞെട്ടുമ്പോൾ കൃഷ്ണഭഗവാനും ക്രിസ്തുദേവനും ആരാധനീയരായിത്തീരുന്നു. സത്യസ്നേഹധൎമ്മങ്ങളുടെ സൗന്ദൎയ്യം പരത്തിയവരും സന്ദേശം വഹിച്ചവരുമായ ആചാൎയ്യന്മാരെ തേടുന്നു. അത്തരത്തിലുള്ള ഒരു അന്വേഷണത്തിന്റെ വെമ്പൽ നാം ഇന്ന് എവിടെയും കാണുന്നുണ്ടു്. ലോകത്തെ ബാധിച്ചിട്ടുള്ള രോഗത്തിന്ന് പ്രത്യൗഷധം മനുഷ്യന്റെ പുനഃസൃഷ്ടിയിലാണ് ചിന്തകന്മാർ കണ്ടെത്തിയിട്ടുള്ളതു്. ഈ പുനഃസൃഷ്ടിയുടെ കൎമ്മകേന്ദ്രം അഥവാ പ്രവൃത്തിമണ്ഡലം വിദ്യാലയത്തിലെന്ന് വിജ്ഞാനികളും വിചിന്തകന്മാരും വിധിയെഴുതിക്കഴിഞ്ഞു. അതിന്റെ പ്രതിദ്ധ്വനി നാമും നമ്മുടെ വിദ്യാലയങ്ങളിൽ കേൾക്കാൻ തുടങ്ങിയിരിക്കുന്നു. വിദ്യാഭ്യാസപദ്ധതികളുടെ പുനഃസംവിധാനത്തിൽ തീവ്രമായി പ്രയത്നിച്ചുകൊണ്ടിരിക്കുന്നു വിദ്യാഭ്യാസവിചക്ഷണന്മാർ. എങ്കിലും ഈ പുനഃസൃഷ്ടിയിലും പുനഃസംവിധാനത്തിലും ആദ്യം പറഞ്ഞ ഭൗതികമനോഭാവത്തിന്റെ അതിപ്രസരം നമുക്ക് ദൃശ്യമാണ്. കന്യാകുമാരിതൊട്ട് കാശ്മീരംവരെ നീണ്ടുകിടക്കുന്ന കാൎയ്യങ്ങളുടെ കടിഞ്ഞാൺ പിടിക്കുന്ന പണ്ഡിതജിയും ഭൗതികത്വത്തിന്റെ ഭൂതക്കണ്ണാടിവച്ചാണ് കാൎയ്യങ്ങൾ വീക്ഷിക്കുന്നതു്. അടുത്തകാലത്ത് നടന്ന സയൻസ്കോൺഗ്രസ്സിൽ അദ്ദേഹം പറഞ്ഞ വാക്കുകളാണിവ.

To talk of truth and God and many of the fine things of life to millions who are starving is a mockery”. പട്ടിണികിടന്നു വട്ടം കറങ്ങുന്ന പാമരന്മാരോട് സത്യത്തെക്കുറിച്ചും ദൈവസത്തയെക്കുറിച്ചും സംസാരിക്കുന്നതു് ഒരു പരിഹാസജല്പനം മാത്രമാണ്. ഭാരതത്തിലെ മൂകലക്ഷങ്ങളെ ഓൎത്ത് ശ്വാസംമുട്ടുന്ന പണ്ഡിതജിയെപ്പോലുള്ള മനുഷ്യസ്നേഹിയുടെ ഈ വാക്കുകളിൽ അദ്ദേഹത്തിന്റെ മനുഷ്യരാശിയോടുള്ള സ്നേഹാധിക്യത്തെയാണ് കാണുന്നതെങ്കിലും അന്തൎല്ലീനമായിക്കിടക്കുന്ന ശാസ്ത്രീയമനോഭാവത്തിന്റെ മാററുരച്ചുനോക്കുകയും ചെയ്യുന്നുണ്ടു്. മനുഷ്യന്റെ വിചാരത്തിലും വചനത്തിലും പ്രവൃത്തിയിലും സൎവ്വവ്യാപിയായി സ്ഥാനംപിടിച്ചിരിക്കുന്ന ഈ ഭൗതികഭാവത്തെ ഭയപ്പെട്ടിട്ടായിരിക്കണം മതപുരോഹിതന്മാർ മതപരമായ വിദ്യാഭ്യാസത്തിന്റെ കാൎയ്യത്തിൽ മത്സരമനോഭാവം പ്രകടിപ്പിക്കുന്നതു്. വിദ്യാഭ്യാസം എന്നതിൽതന്നെ വാസ്തവത്തിൽ യഥാൎത്ഥമതത്തിന്റെ മൗലികതത്വങ്ങൾ അന്തൎഭവിക്കുന്നുണ്ടു്. അന്തൎഭവിക്കണം. മതത്തിന്റെ ലക്ഷ്യം മാനസികസംസ്കരണമാണല്ലോ. സന്മാൎഗ്ഗതത്വസംഹിതകൾ സൃഷ്ടിച്ചു മനുഷ്യനിൽ ധൎമ്മബോധം ജനിപ്പിക്കുന്നതാണ് മതത്തിന്റെ കൎത്തവ്യമെങ്കിൽ, വ്യക്തിയും മനുഷ്യരാശിയുംതമ്മിലുള്ള സാമൂഹ്യബന്ധത്തിൽ പരിശീലിക്കേണ്ട പരിപാടിക്രമങ്ങളും ആ ബന്ധം ഐക്യസുന്ദരമാക്കാനുള്ള കഴിവുകൾ വ്യക്തിയിലും സമുദായത്തിലും സൃഷ്ടിക്കായുള്ള പരിശ്രമങ്ങളുമാണ് വിദ്യാഭ്യാസത്തിന്റെ പരമലക്ഷ്യം. ഈ രണ്ടു ലക്ഷ്യങ്ങളും ”മനുഷ്യനെ സംസ്കരിക്കുക”എന്ന ചെറുവാക്യത്തിൽ ഉള്ളടക്കംചെയ്യാം. അപ്പോൾ മതത്തിനു വിദ്യാഭ്യാസത്തിൽനിന്നോ മതത്തിൽനിന്നോ മാറിനില്ക്കാൻ സാധിക്കുകയില്ല.

ഇന്നു വിദ്യാഭ്യാസത്തിന്റെപേരിൽവിലപ്പോകുന്നതു അതിന്റെ ആഭാസമല്ലാതെ യഥാൎത്ഥസത്തയല്ലെന്നും, വൎഗ്ഗംതിരിഞ്ഞും, വകതിരിഞ്ഞും, ചേരിതിരിഞ്ഞും നരവൎഗ്ഗംനില്ക്കുന്ന നിൽപുമാത്രംമതി തെളിയിക്കാൻ. ആദ്ധ്യാത്മികാശയങ്ങൾക്കും ആചാൎയ്യവചനങ്ങൾക്കും അതോടൊന്നിച്ച് സമാന്തരനിലയിൽ ശാസ്ത്രജ്ഞാനത്തിനും സാങ്കേതികപരിശീലനത്തിനും നമ്മുടെ വിദ്യാലയങ്ങളിൽ സ്വതന്ത്രവുംസുന്ദരവുമായ സ്ഥാനം നൽകേണ്ടതു പൈശാചികത്വത്തിലേയ്ക്കു പാഞ്ഞുപോകുന്ന—മനുഷ്യസമുദായത്തെ സംസ്കരിക്കാനും സമുദ്ധരിക്കാനും ആശിക്കയും ആരംഭിക്കയുംചെയ്യുന്ന ആരുടേയും കൎത്തവ്യം മാത്രമാണ്. ഇന്നു കാണുന്ന അടക്കമില്ലായ്മയും അടിയുറപ്പില്ലായ്മയും ഒരു വിദ്യാൎത്ഥിയെ ക്ലാസിനു വെളിയിലാക്കിയാൽ സത്യാഗ്രഹംപോലും ആരംഭിച്ചു അധികൃതരെ അവഹേളിക്കാമെന്നു അഹങ്കരിക്കുന്നവിദ്യാലയങ്ങളിലെ അവിനയഭാവവും അസ്തമിക്കാൻ ആത്മീയാശങ്ങളെശരണം പ്രാപിക്കണം.

—o—

* വിദ്യാഭ്യാസഡയറക്ടർ എ. എൻ. തമ്പിഅവർകളുടെ അദ്ധ്യക്ഷതയിൽ നടന്ന ശിവഗിരിസ്കൂൾ വാൎഷികയോഗത്തിൽ ചെയ്ത പ്രസംഗം.

# പരാഗം ആസ്വാദനം

—:0:—

ശ്രീമാൻ അയിരൂർ സി. മാധവൻപിള്ള അവർകൾക്ക്,

നിങ്ങളുടെ 'പരാഗം' കയ്യിലെത്തിയിട്ടു കുറേമാസങ്ങളായി എങ്കിലും, ഇപ്പോൾമാത്രമാണ് അതു സശ്രദ്ധം വായിക്കുവാൻ അവസരം കിട്ടിയതു്, ഉപേക്ഷകൊണ്ടല്ല, കാൎയ്യാന്തരവ്യഗ്രതകൊണ്ടു മാത്രമാണ് ഈ താമസമുണ്ടായതു് എന്നു കൂടെ പറഞ്ഞുകൊള്ളട്ടെ. പുസ്തകം കയ്യിൽവന്നയുടനെ ആദ്യവസാനം വായിച്ചുനോക്കാതിരുന്നില്ല. അതിന്റെ സാഹിത്യഗുണവും ഭംഗിയും കണ്ടു സമയംപോലെ വായിച്ചു ആസ്വദിച്ചശേഷം മറുപടി അയയ്ക്കാമെന്നുവെച്ച് ഇതുവരെ താമസിച്ചതാണ്.

സാമുദായികമായ കാൎയ്യങ്ങളെ പ്രതിപാദിക്കുന്ന കവിത മലയാളത്തിൽ വളരെ അപൂൎവ്വമായേ കണ്ടിട്ടുള്ളു. പി. ജീ. രാമയ്യരുടെ 'അനന്തരവന്റെ ആവലാതി' മുതലായ ഖണ്ഡകൃതികൾ ഈ വിഷയത്തെ സ്പൎശിച്ചായിരുന്നുവെങ്കിലും അവ ലഘുകൃതികളായി മാത്രമേ അവയുടെ കൎത്താക്കൾപോലും കരുതിയിരുന്നുള്ളു. 'പരാഗ'മാകട്ടെ നായർസമുദായത്തിന്റെ ആകപ്പാടെയുള്ള സ്ഥിതിയേയും, അതിലുണ്ടായിക്കൊണ്ടിരിക്കുന്ന മാററങ്ങളേയും ഒരു ചിന്തകന്റെനിലയിൽ പരിശോധിക്കുന്നതിനും, കവിയുടെ ഭാവനാശക്തികൊണ്ടു ചിത്രരൂപമായി പ്രതിഫലിപ്പിക്കുന്നതിന്നുമാണു ഉദ്യമിച്ചിട്ടുള്ളതു്. ആ സ്ഥിതിക്കു് സാഹിത്യമൎമ്മജ്ഞനായ രാജശ്രീ മള്ളൂർ ഗോവിന്ദപ്പിള്ളയവർകൾ അവതാരികയിൽ അഭിപ്രായപ്പെട്ടിട്ടുള്ളതുപോലെ “പരാഗം” മലയാളത്തിലെ പ്രഥമസമുദായകാവ്യമാണെന്നു നിസ്സങ്കം പറയാവുന്നതാണ്.

പരാഗത്തിന്റെ സാഹിത്യഗുണത്തെപ്പററി ഞാൻ എന്തുപറയാനാണ്. ശബ്ദഭംഗികൊണ്ടും ആശയഗുണംകൊണ്ടും കവിത ഒന്നാംതരമായിട്ടുണ്ടെന്നു എനിക്കു തോന്നുന്നു. സാരസ്യം തുളുമ്പുന്ന ശ്ലോകങ്ങൾ എത്രയാണ് ഈ ചെറിയ പുസ്തകത്തിലുള്ളതു്. “അന്യൂനലക്ഷ്യമാം, പുസ്തകത്തിനു വശങ്ങൾ ചേൎത്തിടുന്ന” മുത്തശ്ശിമാരും 'മയ്യെഴുത്തു കടലാസിൽമാത്ര'മായ പുതിയ കസേരകന്യകകളും, “ഒരു വെറും ബിരുദാങ്കിതന്റെ പൂമാലയും പുടവയു”മായിപ്പലരേണ്ടിവന്ന നായികയും, 'നിജപുത്രിമാരേ, ഹാ കോടിമുണ്ടിനു പിടിച്ചുകൊടുത്തിടുന്ന' സമുദായമൎയ്യാദയും ഇതു വായിക്കുന്ന ഏതൊരാളിന്റെ ഹൃദയത്തിൽനിന്നാണു മാഞ്ഞുപോകുന്നതു്. എന്നുമാത്രമല്ല ഈ ഗ്രന്ഥത്തിൽനിന്നു പഠിക്കേണ്ടുന്ന

മതമോ സമുദായമോ, പരം
നിയമത്തിന്റെ നിയന്ത്രണതത്വമോ,
മനുജന്റെ പുരോഗതക്കു വൻ-
തടവേകുന്നവയായ് ഭവിക്കുകിൽ;
ഒരു മൎത്ത്യനു ജന്മസിദ്ധമാം
അവകാശങ്ങളിലൊന്നിനെങ്കിലും
കുറവോ ബത താഴ്ചയോ പരം
തടവോ നൽകുവതായ് ഭവിക്കുകിൽ
വിഗണിക്കു വെറുക്കു വീറൊടും
പ്രതിഷേധിക്കയതാണു ധീരത.

എന്നു മഹാതത്വം എത്ര ശക്തിയോടുകൂടിയാണു എഴുതീട്ടുള്ളതു്. ആ ഭാഗം വായിച്ചപ്പോൾ ഏ. ഈ. എന്ന പേരിൽ പുസ്തകങ്ങൾ പ്രസിദ്ധപ്പെടുത്തിയിരുന്ന മഹാകവി ജാൎജ്ജ് റസ്സൽ എഴുതിയ


No blazoned banner we unfold
one charge alone we give to youth
against sceptred Myth to hold
the golden heresy of Truth'

എന്ന പദ്യഖണ്ഡമാണു് എനിക്കു ഓൎമ്മവന്നതു്. ഇത്ര മനോഹരമായ ഒരു കാവ്യമെഴുതിയ നിങ്ങളെ ഞാൻ ഹൃദയംഗമമായി അഭിനന്ദിക്കുന്നു.


കെ. എം. പണിക്കര.

—o—

## പുതിയ കൊച്ചി ദിവാൻ



## യുദ്ധവീരന്മാർക്കു സ്വീകരണം





ഇടതു്—ദിവാൻബഹദൂർ സി. പി. കരുണാകരമേനോൻ മാർച്ച് 15-ാംനു കൊച്ചി ദിവാൻജിയായി ചാർജെടുത്തിരിക്കുന്നു. വലതു്—യുദ്ധസേവനം കഴിഞ്ഞു തിരിച്ചെത്തിയ തിരുവിതാംകൂർ ഒന്നാംപട്ടാളത്തിനു ഗവൺമെന്റിൽനിന്നു തിരുവനന്തപുരം ഹജൂർക്കച്ചേരിയിൽവച്ചു നൽകിയ സ്വീകരണാവസരത്തിൽ എടുത്ത ഫോട്ടോ. താഴെ—ജലദോഷം എന്ന രോഗംമൂലം ബ്രിട്ടനു പ്രതിവർഷം നഷ്ടപ്പെടുന്നതു 40,000,000 തൊഴിൽദിവസങ്ങളാണ്. ഈ രോഗത്തിനു ശരിയായ ഔഷധം കണ്ടുപിടിക്കുന്നതിനു ശാസ്ത്രജ്ഞന്മാർ പര്യവേക്ഷണങ്ങളും നടത്തിവരികയാണ്. ഒരു "വാക്സീൻ" കണ്ടുപിടിക്കുന്നതിനാണു ശ്രമം. 10 ദിവസക്കാലത്തേയ്ക്കു 24 പേരെവീതം 2 വർഷക്കാലത്തേക്കു ഉപയോഗിച്ചാണു ഗവേഷണം നടത്തുന്നതു. ഇവർക്കു രോഗമുണ്ടാക്കി അതിനെപ്പറ്റി ഭിഷഗ്വരന്മാർ പഠനംനടത്തി പ്രത്യൗഷധം കണ്ടുപിടിക്കാമെന്നാശിക്കുന്നു. ഹാർവാർഡ് ആശുപത്രിയാണു ഗവേഷണശാല. ഒരു സ്ത്രീയുടെ നാസികയിൽക്കൂടി ജലദോഷമുണ്ടാക്കുന്നതിനുള്ള അണുക്കളെ കടത്തുന്നു.

# കേരളശാകുന്തളത്തെസ്സംബന്ധിച്ച കർത്തൃത്വവാദവും തെക്കൻപയററം

**പി. വി. കൃഷ്ണവാരിയർ കോട്ടക്കൽ**

"മലയാളരാജ്യ"ത്തിന്റെ ആഴ്ചപ്പതിപ്പിൽ ശ്രീ. കുട്ടികൃഷ്ണമാരാരുടെ "സാഹിത്യസല്ലാപം" എന്ന പുസ്തകം വിമർശിക്കുവാൻ പുറപ്പെട്ട സി. എം. പി. എന്ന മാന്യലേഖകൻ, പ്രസ്തുത പുസ്തകത്തിലെ പ്രഥമവിഷയമായ 'കേരളശാകുന്തള'ത്തിന്റെ കർത്തൃത്വത്തെക്കുറിച്ച് മാരാർ പറഞ്ഞിട്ടുള്ള ചില അഭിപ്രായങ്ങളെ ഖണ്ഡിച്ചു അതിന്റെ കർത്തൃത്വം ആററൂരിന്നാണെന്നു സ്ഥാപിക്കുവാനാണുദ്യമിച്ചിട്ടുള്ളതു്. ഈ കേസ്സിൽ സി. എം. പി. ഹാജരാക്കിയിട്ടുള്ള രേഖകളുടേയും സാക്ഷികളുടേയും തെളിവുകൾ പരിശോധിച്ചു "കാര്യമാത്രപ്രസക്തമായ ഒരു വിശദീകരണത്തിനു" എന്നാടാവശ്യപ്പെട്ടിരിക്കുന്നു. ഈ വിഷയത്തിൽ ഞാൻ ധരിച്ചിട്ടുള്ള പരമാർത്ഥം മാത്രമേ എനിക്കു പറയുവാനുള്ളു.

ശ്രീ. ഡി. പത്മനാഭനുണ്ണിയുടെ ഒരു കത്താണല്ലോ ഇവിടെ ഒന്നാംനമ്പർ രേഖ. അതു മുഴുവനു ഇപ്പോഴും ജീവിച്ചിരിക്കുന്ന ഈ ലേഖകൻ മരിച്ചുപോയതായി ഉണ്ണി പ്രസ്താവിച്ചതുപോലെ. തീരെ അയഥാർത്ഥവും അസംബന്ധവുമാണെന്നു പറയാതെ നിവൃത്തിയില്ല. നടുവം മഹൻ അദ്ദേഹത്തിന്റെ കൈവശമുള്ളതും അദ്ദേഹം ധരിച്ചിട്ടുള്ളതുമായ കുഞ്ഞിക്കുട്ടൻ തമ്പുരാൻ കൃതികൾ മുഴുവനും സമ്പാദിച്ചു് എനിക്കയച്ചുതരികയും, ഞാനതെല്ലാം പ്രസിദ്ധപ്പെടുത്തുകയും ചെയ്തിട്ടു കാലം കുറെ ആയി. അദ്ദേഹം തമ്പുരാന്റെ ശാകുന്തളം കണ്ടിട്ടുള്ള വിവരം എന്നെ അറിയിച്ചിട്ടില്ല. ഇന്നുവരെ ചാലക്കുടി സ്റ്റേഷനിൽ വണ്ടിയിറങ്ങുകയോ നടുവത്തില്ലം കാണുകയോ ചെയ്തിട്ടില്ലാത്ത ആളാണ് ഈ ലേഖകൻ. ഈ വക പലതും കൂട്ടിക്കെട്ടി എഴുതിയ ഉണ്ണിയുടെ രേഖതീരെ തള്ളുകതന്നെ വേണം.

ശ്രീ. എം. ഗോപാലമേനോൻ ആണ് പിന്നീടൊരു സാക്ഷി. മാന്യനായ അദ്ദേഹം അസത്യം പറയുമെന്ന് ഒരാളും വിചാരിക്കയില്ല. എന്നാലദ്ദേഹത്തെത്തന്നെ തെററിദ്ധരിപ്പിച്ചു എന്നു വന്നുകൂടെയോ? മരിച്ചുപോയ ഒരാളുടെ കൃതി പുറത്തുകാണിക്കാതെ കിടപ്പുള്ളതെടുത്തു്, തന്റേതാണെന്നു ഒരു മാന്യൻ പറഞ്ഞാൽ അതു് ആരാണ് വിശ്വസിക്കാത്തതു്? അന്തരിച്ചുപോയ തമ്പുരാന്റെ അജ്ഞാതമായിരിക്കുന്ന ശാകുന്തളം പിഷാരോടി അപഹരിച്ചുവെന്നു ലേശമെങ്കിലും ഞാൻ വിവക്ഷിക്കുന്നതായി വായനക്കാർ ധരിച്ചുപോകരുതു്. സത്യം തെളിയിക്കുവാൻ ഇതിൽ ഈ സാക്ഷി ബലപ്പെടുകയില്ലെന്നു് സ്ഥാപിക്കുവാനാണ ഞാൻ ഇത്രയും പറഞ്ഞതു്. ആക്ഷേപകാർ പറയുന്നതുപോലെ ശാകുന്തളാപഹരണം നടന്നിട്ടുണ്ടെങ്കിൽ ആ സംഭവസ്ഥലം സാക്ഷി ഇരിക്കുന്ന ദിക്കിൽനിന്നും വളരെ അകലെയാണ്. കാലവും വ്യത്യസ്തം. ഈ നിലയിൽ പണ്ഡിതനും മാന്യനുമായ ഒരാൾ പറഞ്ഞതിനെ മറെറാരു മാന്യൻ വിശ്വസിക്കാതിരിക്കുവാനിടയില്ല. മററുള്ള തെളിവുകൾ അനുകൂലമാണെങ്കിൽ ഇതും അനുകൂലിക്കുമെന്നേ പറയുവാൻ നിവൃത്തിയുള്ളു.

ഇനി നമുക്ക് ആററൂരുതന്നെയാണ് മുഖ്യമായ ഒരു അവലംബം. അദ്ദേഹത്തിന്റെ കത്തിൽ പറഞ്ഞിട്ടുള്ള സംഗതികളിൽ "കുഞ്ഞിക്കുട്ടൻ തമ്പുരാൻ ശാകുന്തളം തർജ്ജിമചെയ്തിട്ടുതന്നെയില്ല." എന്നുള്ളതൊഴിച്ചു മറെറല്ലാം പ്രത്യക്ഷരം പരമാർത്ഥമാണ്. തമ്പുരാൻ ശാകുന്തളം തർജ്ജിമചെയ്തിട്ടുണ്ടെന്നു് എന്നോടു പറഞ്ഞിട്ടുണ്ട്. കൊച്ചുണ്ണിജ്യേഷ്ഠനും അതു തർജ്ജിമചെയ്തിട്ടുണ്ടെന്നു അന്നു പറഞ്ഞിട്ടുണ്ടെന്നാണ് എന്റെ ഓർമ്മ. എന്നാലെന്താണ് അവിടുന്നതു പുറത്തു കാണിക്കാത്തതെന്നു ഞാൻ ചോദിച്ചപ്പോൾ "കോയിത്തമ്പുരാന് അതു രസമാവില്ല" എന്നായിരുന്നു മറുപടി. മുമ്പുതന്നെ ഞാൻ ശേഖരിച്ചുവെച്ചിട്ടുള്ള കവിതകൾക്കു പുറമെ തമ്പുരാൻ ൧൦൮൯ മകരം ൧൦-ാംതീയതി ദിവംഗതനായശേഷം അഞ്ചാറുകൊല്ലംകൊണ്ടു് അവിടുത്തെ അനേകം കത്തുകളും മററു പല കയ്യെഴുത്തുപുസ്തകങ്ങളും അന്വേഷിച്ചു സമ്പാദിച്ചിട്ടുണ്ട്. അതിൽപിന്നീടാണ് അവിടുത്തെ കൃതികൾ ഓരോന്നായി പ്രസിദ്ധപ്പെടുത്തിത്തുടങ്ങിയതു്. ൧൧൦൦ കർക്കടകം ൩൦-ാംതീയതി പ്രസിദ്ധപ്പെടുത്തിയ ഒന്നാംപുസ്തകത്തിൽ തന്നെ തമ്പുരാന്റെ ഒരു ജീവചരിത്രസംഗ്രഹംകൂടി ചേർക്കുകയും അതിൽ അവിടുത്തെ കൃതികളെന്തെല്ലാമാണെന്നു പ്രത്യേകം പ്രസ്താവിക്കുകയും ചെയ്തിട്ടുണ്ട്. കൂട്ടത്തിൽ ശാകുന്തളത്തിന്റെ തർജ്ജമ ഉൾപ്പെട്ടിട്ടുള്ളതായും കാണാം. മാത്രമല്ല, 'തർജ്ജമകളിൽ ശാകുന്തളംനാടകം എവിടെയാണെന്നു നിശ്ചയമില്ല.' എന്നുകൂടി ഞാനെഴുതീട്ടുണ്ട്. ഇതു രണ്ടു വ്യാഴവട്ടത്തിനു മുമ്പു കഴിഞ്ഞ കാര്യമായിരിക്കെ ഇന്നേവരെ ആരും തമ്പുരാൻ ഇങ്ങിനെ ഒന്നെഴുതീട്ടേ ഇല്ലെന്നു പ്രസ്താവിച്ചിട്ടില്ല. തമ്പുരാന്റെ ജീവചരിത്രം എഴുതുന്നതിന്നു് അത്യാവശ്യം ചില വിവ

(ശേഷം പതിനൊന്നാംപേജിൽ)

Printed and Published by N Chandrasekharan Nair at the Sree Rama Vilas Press Quilon.